

# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2024 ഒക്ടോബർ 01–15

Volume XVII Issue 17

അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക

TIMES OF AMERICA.ORG ONLINE BI-WEEKLY
www: timesofamerica.org
News Cordination: Joychan Puthukulam

Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

Managing Editor: **Mathew George**
Tel: 267-991-2111




## ആഗോള പ്രതിസന്ധികൾക്കിടയിൽ ലോകം ഒരു ഇൻഫ്ളക്ഷൻ പോയിന്റിൽ ആണെന്ന് ബൈഡന്റെ മുന്നറിയിപ്പ്

– പി പി ചെറിയാൻ



ന്യൂയോർക്ക്: ആഗോള പ്രതിസന്ധികൾക്കിടയിൽ ലോകം ഒരു ഇൻഫ്ളക്ഷൻ പോയിന്റിൽ ആണെന്ന് ബൈഡൻ മുന്നറിയിപ്പ് നൽകുന്നു. തന്റെ അവസാന യു.എൻ പ്രസംഗത്തിൽ, 'അധികാരത്തിൽ തുടരുന്നതിനേക്കാൾ ചില കാര്യങ്ങൾ പ്രധാനമാണ്, വീണ്ടും തിരഞ്ഞെടുപ്പിനുള്ള ശ്രമം ഉപേക്ഷിക്കാനുള്ള തന്റെ തീരുമാനം പ്രസിഡന്റ് ബൈഡൻ വെളിപ്പെടുത്തി.

റഷ്യയുടെ അധിനിവേശത്തിനെതിരെ ഉക്രെയ്നിന്റെ പ്രതിരോധവും അമേരിക്കയുടെ ആഗോള സഖ്യങ്ങൾ പുനസ്ഥാപിക്കുന്നതിനുള്ള തന്റെ പ്രവർത്തനവും ആഘോഷിക്കാൻ പ്രസിഡന്റ് ബൈഡൻ ചൊവ്വാഴ്ച ഐക്യരാഷ്ട്ര സഭയോടുള്ള തന്റെ അവസാന പ്രസംഗം ഉപയോഗിച്ചു.

യു.എൻ ജനറൽ അസംബ്ലിയിൽ 20 മിനിറ്റിലധികം ദൈർഘ്യമുള്ള ഒരു പ്രസംഗത്തിൽ, ബൈഡൻ വ്യക്തിപരമായ സ്പർശനങ്ങളും നയപരമായ ആവശ്യകതകളും ജനാധിപത്യത്തിന്റെ ആവേശകരമായ പ്രതിരോധവും സംയോജിപ്പിച്ചു. 1972ൽ 29–ാം വയസ്സിൽ സെനറ്റിലേക്കുള്ള തിരഞ്ഞെടുപ്പ് മുതൽ, വീണ്ടും തിരഞ്ഞെടുപ്പിനുള്ള തന്റെ ശ്രമം ഉപേക്ഷിക്കാനുള്ളബുദ്ധിമുട്ടുള്ള തീരുമാനം വരെ അദ്ദേഹം സ്വന്തം രാഷ്ട്രീയ ജീവിതത്തിന്റെ വഴിത്തിരിവായി.ഇത് മറ്റ് തലവന്മാർക്ക് ഒരു പാഠമായി അദ്ദേഹം രൂപപ്പെടുത്തി.

തന്റെ പ്രവർത്തന സമയം കുറവാണെന്ന് ബൈഡൻ സമ്മതിച്ചു. ഗുരുതരമായ ആഗോള പ്രതിസന്ധികളെ നേരിടാൻ തനിക്ക് ഏതാനും മാസങ്ങൾ മാത്രമേ ശേഷിക്കുന്നുള്ളൂ. ജനുവരിയിൽ ട്രംപ് വീണ്ടും അധികാരമേറ്റാൽ ആഗോള സഖ്യങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട് ഉപേക്ഷിക്കപ്പെടാനുള്ള ഒരു പ്രധാന അപകടമുണ്ട്. ശീതയുദ്ധത്തിന്റെ കനത്തിൽ 1972ലെ തന്റെ ആദ്യ സെനറ്റ് തെരഞ്ഞെടുപ്പിനെ കുറിച്ചും വിയറ്റ്നാമിൽ അമേരിക്ക ഇപ്പോഴും പോരാടിക്കൊണ്ടിരിക്കുന്ന സമയത്തും അദ്ദേഹം പറഞ്ഞു, രാഷ്ട്രം അന്നും ഇന്നത്തെ പോലെ ഒരു ഇൻഫ്ളക്ഷൻ പോയിന്റിൽ ആയിരുന്നു– പ്രസിഡന്റ് തുടർന്നു.

## യു.എന്നിൽ ഇന്ത്യക്ക് സ്ഥിരമായ സീറ്റ് അംഗീകരിച്ചിട്ടുണ്ടെന്ന് ആന്റണി ബ്ലിങ്കെൻ

ന്യൂയോർക്ക്: വികസ്വര ലോകത്തെ മികച്ച രീതിയിൽ പ്രതിനിധീകരിക്കുന്നതിന് യുഎൻ സുരക്ഷാ കൗൺസിലിനെ പരിഷ്കരിക്കുന്നു. കൂടുതൽ വിശാലമായി ആഫ്രിക്കയ്ക്ക് രണ്ട് സ്ഥിരം സീറ്റുകളും ചെറിയ ദ്വീപ് വികസ്വര രാജ്യങ്ങൾക്ക് ഒരു റൊട്ടേറ്റിംഗ് സീറ്റും ലാറ്റിൻ അമേരിക്കയ്ക്കും കരീബിയനും സ്ഥിരമായ പ്രാതിനിധ്യവും ഉൾപ്പെടുത്തണമെന്ന് യുണൈറ്റഡ് സ്റ്റേറ്റ്സ് വിശ്വസിക്കുന്നു. രാജ്യങ്ങൾക്കുള്ള സ്ഥിരമായ സീറ്റുകൾക്ക് പുറമേ, ജർമ്മനി, ജപ്പാൻ, ഇന്ത്യ എന്നിവയെ പണ്ടേ അംഗീകരിച്ചിട്ടുണ്ട്– യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കെൻ പറഞ്ഞു.

സെപ്തംബർ 23ന് 79–ാമത് യുഎൻ ജനറൽ അസംബ്ലിയിലെ ഭാവി ഉച്ചകോടിയിൽ സംസാരിക്കവേ, ആഫ്രിക്കയ്ക്ക് രണ്ട് സ്ഥിരം സീറ്റുകൾ, ചെറിയ ദ്വീപ് വികസ്വര രാജ്യങ്ങൾക്ക് ഒരു റൊട്ടേറ്റിംഗ് സീറ്റ്, ലാറ്റിനമേരിക്കയ്ക്കും കരീബിയൻ സ്ഥിര പ്രാതിനിധ്യം എന്നീ ആശയങ്ങൾ ബ്ലിങ്കെൻ മുന്നോട്ടു വച്ചു.

കൗൺസിൽ പരിഷ്കാരങ്ങൾ സംബന്ധിച്ച ചർച്ചകൾ ഉടൻ ആരംഭിക്കുന്നതിനെ അമേരിക്ക പിന്തുണയ്ക്കുന്നു– അദ്ദേഹം കൂട്ടിച്ചേർത്തു.

1945ൽ നിലവിലില്ലാതിരുന്ന, ലോകത്തെ നയിക്കുന്ന നിലവിലെ ഭൗമരാഷ്ട്രീയ സാഹചര്യത്തെ പ്രതിഫലിപ്പിക്കാൻ യുഎൻ സംവിധാനത്തെ പൊരുത്തപ്പെടുത്താനുള്ള യുഎസിന്റെ പ്രതിബദ്ധത ബ്ലിങ്കെൻ അറിയിച്ചു.

## കുടിയേറ്റ സംവിധാനം പരിഹരിക്കുമെന്ന് കമലാ ഹാരിസ്

വാഷിങ്ടൺ: അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ തകർന്നു കിടക്കുന്ന കുടിയേറ്റ സംവിധാനം പരിഹരിക്കുമെന്ന് ഡെമോക്രാറ്റിക്ക് പാർട്ടിയുടെ പ്രസിഡന്റ് സ്ഥാനാർഥി കമലാ ഹാരിസ്. സ്ഥാനാർഥിയായതിനുശേഷം തെക്കൻ അതിർത്തികളിൽ നടത്തിയ ആദ്യ സന്ദർശനത്തിനു പിന്നാലെയാണ് കമല ഇക്കാര്യം അറിയിച്ചത്.

നിങ്ങളുടെ പ്രസിഡന്റ് എന്ന നിലയിൽ, ഞാൻ നമ്മുടെ രാജ്യത്തിന്റെ പരമാധികാരം സംരക്ഷിക്കും, രാജ്യത്തിന്റെ അതിർത്തി സുരക്ഷിതമാക്കും, തകർച്ച ഭീഷണ നേരിടുന്ന കുടിയേറ്റ സംവിധാനം പരിഹരിക്കാൻ പ്രവർത്തിക്കും. ഇതിനായി റിപ്പബ്ലിക്കൻമാരുമായും, സ്വതന്ത്രരുമായും പ്രവർത്തിക്കും. കമല തന്റെ എക്സ് അക്കൗണ്ടിൽ കുറിച്ചു.

രാജ്യത്തിന്റെ അതിർത്തിയിലെ സുരക്ഷ അത്രമേൽ പ്രധാനപ്പെട്ടതാണെന്ന് എനിക്കറിയാം. ഞാൻ യുഎസ് മെക്സിക്കോ അതിർത്തി സന്ദർശിച്ചു. നമ്മുടെ അതിർത്തി സുരക്ഷിതമാക്കുന്നതിനും നമ്മുടെ രാജ്യത്തിലേക്കുള്ള അനധികൃത കുടിയേറ്റക്കാരുടെ വരവ് നിയന്ത്രിക്കുന്നതിലെ പുരോഗതിയും വിലയിരുത്തിയിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് കസ്റ്റംസ് ആൻഡ് ബോർഡർ പ്രൊട്ടക്ഷൻ ഉദ്യോഗസ്ഥരുമായി സംസാരിച്ചു. സന്ദർശനത്തിന്റെ ചിത്രങ്ങൾ പങ്കുവെച്ച് കമല പറഞ്ഞു.

## കമല ഹാരിസിന് വൻ ഭൂരിപക്ഷം പ്രവചിച്ച് സർവേകൾ

വാഷിങ്ടൻ : യുഎസ് പ്രസിഡൻറ് തിരഞ്ഞെടുപ്പിൽ വൈസ് പ്രസിഡൻറ് കമല ഹാരിസിന് വൻ ഭൂരിപക്ഷം പ്രവചിച്ച് റോയിട്ടേഴ്സ് ഇപ്സോസ് സർവേ. യുഎസ് മുൻ പ്രസിഡൻറ് ഡൊണൾഡ് ട്രംപിനെക്കാൾ 7 പോയിൻറ് ലീഡാണ് കമല സർവേകളിൽ നേടിയിരിക്കുന്നത്. കമല ഹാരിസിന് 47 ശതമാനവും ഡൊണൾഡ് ട്രംപിന് 40 ശതമാനവും പോയിന്റാണ് സർവേ പ്രവചിക്കുന്നത്. സെപ്റ്റംബർ 12 ന് അവസാനിച്ച റോയിട്ടേഴ്സ് ഇപ്സോസ് സർവേയിൽ ട്രംപിനു മേൽ നേടിയ 5 പോയിന്റ് ലീഡിനെ മറികടന്നാണ് കമല ലീഡ് ഉയർത്തിയത്.

സംവാദത്തിലെ പ്രകടനം പ്രശംസ നേടിയതിനു പിന്നാലെയാണ് കമല ഹാരിസ് ലീഡ് നിലയിൽ മുന്നേറ്റം നടത്തുന്നത്. സെപ്റ്റംബർ 3നും 5നും ഇടയിൽ എൻപിആർ, പിബിഎസ്, മാരിസ്റ്റ് സർവേയിൽ കമല ഹാരിസിന് 49 ശതമാനവും ട്രംപിന് 48 ശതമാനവുമായിരുന്നു പിന്തുണ.

ജോ ബൈഡൻ മത്സരരംഗത്തുണ്ടായിരുന്ന ജൂലൈ ആദ്യ ആഴ്ചയിലെ ന്യൂയോർക്ക് ടൈംസ് സിയെന സർവേയിൽ 8% പോയിന്റുകൾക്ക് ട്രംപ് ആയിരുന്നു മുന്നിൽ. കമലയുടെ രംഗപ്രവേശത്തോടെ പുതിയ സർവേകളിലെല്ലാം കമല ലീഡ് നിലനിർത്തുകയാണ്.

സാംസ്കാരികം

അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക

ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം

പി.ഡി.എഫ് ഫയലിനോടൊപ്പം

www.timesofamericanmalayali.com

പ്രതിമാസ സാംസ്കാരിക മാസിക

സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം

ഈ ലക്കത്തിൽ

മലയാളത്തിന്റെ അമ്മമനസ്സിനും വിട..



# ഡോ. ജവാദ് ഹസ്സന്റെ ആത്മകഥ ദി ആർട്ട് ഓഫ് ദി പോസിബിൾ സാം പിത്രോദ പ്രകാശനം ചെയ്തു

- ജോസ് കാടാപുറം



വെർജീനിയ: നിരവധി ഭൂഖണ്ഡങ്ങളിലായി വ്യാപിച്ചുകിടക്കുന്ന 25ലധികം കമ്പനികളുടെ ആഗോള കൂട്ടായ്മയായ നെസ്റ്റ് ഗ്രൂപ്പിന്റെ സ്ഥാപകനും ചെയർമാനുമാണ് ജവാദ് കെ. ഹസ്സൻ.

ഡോ. ഹസന്റെ ആത്മകഥയായ 'ദി ആർട്ട് ഓഫ് ദി പോസിബിൾ, 'കേരളത്തിലെ സാധാരണ ചുറ്റുപാടുകളിൽ നിന്ന് യു.എസിലെത്തി മികച്ച വിജയങ്ങൾ നേടിയ ഡോ. ജവാദ് ഹസ്സന്റെ 82 വർഷങ്ങളാണ് പുസ്തകത്തിന്റെ അടിസ്ഥാനം. കേവലം ഒരു വ്യവസായിയുടെ ആത്മകഥ മാത്രമല്ല സംരംഭകത്വ പാഠങ്ങളുടെ സഞ്ചയമാണ് ഈ പുസ്തകം. തോൽവികളിൽ പതറാതെ വിജയത്തിനുവേണ്ടി നിരന്തരം പരിശ്രമിച്ച ഡോ. ജവാദ് ഹസ്സന്റെ ജീവിതം പുതിയ തലമുറയിലെ സംരംഭകർക്കും വ്യവസായികൾക്കും വലിയ പാഠപുസ്തകമായിരിക്കും. അവരെയൊക്കെ പ്രചോദിപ്പിക്കാൻ കഴിയുന്ന ഒരു ജീവിതപുസ്തകമാണ് ഈ ആത്മകഥയെന്ന് പുസ്തക പ്രകാശനത്തിൽ സാം പിത്രോദ പറഞ്ഞു.

ഡോ. ജവാദ് ഹസ്സൻ, വിദൂര സംസ്കാരത്തിൽ നിന്ന് ഉയരങ്ങളിലേക്കുള്ള തന്റെ അസാധാരണമായ യാത്ര പങ്കിടുന്നു. ആഗോള ബിസിനസ് വിജയം. ഈ ശ്രദ്ധേയമായ ഓർമ്മക്കുറിപ്പ് ഒരു ജീവിതകഥയേക്കാൾ പ്രാധാന്യമുള്ളതാണ്. നവീകരണം, നേതൃത്വം, നിലവിലെ അവസ്ഥയെ വെല്ലുവിളിക്കൽ എന്നിവയിൽ പുതിയ തലമുറയ്ക്ക് ഒരു നിഘണ്ടു കൂടിയാണ്.

നെസ്റ്റ് ടെക്നോളജീസ് കോർപ്പറേഷൻ, നെസ്റ്റ് ഗ്രൂപ്പ് ഓഫ് കമ്പനികളുടെ ഒരു ഡിവിഷനാണ്. വെർജീനിയയിലെ സ്റ്റെർലിങ്ങിൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന നെസ്റ്റ് ഗ്രൂപ്പ്, സോഫ്റ്റ് വെയർ, ഇലക്ട്രോണിക്സ് നിർമ്മാണം, ആരോഗ്യ സംരക്ഷണം, ഫൈബർ ഒപ്റ്റിക്സ്, ഇന്റർനെറ്റ് ഓഫ് തിങ്സ് തുടങ്ങി വൈവിധ്യമാർന്ന വ്യവസായങ്ങളിൽ ആസ്തിയുള്ള ഒരു ആഗോള സാങ്കേതിക സ്ഥാപനമാണ്.

ആഗോളതലത്തിൽ, യുണൈറ്റഡ് സ്റ്റേറ്റ്സ്, യൂറോപ്പ്, മിഡിൽ ഈസ്റ്റ്, ഇന്ത്യ, ജപ്പാൻ, ഓസ്ട്രേലിയ എന്നിവിടങ്ങളിലെ ലൊക്കേഷനുകളിലൂടെ 4,000ത്തിലധികം ജീവനക്കാരെ ഉൾക്കൊള്ളുന്ന ഒരു ഇന്റർനാഷണൽ കമ്പനിയാണ് നെസ്റ്റ് ഗ്രൂപ്പ്.

ഇന്ത്യൻ വിദ്യാർത്ഥികൾക്കും കോർപ്പറേറ്റുകൾക്കും ഒരുപോലെ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകാനുള്ള തന്റെ പ്രതിബദ്ധതയുടെ ഭാഗമായി, ഡോ. ജവാദ് ഹസ്സൻ പ്രീമിയർ യുഎസ് സർവ്വകലാശാലകളെ ഇന്ത്യൻ തീരങ്ങളിലേക്ക് കൊണ്ടുവരാൻ പരിശ്രമിക്കുന്ന വ്യക്തികൂടിയാണ്. അതുവഴി ഇന്ത്യൻ കമ്പനികൾക്ക് ആഗോള വിദ്യാഭ്യാസ നിലവാരത്തിൽ നിന്ന് നേട്ടമുണ്ടാക്കാനാകും. പരമ്പരാഗത മാനദണ്ഡങ്ങളെ വെല്ലുവിളിക്കുന്നതിനും അതിരുകൾ ഭേദിക്കുന്നതിനുമുള്ള നിർഭയമായ പ്രതിബദ്ധത, സ്ഥിരതയുള്ള ഒരു യഥാർത്ഥ പുതുമക്കാരനിൽ നിന്ന് പഠിക്കുക മാത്രമല്ല സാങ്കേതിക മുന്നേറ്റങ്ങളിൽ മുൻപന്തിയിലായിരുന്നു ഹസ്സന്റെ ഉൾക്കാഴ്ച.

മുന്നോട്ടുള്ള ചിന്താഗതിയും സ്വാധീനവും എങ്ങനെ വളർത്തിയെടുക്കാമെന്ന് കാണിക്കുക, അസാധാരണമായ ഫലങ്ങൾ കൈവരിക്കുന്നതിനുള്ള നവീകരണം എന്നിവ ആത്മകഥാപരമായ പുസ്തകത്തിൽ ഉണ്ട്. ഡോ. ഹസ്സന്റെ കഥ ഒരേ സമയംപ്രചോദനവും വെല്ലുവിളിയുമാണ്. അവനവന്റെ വിജയങ്ങളെക്കുറിച്ചുള്ള സമതുലിതമായ വീക്ഷണം വാഗ്ദാനം ചെയ്യുന്നു.

വ്യവസായ മാനദണ്ഡങ്ങളെ അഭിമുഖീകരിക്കുമ്പോഴും ഒരു പുതിയ മാതൃക വാഗ്ദാനം ചെയ്യുന്നത് കൂടാതെ വെല്ലുവിളികളിലൂടെ വിജയം നേടുന്ന കഥ പറയുന്നു. ആഗ്രഹമുള്ള ബിസിനസ് സംരംഭകർക്ക് ലീഡർഷിപ്പിൽ എത്താനുള്ള ധീരമായ ആഹ്വാനം ഈ പുസ്തകത്തിൽ ഉണ്ട്. ആമസോണിൽ ലഭിക്കുന്ന ഈ പുസ്തകത്തിൽ നാല് പതിറ്റാണ്ടിലേറെ നീണ്ട ഒരു കരിയറിൽ, ഡോ. ജവാദ് ഹസ്സൻ നേടിയ സാമ്പത്തിക സ്ഥിരതയും പ്രൊഫഷണൽ വളർച്ചയും സാമൂഹിക അംഗീകാരവുമാണ് ഉള്ളടക്കം. ഭാവി തലമുറയിലെ സംരംഭകരുമായി ഈ സംതൃപ്തമായ യാത്രയുടെ അനുഭവങ്ങളും നേട്ടങ്ങളും പങ്കിടുക എന്നതാണ് ഡോ. ജവാദ് ഹസ്സന്റെ ആത്മകഥ ദി ആർട്ട് ഓഫ് ദി പോസിബിൾ എന്ന പുസ്തകത്തിന്റെ കാഴ്ചപ്പാട്.

# ഏഴു ആദ്യകാല മലയാളികൾക്ക് പയനിയർ ക്ലബ് അവാർഡ്




ന്യൂയോർക്ക്: ആദ്യകാല മലയാളികളുടെ സംഘടനയായ പയനീർ ക്ലബ് ഓഫ് കേരളൈറ്റ്സ് ഈവർഷം ഏഴ് ആദ്യകാല മലയാളികളെ ആദരിക്കുന്നു.

കേരള സെന്റർ സ്ഥാപകൻ ഇ.എം.സ്റ്റീഫൻ, വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷൻ ആദ്യകാല നേതാവ് കെ.ജെ.ഗ്രിഗറി, കവയിത്രി എൽസി യോഹന്നാൻ ശങ്കരത്തിൽ, ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് വൈസ് ചെയറും എഴുത്തുകാരനുമായ ജോർജ് എബ്രഹാം, അവിഭക്ത ഫൊക്കാന മുൻ പ്രസിഡന്റും, ഗുരുകുലത്തിലെ സാരഥിയും ജനനി മാസിക പത്രാധിപരുമായ ജെ.മാത്യൂസ്, ടി.വി.വർഗീസ്, മാത്യു തോയലിൽ എന്നിവരാണ് ഈ വർഷം ആദരവിനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്.

ഇത്തവണത്തെ ആനുവൽ റെക്കഗ്നിഷൻ ഡേ ഒക്ടോബർ 5ന് കേരള സെന്ററിൽ നടക്കുമെന്ന് പ്രസിഡന്റ് ജോണി സക്കറിയ അറിയിച്ചു. ഡോ.ജോൺ ബെഞ്ചമിൻ എംഡിയാണ് മുഖ്യാതിഥിയും പ്രധാന പ്രഭാഷകനും.

# സീറോ മലബാർ നാഷണൽ ഫാമിലി കോൺഫറൻസിന്റെ രണ്ടാം ദിനത്തിലെ സെമിനാറുകൾ ശ്രദ്ധേയമായി




- ജോസ് മാളേയ്ക്കൽ

ഫിലാഡൽഫിയ: പ്രാർത്ഥനാപൂർവ്വമായ ആഘോഷപരിപാടികളോടെ വെള്ളിയാഴ്ച ഫിലാഡൽഫിയയിൽ സമാരംഭിച്ച സീറോ മലബാർ കുടുംബകൂട്ടായ്മയുടെ സംഭവബഹുലമായ രണ്ടാം ദിവസം വിവിധ പരിപാടികളോടെ കടന്നു പോയി. 3 വൈദിക മേലദ്ധ്യക്ഷന്മാരും, 4 വൈദികരും കൂടി അർപ്പിച്ച ദിവ്യബലിയെതുടർന്ന് വിവിധ വിഷയങ്ങളെ അധികരിച്ചുള്ള ചർച്ചാസമ്മേളനങ്ങളും, സെമിനാറുകളും, ബിസിനസ് മീറ്റും നടന്നു.

ഉച്ചക്കുശേഷം വിവിധ സീറോമലബാർ ദേവാലയ ഗായകസംഘങ്ങൾ അവതരിപ്പിച്ച കയർഫെസ്റ്റ്, കാണികളുടെ നിരന്തര കയ്യടി കരസ്ഥമാക്കിയ ഫൺ റാമ്പ് വാക്ക്, കുട്ടികളുടെ പ്രെയർ ഡാൻസ്, സീറോമലബാർ പയനിയേഴ്സിന്റെ മുതിർന്ന മക്കളുടെ ഡാൻസ്, മാതാ ഡാൻസ് അക്കാഡമി കുട്ടികളുടെ സംഘനൃത്തം, നസ്രാണിതനിമയിലുള്ള ഘോഷയാത്ര എന്നിവ കാണികളുടെ മനം കവരുന്നതായിരുന്നു.

അന്നേദിവസം വൈകിട്ട് ബാങ്ക്വറ്റ് സമയത്തു നടന്ന സായാഹ്നസംഗീതം അവിസ്മരണീയമായിരുന്നു. പാടും പാതിരി റവ.ഡോ.പോൾ പൂവത്തിങ്കൽ സി.എം.ഐ, ഗായകരായ ബ്രിസ്റ്റോ സേവ്യർ, സുഷമ പ്രവീൺ എന്നിവർ നയിച്ച സംഗീതവിരുന്ന് രുചികരമായ ഭക്ഷണത്തിനൊപ്പം എല്ലാവരും ആസ്വദിച്ചു.

ഞായറാഴ്ച്ച ഒമ്പതരക്കു ആഘോഷമായ ദിവ്യബലി. ചിക്കാഗോ രൂപതാ മെത്രാന്മാരും, വൈദികരും കാർമ്മികരാവുന്ന ദിവ്യബലി മധ്യേ വിവാഹജീവിതത്തിന്റെ 25, 50 വർഷങ്ങൾ പിന്നിടുന്ന ജൂബിലി ദമ്പതിമാരെ ആശീർവദിച്ചനുഗ്രഹിക്കും. ബിസിനസ് മീറ്റിനുശേഷം മൂന്നുദിവസത്തെ സമ്മേളനത്തിനു കർട്ടൻ വീഴും.

ചിക്കാഗൊ സെന്റ് തോമസ് സീറോ മലബാർ രൂപതയിലെ അത്മായസംഘടനയായ സീറോമലബാർ കത്തോലിക്കാ കോൺഗ്രസിന്റെ (എസ്.എം. സി.സി.) രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് നടക്കുന്ന സീറോ മലബാർ കുടുംബസംഗമത്തിനു സെപ്റ്റംബർ 27 വെള്ളിയാഴ്ച തിരശീല ഉയർന്നിരുന്നു.

# ഡാളസ് കേരള അസോസിയേഷൻ വളണ്ടിയർമാരെ ആദരിച്ചു

- പി പി ചെറിയാൻ

ഗാർലാൻഡ്: ഡാളസ് കേരള അസോസിയേഷന്റെ നാളിതുവരെയുള്ള ചരിത്രത്തിൽ അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും ശക്തരായ വടംവലി ടീമുകളെ ഉൾപ്പെടുത്തി നടത്തിയ ആവേശകരമായ വടംവലി മത്സരത്തിലും അതോടൊപ്പം തന്നെ ചരിത്രത്തിലാദ്യമായി രണ്ടായിരത്തിലധികം ആളുകൾക്ക് ഓണാഘോഷ പരിപാടികളുടെ ഭാഗമായി കേരളതനിമയിൽ തികച്ചും സൗജന്യമായി ഇലയിട്ട് ഓണസദ്യ ഒരുക്കുന്നതിനും കഠിനാദ്ധ്വാനം ചെയ്ത ദശക്കണക്കിന് വളണ്ടിയർമാർക്ക് അവർ അർഹിക്കുന്ന ആദരവ് നൽകി.

ഡാലസ് കേരള അസോസിയേഷൻ ഓഫീസിൽ സംഘടിപ്പിച്ച അഭിനന്ദന യോഗത്തിൽ പ്രസിഡണ്ട് പ്രദീപ് നാഗനൂലിൽ അധ്യക്ഷത വഹിച്ചു. പരിപാടികളുടെ വിജയത്തിനുവേണ്ടി വിവിധ തലങ്ങളിൽ പ്രവർത്തിച്ച എല്ലാവർക്കും പ്രസിഡന്റ് നന്ദി പറഞ്ഞു. തുടർന്നു വിവിധ ഗായകർ അതി മനോഹരമായ ഗാനങ്ങൾ ആലപിച്ചു. യോഗത്തിൽ വിനോദ് ജോർജ് സ്വാഗതവും സെക്രട്ടറി മൻജിത് കൈനിക്കര നന്ദിയും പറഞ്ഞു.

## റോക്ക് ലാൻഡിൽ ഫുഡ് ഫെസ്റ്റിവൽ 12ന്. വ്യത്യസ്ത രുചികൾ ആസ്വദിക്കാം



ന്യൂ യോർക്ക്: ഇതാദ്യമായി മലയാളികളുടെ നേതൃത്വത്തിൽ റോക്ക് ലാൻഡിൽ ഫുഡ് ഫെസ്റ്റിവൽ നടത്തുന്നു. ഒക്ടോബർ 12 നു രാവിലെ 11 മുതൽ വൈകിട്ട് 6 വരെയാണ് ഫെസ്റ്റ്. വിശാലമായ ഗെർമൻഡ്സ് പാർക്കിലാണ് വേദി (വെസ്റ്റ് നയാക്ക്)

വ്യത്യസ്തമായ വിഭവങ്ങളുമായി പങ്കെടുക്കാമെന്ന് ഒട്ടേറെ ഹോട്ടലുകൾ സമ്മതിച്ചിട്ടുള്ളതായി സംഘാടകർ പറയുന്നു. അതിനാൽ വ്യത്യസ്ഥമായ രുചികൾ അനുഭവിക്കാനും മലയാളികൾക്ക് ഒത്തുകൂടാനുമുള്ള ഒരു വേദി ആയിരിക്കും ഇത്. ഓണം പടി ഇറങ്ങിയെങ്കിലും ഓണത്തിന്റെ മധുരമുള്ള അനുഭവങ്ങൾ ഇവിടെയും ആവർത്തിക്കും.

കൂടുതൽ വിവരങ്ങൾക്ക്: 845 405 6329; 845 271 0802

## ഗ്രേറ്റർ ഹൂസ്റ്റൺ നായർ സർവീസ് സൊസൈറ്റി ഓണം ആഘോഷിച്ചു

– ശങ്കരൻകുട്ടി



ഹൂസ്റ്റൺ : 2024ലെ ഓണം ആഘോഷമാക്കി മാറ്റി ഗ്രേറ്റർ ഹൂസ്റ്റൺ നായർ സർവീസ് സൊസൈറ്റി. 2024 സെപ്റ്റംബർ 21ന് സ്റ്റാഫോർഡിൽ വിവിധ കലാപരിപാടികൾ ശ്രദ്ധ പമിടിച്ചുപറ്റി.

മനോഹരമായ അത്തപ്പൂക്കളം പരിപാടിയിൽ പങ്കെടുത്തവരുടെ കണ്ണിനും കരളിനും കുളിർമയേകി. നിറഞ്ഞ സദസിനു മുമ്പിൽ ഏഴു തിരിയിട്ട വിളക്കിൽ ഭദ്രദീപം തെളിയിച്ച് പ്രസിഡന്റ് ഇന്ദ്രജിത് നായർ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി നിഷ നായർ, ട്രഷറർ വിനീത സുനിൽ, ബോർഡ് മെമ്പർമാരായ ഉണ്ണികൃഷ്ണൻ പിള്ള, അന്വേഷ്, സുനിത ഹരി, വിനോദ് മേനോൻ, കൃഷ്ണകുമാർ, വേണുഗോപാൽ, രതീഷ് നായർ, രശ്മി നായർ എന്നിവർ വേദിയിൽ സന്നിഹിതരായിരിന്നു.

തുടർന്ന് കലാശ്രീ ഡോക്ടർ സുനന്ദ നായർ നേതൃത്വം കൊടുത്ത കലാപരിപാടികളിൽ കൊച്ചു കുട്ടികൾ മുതൽ മുതിർന്നവർ വരെ പങ്കെടുത്തു. കഥാപ്രസംഗം മുതൽ കളരിപ്പയറ്റു വരെ അണിനിരന്ന വിവിധ കലാപരിപാടികൾ വേദിയിൽ അരങ്ങേറി. സുവനീറിന്റെ പ്രകാശനം കെ.എച്.എസ്. പ്രസിഡന്റ് സുനിൽ നായർ നിർവഹിച്ചു. വിഭവ സമൃദ്ധമായ സദ്യയും ആഘോഷങ്ങൾക്ക് മറ്റു കൂട്ടി.

## സാഹിത്യവേദി ഒക്ടോബർ 4ന്. ഇടശ്ശേരിക്കവിതകളിലെ ദ്വന്ദ്വശിൽപ്പങ്ങൾ ചർച്ചാവിഷയം

ചിക്കാഗോ: സാഹിത്യവേദിയുടെ ഒക്ടോബർ സമ്മേളനം 4 വെള്ളിയാഴ്ച ചിക്കാഗോ സമയം വൈകുന്നേരം 7.30നു സൂം വെബ് കോൺഫറൻസ് വഴിയായി കൂടുന്നതാണ്.

ഇടശ്ശേരിക്കവിതകളിലെ ദ്വന്ദ്വശിൽപ്പങ്ങൾ എന്ന വിഷയത്തിൽ മഹാകവി ഇടശ്ശേരിയുടെ മകനും വിഖ്യാത പരിഭാഷകനുമായ അശോകകുമാർ ഇടശ്ശേരി പ്രബന്ധം അവതരിപ്പിക്കും. കോഴിക്കോട് റീജിയണൽ എഞ്ചിനീയറിംഗ് കോളേജിൽ നിന്നും എൻജിനീയറിങ്ങിൽ ബിരുദമെടുത്ത് ഇന്ത്യ, ദുബായ്, ബഹ്റിൻ എന്നിവിടങ്ങളിൽ ജോലി ചെയ്തതിന് ശേഷം തൃശ്ശൂരിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു. മഹാകവിയുടെ മിക്ക ലേഖനങ്ങളും ഏതാനും ചെറുകഥകളും കവിതകളും ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇ ഹരികുമാർ, കുട്ടിക്കൃഷ്ണ മാരാർ, എസ്.വി .വേണുഗോപൻ നായർ തുടങ്ങിയവരുടെ നിരവധി ലേഖനങ്ങളും ചെറുകഥകളും ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. കേരള സാഹിത്യ അക്കാഡമിയുടെ മലയാളം ലിറ്ററി സർവ്വേ, കേന്ദ്ര സാഹിത്യ അക്കാഡമിയുടെ 'ഇന്ത്യൻ ലിറ്ററേറ്റർ' എന്നീ പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹത്തിന്റെ പരിഭാഷകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. www.edasseri.org എന്ന വെബ് സൈറ്റിൽ മിക്ക പരിഭാഷകളും ലഭ്യമാണ്.

സെപ്റ്റംബർ മാസ സാഹിത്യവേദിയിൽ പ്രൊഫ. ഫിലിപ്പ് കല്ലട കവിത അവതരിപ്പിച്ചുകൊണ്ട് 'പ്രാർത്ഥനയുടെ പ്രത്യേകതകൾ' എന്ന വിഷയം അവതരിപ്പിച്ചു. എല്ലാ സാഹിത്യ സ്നേഹികളേയും ഒക്ടോബർ മാസ സാഹിത്യവേദിയിലേക്കു സഹർഷം സ്വാഗതം ചെയ്യുന്നു.

(Zoom Meeting Link https://us02web.zoom.us/j/81475259178 Passcode: 2990 Meeting ID: 814 7525 9178)

## യോങ്കേഴ്സ് മലയാളി അസോസിയേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഓണാഘോഷം



ന്യൂയോർക്ക്: യോങ്കേഴ്സ് മലയാളി അസോസിയേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഓണാഘോഷവും ആറന്മുള സദ്യയും ശ്രദ്ധേയമായി. കേരള തനിമയിൽ സംഘടിപ്പിച്ച പരിപാടിയിൽ നിരവധി ആളുകളാണ് പങ്കെടുത്തത്. ചെണ്ടമേളം, മാവേലിയുടെ എഴുന്നെള്ളത്, കലാപരിപാടികൾ തുടങ്ങിയവ അരങ്ങേറി.

ഓണാഘോഷങ്ങൾ സംഘടനകളിൽ ആഘോഷമാക്കുമ്പോഴാണ് യഥാർത്ഥ കൂട്ടായ്മ ഉണ്ടാകുന്നതെന്ന് യോങ്കേഴ്സ് പ്രസിഡന്റ് പ്രസിഡന്റ് പ്രദീപ് നായർ പറഞ്ഞു. എല്ലാ വിഭാഗം ജനങ്ങളുടെയും ആഘോഷമാണിത്. കൂട്ടായ്മയിലൂടെ ഓണം ഒത്തൊരുമയുടെ സന്ദേശമാണ് പകരുന്നതെന്നും അദ്ദേഹം പറഞ്ഞു.

യോങ്കേഴ്സ് മേയർ മൈക് സ്പാനോ, ന്യൂയോർക്ക് സെനറ്റർ കെവിൻ തോമസ്, ന്യൂയോർക്ക് സ്റ്റേറ്റ് സെനറ്റർ ഷെല്ലി മേയർ, ജോൺ ഐസക്, ഫോമാ ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, മുൻ പ്രസിഡന്റ് ഡോ. ജേക്കബ് തോമസ്, അഡ്വൈസറി ബോർഡ് ചെയർ ഷിനു ജോസഫ്, തോമസ് കോശി ഫോമാ ക്യാപിറ്റൽ റീജിയനിൽ നിന്ന് ഡോ. മധു നമ്പ്യാർ തുടങ്ങി അമേരിക്കയിലെ പ്രമുഖർ പങ്കെടുത്തു.

ആറന്മുള സദ്യയായിരുന്നു മുഖ്യ ശ്രദ്ധാകേന്ദ്രം. തൂശനിലയിൽ ഇരുപത്തഞ്ചോളം വിഭവങ്ങളാണ് അണിനിരന്നത്. പൂനെല്ലരി ചോറ്, തോരൻ, ചെറുപയർ പരിപ്പ്, ഇഞ്ചി കറി, പർപ്പിടകം (വലുത്, ചെറുത്), മാങ്ങ അച്ചാർ, നെയ്യ്, നാരങ്ങ അച്ചാർ, ആറന്മുള വറുത്ത എരിശ്ശേരി, സാമ്പാർ, അവിയൽ, വഴുതനങ്ങ മെഴുക്കുപുരട്ടി, പുളിശ്ശേരി, ഏത്തക്ക ഉപ്പേരി, രസം, ശർക്കര പുരട്ടി, പച്ചമോര്, അടപ്രഥമൻ, പാൽപ്പായസം, മധുര പച്ചടി, പഴം, കൊണ്ടാട്ടം, ബീറ്റ് റൂട്ട് കിച്ചടി തുടങ്ങിയ വിഭവങ്ങളാണ് ഇലയിൽ വിളമ്പിയത്.

പരിപാടിയിൽ അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നും യു.കെ അടക്കമുള്ള സമീപ രാജ്യങ്ങളിൽ നിന്നുമുള്ള മലയാളികളുടെ സാന്നിധ്യം ശ്രദ്ധേയമായി.

ഷീജാ നിശാന്ത് കലാസന്ധ്യക്ക് നേതൃത്വം നൽകി. ബിന്ദ്യ ശബരിയുടെ നേതൃത്വത്തിൽ തിരുവാതിര അരങ്ങേറി. മയൂര സ്കൂൾ ഓഫ് ആർട്സ്, നാട്യമുദ്ര സ്കൂൾ ഓഫ് ആർട്സ്, സാത്വിക ഡാൻസ് അക്കാദമി എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ നൃത്തനൃത്ത്യങ്ങൾക്ക് അവതരിപ്പിച്ചു. ഭുവന ആനന്ദ് (ചിക്കാഗോ), കാർത്തിക് കൃഷ്ണ (ബോസ്റ്റൺ) എന്നിവരുടെ നേതൃത്വത്തിൽ സംഗീത വിരുന്നും വേദി കീഴടക്കി.

## ഹൂസ്റ്റൺ ക്നാനായ ഫൊറോനായിൽ സീനിയേഴ്സ് ഡേ കെയർ



– ബിബി തെക്കനാട്ട്

ഹൂസ്റ്റൺ: സെൻറ് മേരീസ് ക്നാനായ കത്തോലിക്ക ദൈവാലയത്തിൽ സീനിയേഴ്സ് ഡേ കെയർ ആരംഭിച്ചു. 2024 സെപ്റ്റംബർ 18നു രാവിലെയുള്ള വിശുദ്ധ കുർബാനയെ തുടർന്നു നടന്ന പ്രാർത്ഥനാനിർഭരമായ ചടങ്ങിൽ വികാരി ഫാ. ഏബ്രഹാം മുത്തോലത്ത് ഇടവകയുടെ ഈ നൂതന സംരംഭം ഉദ്ഘാടനം നിർവ്വഹിച്ചു.

പ്രതീക്ഷാനിർഭരമായ ജീവിതമാണ് ദൈവം നമ്മളിൽ നിന്നും ആഗ്രഹിക്കുന്നത് എന്നും ഭാവി തലമുറയുടെ നന്മ നിറഞ്ഞ ജീവിതത്തിനായി പ്രാർത്ഥിക്കുകയും കഴിയും വിധം പ്രവർത്തിക്കുകയും ചെയ്യണമെന്ന് ഫാ. മുത്തോലത്ത് തന്റെ ഉദ്ഘാടന സന്ദേശത്തിൽ പറഞ്ഞു. ക്നാനായ റീജിയനിൽ ഇദംപ്രദമായി തുടങ്ങിയ സീനിയേഴ്സ് ഡേ കെയർ വലിയൊരു തുടക്കമാകട്ടെ എന്നും ഫാ.മുത്തോലത്ത് അഭിപ്രായപ്പെട്ടു.

പ്രായമായവരുടെ പ്രോത്സാഹനം ഒരു സമൂഹത്തിന്റെ വളർച്ചക്ക് വളരെയേറെ പ്രയോജനം നൽകുമെന്ന് അസി.വികാരി ഫാ. ജോഷി വലിയവീട്ടിൽ പറഞ്ഞു.

ആഴ്ചയിലെ എല്ലാ ബുധനാഴ്ചയും ദൈവാലയ ഹാളിൽ 60 വയസിനു മേൽ പ്രായമുള്ളവർ ഒരുമിച്ചു കൂടി വിവിധ പരിപാടികളിൽ സന്തോഷത്തോടെ സമയം ചെലവഴിക്കുന്നു. പങ്കെടുക്കുന്ന എല്ലാവരും ചേർന്നുള്ള വിവിധയിനം കളികളും, പാട്ടുകളും, തമാശകളും, പൊട്ടിച്ചിരികളും കൂട്ടായ്മക്ക് മാറ്റ് പകരുന്നു.

കൂട്ടായ്മയും ഒരുമിച്ചു ചേരലും മനസിനും, ശരീരത്തിനും വലിയ ഉണർവേകി എന്നും, മനസ്സിനുള്ളിൽ ഓർമ്മിക്കുവാൻ സാധിക്കുന്ന ഒരു ദിവസമായിരുന്നു ഇത് എന്ന് പങ്കെടുത്ത എല്ലാവരും അഭിപ്രായപ്പെട്ടു.

എല്ലാവരും ചേർന്ന് പാകം ചെയ്ത ഉച്ച ഭക്ഷണം, ഒരുമിച്ചു ചേർന്ന് ഭക്ഷിച്ചു. എല്ലാ ബുധനാഴ്ചകളിലും വീണ്ടും കാണാമെന്ന പ്രത്യാശയിൽ സന്തോഷത്തോടെ പിരിഞ്ഞു.

ഇടവക സീനിയേഴ്സ് കോർഡിനേറ്റർ സിസ്റ്റർ റെജി എസ്.ജെ.സി, കമ്മിറ്റി അംഗങ്ങൾ , ബിബി തെക്കനാട്ട് എന്നിവർ എല്ലാ കാര്യങ്ങൾക്കും നേതൃത്വം നൽകി.

# ദുരിതബാധിതരെ സഹായിക്കാൻ ഒരു സംരംഭം

**- പി പി ചെറിയാൻ**



സാൻഫ്രാൻസിസ്കോ: നോർത്ത് വെസ്റ്റ് ആന്റ് സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിൽ അമേരിക്ക ആഫ്രിക്ക ഇന്ത്യ മുതലായ രാജ്യങ്ങളിലെ അധഃസ്ഥിതരുടെ ഉന്നമനത്തിനായുള്ള ഹൃദയംഗമമായ പ്രതിബദ്ധതയോടെ പരിശുദ്ധ ബസേലിയോസ് മാർത്തോമ സഹോദരൻ ഇൻക് എന്ന പേരിൽ ഉദ്ഘാടനം ചെയ്യുന്നു.

വിദ്യാഭ്യാസ സഹായത്തിനായി ഫണ്ട് ശേഖരിക്കുക, ഭവനം ഇല്ലാത്തവർക്ക് വീട് വച്ചു നൽകുക, പാവപ്പെട്ടവരെ ആരോഗ്യപരിപാലനത്തിൽ സഹായിക്കുക എന്നിവയാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്.

സാൻഫ്രാൻസിസ്കോയിലെ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ 27 വെള്ളിയാഴ്ച വൈകിട്ട് 7ന് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ മാത്യൂസ് ദ്വിതീയൻ കത്തോലിക്കാ ബാവയുടെ കാർമികത്വത്തിലാണ് ഉദ്ഘാടന പരിപാടി. ഡോ.തോമസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിക്കും

ക്രിസ്തുവിന്റെ സ്നേഹത്തിൽ അടിയുറച്ച് അനുകമ്പയുടെയും കാരുണ്യത്തിന്റെയും സത്തയാണ് ഉൾക്കൊള്ളുന്നത്. കമ്മ്യൂണിറ്റി സേവനങ്ങളിൽ തൽപരരായ സാമാന ചിന്താഗതിക്കാരായ വ്യക്തികളുടെ ഒരു ഒത്തുചേരൽ ആണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വെരി. റവ. രാജു ഡാനിയൽ കോർഎപ്പിസ്കോപ്പ, റവ. ഫാദർ റെജി എബ്രഹാം, റവ. ഫാദർ മാത്യു തോമസ് എന്നിവരുടെ സാന്നിധ്യം ഈ ഉദ്യമത്തിന്റെ പ്രാധാന്യത്തിന് അടിവരയിടുന്നു. ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്ത് ഈ ദൗത്യം വിജയിപ്പിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. സാഹോദര്യത്തിന്റെയും കാരുണ്യത്തിന്റെയും ആത്മാവിനെ ഉൾക്കൊള്ളാൻ നമുക്ക് ഒരുമിക്കാം

കൂടുതൽ വിവരങ്ങൾക്ക് contact@sahodharan.org

വെരി. റവ. രാജു ഡാനിയൽ കോർ എപ്പിസ്കോപ്പ : 214 476 6584

എബ്രഹാം ചിറക്കൽ: 309 269 3247

ജോബി ജോൺ : 201 321 0045

ബിനുലാൽ : 281 682 0309

ലിൻസ് പീറ്റർ ഫിലിപ്പ് : 916 806 9235

# ഖത്തർ പൗരന്മാർക്ക് ഇനി മുതൽ അമേരിക്കയിൽ വീസ ഇല്ലാതെ സന്ദർശിക്കാം

ദോഹ : ഖത്തർ പൗരന്മാർക്ക് ഇനി മുതൽ അമേരിക്കയിൽ വീസ ഇല്ലാതെ സന്ദർശിക്കാം. അമേരിക്കയുടെ വീസ ഒഴിവാക്കൽ പ്രോഗ്രാമിൽ ഖത്തറിനെ ഉൾപ്പെടുത്തിയതോടെയാണ് ഈ നേട്ടം ലഭിച്ചത്. ഇതോടെ വീസയില്ലാതെ അമേരിക്കയിലേക്ക് യാത്ര ചെയ്യാൻ സാധിക്കുന്ന ആദ്യ അറബ് രാജ്യമായി ഖത്തർ മാറി.

അമേരിക്കൻ ആഭ്യന്തര സുരക്ഷാ സെക്രട്ടറി അലജാൻഡ്രോ എൻ. മയോർക്കാസ് അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കനുമായി കൂടിയാലോചിച്ചാണ് വീസ ഒഴിവാക്കൽ പ്രോഗ്രാമിലേക്ക് ഖത്തറിനെ കൂടി ഉൾപ്പെടുത്തിയത്. ഈ വർഷം ഡിസംബർ ഒന്നോടു കൂടി അമേരിക്കയിലേക്കുള്ള വീസ രഹിത യാത്ര സാധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഖത്തറിലെ പൗരന്മാർക്ക് 90 ദിവസം വരെ വിനോദ സഞ്ചാരത്തിനോ ബിസിനസ് ആവശ്യങ്ങൾക്കോ വേണ്ടി അമേരിക്കയിലേക്ക് യാത്ര ചെയ്യുന്നതിന് അപേക്ഷിക്കാൻ അനുവദിക്കുന്നതിനായി ഇലക്ട്രോണിക് സിസ്റ്റം ഫോർ ട്രാവൽ ഓതറൈസേഷൻ ഓൺലൈൻ (ഇഎസ്ടിഎ) ആപ്ലിക്കേഷനും മൊബൈൽ ആപ്പും അപ്ഡേറ്റ് ചെയ്യും. ഈ ഓതറൈസേഷൻ സാധാരണയായി രണ്ട് വർഷത്തേക്ക് വരെ ഉപയോഗപ്പെടുത്താം. എന്നാൽ ഒരു യാത്രയിൽ പരമാവധി 90 ദിവസം മാത്രമേ അമേരിക്കയിൽ തങ്ങാൻ പറ്റുകയുള്ളൂ.

# നനൈമോ മലയാളി അസോസിയേഷന്റെ ഓണാഘോഷം ഗംഭീരമായി



**- ഷിബു കിഴക്കേകുറ്റ്, കാനഡ**

നനൈമോ: നനൈമോ മലയാളി അസോസിയേഷന്റെ (നമ) നേതൃത്വത്തിൽ ഓണം വാൻകൂവർ ഐലൻഡിൽ ആഘോഷിച്ചു. 15 ഞായറാഴ്ച രാവിലെ 11ന് മാവേലി കഥയിലേക്ക് ഒരെത്തിനോട്ടം എന്ന കൗതുകകരവും വിജ്ഞാനപ്രദവുമായ കഥാവിഷ്കാരത്തോടു കൂടിയാണ് ചടങ്ങുകൾ തുടങ്ങിയത്. തുടർന്ന് വാൻകൂവർ റോക്ക് ടെയിലിന്റെ ശിങ്കാരിമേളത്തിന്റെ അകമ്പടിയോടെ തിരുവാതിര നർത്തകർ മാവേലിയെ വേദിയിലേക്ക് ആനയിച്ചു. നിലവിളക്ക് കൊളുത്തിയതിനു ശേഷം തിരുവാതിര കളിയോടെ ആഘോഷ പരിപാടികൾ ആരംഭിച്ചു. കുട്ടികളും മുതിർന്നവരും അവതരിപ്പിച്ച കലാപരിപാടികൾ പ്രേക്ഷക മനം കവർന്നു. അതോടൊപ്പം നടത്തിയ കായിക പരിപാടികളായ സ്പൂൺ റേസ്, കസേരകളി, വടംവലി എന്നിവയ്ക്ക് ആവേശപൂർവ്വമായ സ്വീകരണമാണ് കാണികളിൽ നിന്നും ലഭിച്ചത്. സോക്കർ, ബാഡ്മിന്റൺ, ടെന്നീസ്, ക്രിക്കറ്റ് മത്സരങ്ങൾ മുൻ കൂറായി നടത്തി അതിന്റെ വിജയികൾക്ക് സമ്മാനങ്ങൾ ഓണവേദിയിൽ വിതരണം ചെയ്തു. ഓണവേദിയേയും, കാണികളേയും, ഇളക്കിമറിച്ചു കൊണ്ടുള്ള വാൻകൂവർ റോക്ക് ടെയിലിന്റെ ഫ്യൂഷൻ വിത്ത് ശിങ്കാരിമേളത്തോടെയാണ് ഓണാഘോഷത്തിന് പരിസമാപ്തിയായത്.

അരുൺ, കലേഷ്, ജിയോ, അമല, നിമിൽ, ബിൻസി, ബിന്ദ്യ, ജോസഫ്, ദീപക് പൈക്കട, വിപിൻ, ജിൽസ്, ജെയിൻഷാ, അക്ഷര, പ്രതീഷ് തോമസ്, പ്രതീഷ്, പ്രദീപ്, ബേസിൽ, ഗണേഷ് തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു ആഘോഷ പരിപാടികൾ നടത്തിയത്. വിവിധ തരം മലയാളി വിഭവങ്ങളോടു കൂടിയ ഓണസദ്യ ഈ ഓണാഘോഷത്തിന് പൊലിപ്പേകി. മധ്യവാൻകൂവർ ഐലൻഡിൽ ആദ്യമായാണ് ഇത്ര വിപുലമായ രീതിയിൽ ഓണം ആഘോഷിക്കുന്നത്. 400 മലയാളികൾ പങ്കെടുത്തു. കേരളത്തോട് വളരെയേറെ രൂപസാദൃശ്യമുള്ള മനോഹരമായ പ്രദേശമാണിത്. എങ്കിലും കാനഡയിലെ മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് മലയാളി ജനസംഖ്യ കുറവാണ്. കാനഡയിലെ രണ്ടാമത്തെ വലിയ നഗരമായ വാൻകൂവറിൽ നിന്ന് ഏകദേശം ഒന്നര മണിക്കൂർ ദൈർഘ്യമുള്ള ഫെറി കടന്നു വേണം തെക്കേ അറ്റത്തായി പസഫിക് സമുദ്രത്തിൽ സ്ഥിതി ചെയ്യുന്ന ഈ ഐലൻഡിൽ എത്തിച്ചേരുവാൻ. വിമാനത്തിലും വരാം. ബ്രിട്ടീഷ് കൊളംബിയ പ്രൊവിൻസിന്റെ തലസ്ഥാനമായ വിക്ടോറിയ ഈ ഐലൻഡിലാണ്.

# കനേഡിയൻ കേരള കൾച്ചറൽ അസോസിയേഷൻ ഓഫ് ആൽബർട്ടയുടെ ഓണാഘോഷം ഗംഭീരമായി



**- ജോസഫ് ജോൺ കാൽഗറി**

എഡ്മിന്റൻ: ആൽബർട്ടയിലെ ആദ്യകാല മലയാളി അസോസിയേഷനായ കനേഡിയൻ കേരള കൾച്ചറൽ അസോസിയേഷൻ ഓണം വിപുലമായി ആഘോഷിച്ചു. നിരവധി രാഷ്ട്രീയ സാമൂഹിക പ്രവർത്തകരുടെ സാന്നിദ്ധ്യം കൊണ്ട് ശ്രദ്ധേയമായി. പ്രസിഡന്റ് ടോം ഈപ്പൻ, വൈസ് പ്രസിഡന്റ് റേച്ചൽ മാത്യു, സെക്രട്ടറി ഗ്രേസ് ആന്റണി, പ്രോഗ്രാം കോഓർഡിനേറ്റർ നിതിൻ നാരായണ, ഫുഡ് കമ്മിറ്റി ചെയർ സജീവ് ആൻഡ്രൂസ് എന്നിവർ ഓണാഘോഷ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി.

വിവിധ നൃത്തങ്ങൾ, ഗാനങ്ങൾ എന്നിവ ഉൾപ്പെട്ട ദൃശ്യ ശ്രവ്യ വിരുന്ന് സി.കെ.സി.എ.എ ഒരുക്കിയിരുന്നു. സംഘടനയുടെ പൂർവകാല പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ ജേക്കബ് കുര്യൻ, പി.സി. ജോർജ്, പി.ഡി. വർഗീസ്, ആർ.എസ്. പണിക്കർ എന്നീ വ്യക്തികളെ ഫലകവും പൊന്നാടയും നൽകി ആദരിച്ചു. മാഗസിൻ പബ്ലിഷർ മാത്യു കിടങ്ങൻ ആൽബെർട്ട മലയാളി മാഗസിൻവാർഷിക പതിപ്പ് പ്രകാശനം ചെയ്തു. ബിൽഡിംഗ് പ്രൊജക്റ്റ് ഡയറക്ടർ ജോർജ് ചെറിയാൻ സമ്മാനങ്ങൾ വിതരണം ചെയ്തു. തുടർന്നു നടന്ന വിഭവസമൃദ്ധമായ ഓണസദ്യയോടു കൂടി പരിപാടികൾ സമംഗളം പര്യവസാനിച്ചു.

1st October

International Day of Older Persons: Celebrates and raises awareness about the contributions and issues faced by older persons.

International Coffee Day: Honors the global love for coffee and highlights the importance of coffee growers.

World Vegetarian Day: Promotes the benefits of vegetarianism for health and the environment.

International Music Day: Celebrates music's role in enriching lives and cultures worldwide.

# ശിവഗിരി ഫൗണ്ടേഷൻ ഓഫ് വാഷിംഗ്ടൺ ഓണവും ഗുരു ജയന്തിയും ആഘോഷിച്ചു

മെരിലാന്റിലെ പോട്ടോമാക് കമ്മ്യൂണിറ്റി സെന്ററിൽ ശിവഗിരി ഫൗണ്ടേഷൻ ഓഫ് വാഷിംഗ്ടൺ ഓണവും ഗുരുദേവ ജയന്തിയും ആഘോഷിച്ചു. ഓണ സദ്യയും സാംസ്കാരിക പരിപാടികളും ആയിരുന്നു കൂട്ടായ്മയുടെ സവിശേഷതകൾ.

ഉച്ചയ്ക്ക് ഓണസദ്യയോടെയാണ് ആഘോഷം ആരംഭിച്ചത്. വാഴയിലയിൽ വിളമ്പിയ സദ്യ വിഭവങ്ങൾ ഫൗണ്ടേഷന്റെ അംഗങ്ങൾ തന്നെ തയാറാക്കിയതായിരുന്നു.

പിന്നീട് വയനാട്ടിലെ മഹാദുരന്തത്തിൽ മരിച്ചവർക്കു ആദരാഞ്ജലി അർപ്പിച്ച ശേഷമാണു ഡോക്ടർ കലാ അശോക് നേതൃത്വം നൽകിയ കലാപരിപാടികൾ ആരംഭിച്ചത്.

ദൈവദശകം ആലപിച്ച ശേഷം വിളക്കു കൊളുത്തി. മുതിർന്ന അംഗങ്ങൾ അജയ് കുമാർ, ഡോക്ടർ ജോസഫ് വെട്ടിക്കൽ, ലക്ഷ്മിക്കുട്ടി പണിക്കർ, പീത് തൈവളപ്പിൽ, സുഷമ പ്രവീൺ, ഷേർലി നമ്പ്യാർ, ഡോക്ടർ വിജിലി ബാഹുലേയൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

പ്രസിഡന്റ് അജയ്കുമാർ കേശവൻ ഉദ്ഘാടന പ്രസംഗത്തിൽ ആഘോഷത്തിന് എത്തിയവർക്കു നന്ദി പറഞ്ഞു.

അംബികാ കുമാർ ആണ് തിരുവാതിര കളി നയിച്ചത്. സുമതി പാട്രിക്, ശ്രീലതാ ഗഡ്ഡെ, വൃന്ദാ നായർ, സ്വപ്ന ഫെലിക്സ്, ജിജി ടോം, ബീന ടോമി എന്നിവർ പങ്കെടുത്തു. ഡോക്ടർ സായ വിജിലി ഗുരുദേവ കൃതി ആലപിച്ചു. അലീന, ഐറിൻ അജയ് എന്നിവരുടെ നൃത്തനൃത്യങ്ങൾ ആകർഷകമായി. ഋഷിക നമ്പ്യാർ, ധ്യാൻ വിജിലി, അപർണ പണിക്കർ എന്നിവർ ശ്രുതിമധുരമായി പാടി.

ശ്രീ നാരായണ ഗുരുവിന്റെ ജീവിതത്തെയും ദർശനങ്ങളെയും കുറിച്ചു ഡോക്ടർ വിജിലി ബാഹുലേയൻ വിശദീകരിച്ചു. സാമൂഹ്യ പരിഷ്കരണത്തിൽ അദ്ദേഹം വഹിച്ച നിസ്തുലമായ പങ്കിനെ കുറിച്ചും അവർ എടുത്തു പറഞ്ഞു.

മലയാളി സംഘടനകളുടെ പ്രതിനിധികളായ സുഷമ പ്രവീൺ (കേരള അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ വാഷിംഗ്ടൺ), ഷേർലി നമ്പ്യാർ (നായർ സൊസൈറ്റി ഓഫ് ഗ്രെയ്റ്റർ വാഷിംഗ്ടൺ), മധു നമ്പ്യാർ (ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ്) എന്നിവർ സംസാരിച്ചു.

ഗുരുദേവ ഭക്തി ഗാനങ്ങൾ കുട്ടി മേനോൻ ആലപിച്ചു. അംബിക കുമാർ നന്ദി പറഞ്ഞു.

# മലയാളി കൾചറൽ അസോസിയേഷൻ ഓഫ് കാൽഗറി മെഗാ ഓണം ആഘോഷിച്ചു



**– ജോസഫ് ജോൺ കാൽഗറി**

കാൽഗറി: മലയാളി കൾചറൽ അസോസിയേഷൻ ഓഫ് കാൽഗറി (എംസിഎ.സി) ഓണം ആഘോഷിച്ചു.

നോർത്ത് ഈസ്റ്റ് കാൽഗറിയിലെ ജെനെസിസ് സെന്ററിൽ ആണ് സെപ്റ്റംബർ 21നു എംസിഎസിയുടെ ആഭിമുഖ്യത്തിൽ ഓണാഘോഷം നടന്നത്. ആയിരത്തോളം പേർക്കുള്ള സദ്യയായിരുന്നു ഇത്തവണത്തെ ഓണാഘോഷത്തിന്റെ ഏറ്റവും വലിയ ആകർഷണം.

എം.സി.എ.സി പ്രസിഡണ്ട് മുഹമ്മദ് റഫീഖ്, എം.സി.എ.സിയുടെ പ്ലാറ്റിനം സ്പോൺസർ ജിജോ വർഗീസ് ദീപം കൊളുത്തി ഓണാഘോഷത്തിന് സമാരംഭം കുറിച്ചു. ചെണ്ടമേളത്തിന്റെ അകമ്പടിയോടെ വേദിയിലേക്കെത്തിയ മാവേലിക്കൊപ്പം ചുവടുവെച്ച പുലിക്കുട്ടികൾ കാണികളെ ഹരം കൊള്ളിച്ചു. തുടർന്ന് കേരളത്തിന്റെ തനത് കലാരൂപങ്ങളായ തിരുവാതിര, മഹാകവി ഇടശ്ശേരിയുടെ പൂതപ്പാട്ടിന്റെ നൃത്താവിഷ്കരണം, കൈകൊട്ടിക്കളി മറ്റു നൃത്തനൃത്യങ്ങൾ മുതലായവ അരങ്ങത്തെത്തി.

കുട്ടികളുടെയും മുതിർന്നവരുടെയും ഫാഷൻ പരേഡും മറ്റു വിവിധയിനം കലാപരിപാടികളും ഓണാഘോഷങ്ങൾക്ക് മാറ്റുകൂട്ടി. സ്ത്രീകളുടെ വാശിയേറിയ വടംവലിയോടെ ഇത്തവണത്തെ ഓണാഘോഷങ്ങൾക്ക് പരിസമാപ്തിയായി.

2nd October

Gandhi Jayanti: Commemorates the birth of Mahatma Gandhi, emphasizing his principles of non-violence and peace.

International Day of Non-Violence: Promotes non-violence as a means of resolving conflicts and fostering peace.

World Habitat Day: Focuses on the importance of adequate housing and sustainable urban development.

3rd October

German Unity Day: Marks the anniversary of German reunification, celebrating the end of division between East and West Germany.

4th October

World Animal Welfare Day: Raises awareness about animal rights and the welfare of animals around the world.

World Space Week Begins: Celebrates space exploration and the benefits of space science.

# 50 വർഷത്തിന്റെ മധുരവുമായി വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ ഓണാഘോഷം



ന്യൂയോർക്ക്: അര നൂറ്റാണ്ട് പൂർത്തിയാക്കിയ ആദ്യ സംഘടനകളിലൊന്നായ വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ 50–ാമത് ഓണാഘോഷം സ്റ്റേറ്റ് സെനറ്റർ ഷെല്ലി മേയർ ഉദ്ഘാടനം ചെയ്തു. മുൻ മന്ത്രിയും സി.പി.ഐ. സ്റ്റേറ്റ് സെക്രട്ടറിയുമായ ബിനോയ് വിശ്വം ആശംസകൾ നേർന്നു.

മനുഷ്യാവകാശ കമ്മീഷണറും മുൻ ഡബ്ല്യു.എംഎ പ്രസിഡന്റുമായ തോമസ് കോശി, സെനറ്റർ ഷെല്ലി മേയറെ പരിചയപ്പെടുത്തി.

വർണാഭമായ കലാപരിപാടികളും ഓണസദ്യയും ആഘോഷത്തെ വേറിട്ടതാക്കി. ഓണസദ്യയ്ക്ക് ശേഷം ഗാനമേളയോടെയാണ് കലാവിരുന്ന് ആരംഭിച്ചത്. സാജു പീറ്റർ, സാറാ പീറ്റർ, അജിത് നായർ എന്നിവർ ഗാനങ്ങളിലൂടെ ജനഹൃദയം കവർന്നു. തുടർന്ന് ഘോഷയാത്ര ചെണ്ടമേളത്തിന്റെ അകമ്പടിയോടെ മാവേലിയെ എതിരേറ്റു.

കാലി, ജാനിസ്, ജാനിയ, സിയ, ദിയ, ഗ്രീഷ്മ, നിഷ, എലീഷാ, സ്റ്റെഫി എന്നിവർ തിരുവാതിരയ്ക്കും കിണ്ണം കളിയ്ക്കും നേതൃത്വം നൽകി.

കോർഡിനേറ്റർ ടെറൻസൺ തോമസ് ആമുഖ പ്രസംഗം നടത്തി. നിമിഷ ആൻ വർഗീസ്, സിൻഷാ മേരി വർഗീസ്, സെലൻ സൂസൻ പൗലോസ്, ഹെവന സാറാ മാത്യു എന്നിവർ ദേശീയഗങ്ങളാലപിച്ചു. ഡബ്ല്യുഎംഎ പ്രസിഡന്റ് വർഗീസ് എം. കുര്യൻ സ്വാഗതം പറഞ്ഞു.

സാത്വിക ഡാൻസ് അക്കാദമിയുടെ നൃത്തശിൽപ്പത്തിൽ ദേവിക നായർ, സാറാ, ഡയാൻ, കെസിയ, ജോഹന്ന, അലിവ എന്നിവർ പങ്കെടുത്തു.

നാട്യമുദ്ര സ്കൂൾ ഓഫ് ഡാൻസിന്റെ കാവ്യ നർത്തകി (അധ്യാപിക ലിസ ജോസഫ്) നൃത്തശിൽപ്പത്തിൽ അന്നപൂർണ ഹരിദേവര, ഗിയ പാലമടൈ, സ്മേര തെക്കൻമാർ എന്നിവർ പങ്കെടുത്തു.

ബിന്ദിയ ശബരിയും സംഘവും അവതരിപ്പിച്ച നൃത്തത്തിൽ രൂപ നായർ, സിനോ ജോർജ്, സൂസൻ തോമസ്, ഊർമിള റാണി നായർ, മായാ ദേവി എന്നിവരും സാത്വിക ഡാൻസ് അക്കാദമിയുടെ സെമി ക്ലാസിക്കൽ ഡാൻസിൽ അവ, ആൻ, എഞ്ജനറ്റ്, ഗബ്രിയേല എന്നിവരും പങ്കെടുത്തു. അശ്വതി അരുനിന്റെ നേതൃത്വത്തിൽ ആതിര, ആവണി കൊങ്കോത്ത് എന്നിവർ കുച്ചിപ്പുടി അവതരിപ്പിച്ചു.

മുൻ ഡബ്ല്യുഎംഎ മുൻ പ്രസിഡന്റുമാരെയും സമ്മേളനത്തിൽ അനുസ്മരിച്ചു.

വർഗീസ് എം.കുര്യൻ (പ്രസിഡന്റ്), ഷോളി കുമ്പിളിലുവേലി (സെക്രട്ടറി), ചാക്കോ പി. ജോർജ് (ട്രഷറർ), ജോയ് ഇട്ടൻ (വൈസ് പ്രസിഡന്റ്), നിരീഷ് ഉമ്മൻ (ജോയിന്റ് സെക്രട്ടറി), അലക്സാണ്ടർ വർഗീസ് (ജോയിന്റ് ട്രഷറർ) എന്നിവരാണ് ഇപ്പോഴത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ.

എ.വി.വർഗീസ്, അരുൺ വർഗീസ്, ഗണേഷ് നായർ, ജെ മാത്യൂസ്, ജോൺ ഐസക്, ജോൺ സി വർഗീസ്, ജോൺ മാത്യു (ബോബി), ജോൺ തോമസ്, ജോജോ ഡാനിയേൽ, കെ.കെ.ജോൺസൺ, മാത്യു ജോസഫ്, ശ്രീകുമാർ ഉണ്ണിത്താൻ, സുരേന്ദ്രൻ നായർ, ടെറൻസൺ തോമസ്, തോമസ് കോശി എന്നിവർ കമ്മിറ്റി അംഗങ്ങളാണ്.

തോമസ് ഉമ്മൻ, ജോർജ് തങ്കച്ചൻ, വർഗീസ് ചാക്കോ, ജോർജ് കുഴിഞ്ഞാലിൽ, ജോണി തോമസ് എന്നിവർ പ്രത്യേക ക്ഷണിതാക്കളാണ്.

രാജ് തോമസ് ട്രസ്റ്റ് ബോർഡ് ചെയർമാനായും പ്രവർത്തിക്കുന്നു.

# മാനിറ്റോബ ഹിന്ദു മലയാളി കമ്മ്യൂണിറ്റി വിന്നിപെഗിൽ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു



**– ജോസഫ് ജോൺ കാൽഗറി**

മാനിറ്റോബ: മാനിറ്റോബ ഹിന്ദു മലയാളി കമ്മ്യൂണിറ്റി വിന്നിപെഗിൽ സംഘടിപ്പിച്ച ഓണാഘോഷ പരിപാടികളിൽ മാനിട്ടോബ സൗത്ത് എം.പി ടെറി ഡുഗൈഡ്, ലഗ്ഗിമോഡിയർ എം. എൽ. എ ടൈലർ ബ്ലാഷ്കോ എന്നിവർ മുഖ്യാതിഥികൾ ആയിരുന്നു.

ജയകൃഷ്ണൻ ജയചന്ദ്രൻ (പ്രസിഡന്റ്), മനോജ് എം നായർ (സെക്രട്ടറി), ജയശ്രീ സുരേഷ്, അശോകൻ മാടസ്വാമി വൈദ്യർ, രാഹുൽ രാജ്, രാജേഷ് ഭാസ്കരൻ, അരവിന്ദ് പാമ്പക്കൽ, സതീഷ് ഭാസ്കരൻ, ഷാനി സതീഷ്, ഗിരിജ അശോകൻ, സ്വാതി ജയകൃഷ്ണൻ, മിഥുൻ മംഗലത്, വിഷ്ണു വിജയൻ, അശ്വിത അനിൽ, സാജൻ സനകൻ, കാവേരി സാജൻ, ബിബിൻ കല്ലുംകൽ, വൈശാഖ് രഘുനാഥൻ നായർ, അനിൽ കുറുപ്പ്, ലീന അനിൽ, രഞ്ജിത് ചന്ദ്രൻ, രശ്മി രഞ്ജിത്ത്, വിജിത് വിശ്വംഭരൻ, സുനീഷ മുകുന്ദൻ എന്നിവർ സംഘടനയുടെ ഭാരവാഹികളാണ്.

# ഗൃഹാതുരത്വസ്മരണകളുണർത്തി ഹൂസ്റ്റൺ റാന്നി അസോസിയേഷൻ ഓണമാഘോഷിച്ചു

**– ജീമോൻ റാന്നി**

ഹൂസ്റ്റൺ: ആവേശത്തിരയിളക്കി താളവും മേളവും സമന്വയിപ്പിച്ച് നയമ്പുകൾ ഇളക്കിയെറിഞ്ഞ് മനോഹരമായ വള്ളപ്പാട്ടുകൾ പാടി റാന്നി ചുണ്ടനും, അസോസിയേഷൻ അംഗങ്ങളായ ചെണ്ടക്കാരടങ്ങിയ ചെണ്ടമേളത്തിന്റെ അകമ്പടിയിൽ എത്തിയ മാവേലി തമ്പുരാനുംഇ ൗ വർഷത്തെ ഹൂസ്റ്റൺ റാന്നി അസോസിയേഷൻ ഓണാഘോഷത്തെ അവിസ്മരണീയമാക്കി.

ഹൂസ്റ്റൺ ട്രിനിറ്റി മാർത്തോമാ ദേവാലയ ഹാളിൽ നടന്ന ഓണാഘോഷ പരിപാടികൾ വ്യത്യസ്തവും വൈവിദ്ധ്യവുമാർന്ന പരിപാടികൾ കൊണ്ട് ശ്രദ്ധേയമായി.

പ്രസിഡന്റ് ബാബു കൂടത്തിനാലിൽ അധ്യക്ഷത വഹിച്ച ആഘോഷ പരിപാടികൾ ഫോർട്ട് ബെൻഡ് കൗണ്ടി ഡിസ്ട്രിക്ട് ജഡ്ജ് സുരേന്ദ്രൻ കെ പട്ടേൽ, വിശിഷ്ഠാതിഥികളായ വൈദിക ശ്രേഷ്ഠർ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ സാന്നിധ്യത്തിൽ നിലവിളക്കു കൊളുത്തി ഉത്ഘാടനം ചെയ്തു.

ജനറൽ സെക്രട്ടറി ബിനു സഖറിയ കളരിക്കമുറിയിൽ സ്വാഗതം പറഞ്ഞു.

മുഖ്യാതിഥി ജഡ്ജ് സുരേന്ദ്രൻ പട്ടേൽ ഓണസന്ദേശം നൽകി. റാന്നി സ്വദേശികളായ റവ. ഫാ. പ്രസാദ് കോവൂർ കൊറെപ്പിസ്കോപ്പ(വികാരി, സെന്റ് ജെയിംസ് ക്നാനായ യാക്കോബായ ഇടവക), റവ.സാം.കെ.ഈശോ (വികാരി, ട്രിനിറ്റി മാർത്തോമാ ഇടവക) ഉപരക്ഷാധികാരി ജോയ് മണ്ണിൽ, വൈസ് പ്രസിഡണ്ട് എബ്രഹാം ജോസഫ് (ജോസ്), ട്രഷറർ ജിൻസ് മാത്യു കിഴക്കേതിൽ എന്നിവർ ഓണാശംസകൾ നേർന്നു. ഗായകൻ കൂടിയായ റവ. ജീവൻ ജോൺ (അസി.വികാരി, ട്രിനിറ്റി മാർത്തോമാ ഇടവക) പാടിയ ശ്രുതിമനോഹരമായ ഒരു ഗാനം ഗൃഹാതുരത്വ സ്മരണകളുണർത്തി. മൂന്ന് വർഷക്കാലം പ്രസിഡന്റായി സേവനമനുഷ്ഠിക്കുന്ന ബാബു കൂടത്തിനാലിനെ പൊന്നാട നൽകി ആദരിച്ചു.

ഗ്രാൻഡ് സ്പോൺസർമാരായ പ്രമുഖ റിയൽറ്റർ പ്രിയൻ ജേക്കബ് (ജോബിൻ പ്രിയൻ റിയൽ എസ്റ്റേറ്റ് ടീം) സന്ദീപ് തേവർവേലിൽ (പെറി ഹോംസ് സെയിൽസ് കൺസൾട്ടന്റ്) സിൽവർ സ്പോൺസർമാരായ ജീമോൻ റാന്നി (ടി. ഡബ്ല്യൂഎഫ് ജി ചാണ്ടപ്പിള്ള മാത്യൂസ് ഇൻഷുറൻസ്), റജി .വി.കുര്യൻ (കൂപ്പർ വാൽവ്സ് ), ബിജു തച്ചനാലിൽ (കെൽവിൻ എയർകണ്ടീഷനിംഗ് ആൻഡ് ഹീറ്റിംഗ്), സുരേഷ് രാമകൃഷ്ണൻ (മിസോറി സിറ്റി അപ്നാ ബസാർ) ബിജു സഖറിയ (സാക് സൗണ്ട്സ്) എന്നിവരെ റോസാപുഷ്പങ്ങൾ നൽകി ആദരിച്ചു.

തുടർന്ന് ബിനു സക്കറിയയുടെ നേതൃത്വത്തിലുള്ള ചെണ്ടമേളത്തിന്റെയും വാദ്യഘോഷത്തിന്റെയും അകമ്പടിയോടെ മാവേലി തമ്പുരാനെവരവേറ്റു. റിച്ചാർഡ് സ്കറിയ മാവേലി തമ്പുരാനെഉജ്ജ്വലമാക്കി.

തുടർന്ന് പ്രസിഡന്റിന്റെ നേതൃത്വത്തിൽ താളലയ മേളങ്ങളോടെ നടത്തിയ വള്ളം കളി ആഘോഷത്തെ മികച്ചതാക്കി. റാന്നിയിലെ എല്ലാ കരക്കാരുടെയും പേരുകൾ കോർത്തിണക്കി അവതരിപ്പിച്ച വഞ്ചിപ്പാട്ട് രചിച്ചത് എച്ച്ആർഎയുടെ ഉറ്റ സുഹൃത്തും റാന്നി ഗുഡ് സമരിറ്റൻ സൊസൈറ്റി ചെയർമാൻ റവ.ഫാ.ബെൻസി മാത്യു കിഴക്കേതിലും ഈണം നൽകിയതു പ്രശസ്ത വഞ്ചിപ്പാട്ട് ഇൻസ്ട്രക്ടർ ഓമനക്കുട്ടൻ അയിരൂരുമാണ്.

ഹൂസ്റ്റണിലെ മികച്ച ഗായകരായ മീരാ സഖറിയാ, റോയ് തീയാടിക്കൽ, മെവിൻ പാണ്ടിയത്ത്, ജോസ് മാത്യു, സജി വർഗീസ് തുടങ്ങിവരുടെ മധുരഗാനങ്ങൾ കാണികളുടെ നിറഞ്ഞ കൈയടി നേടി. ബാബു കൂടത്തിനാലിൽ, ജോമോൻ ജേക്കബ് എന്നിവർ കോമഡി സ്കിറ്റ് അവതരിപ്പിച്ചു.

ജോ.സെക്രട്ടറി വിനോദ് ചെറിയാന്റെ നേതൃത്വത്തിൽ ഹാസ്യത്തിന്റെ മേമ്പൊടി ചേർത്ത് അവതരിപ്പിച്ച 'കിച്ചൻ ഡാൻസ്' ആഘോഷത്തെ മികവുറ്റതാതാക്കി.

ഈ വർഷത്തെ റാന്നി 'മന്നൻ' 'മങ്ക' ദമ്പതികളായി ജോസ് പുതിയമഠവും സാലമ്മ ജോസും തിരഞ്ഞെടുക്കപ്പെട്ടു.

റെജിസ്ട്രേഷന് മിന്നി ജോസഫ്, ഷീലാ ചാണ്ടപ്പിള്ള, ഷീജ ജോസ്, ജോളി തോമസ്, നിസ്സി രാജൻ എന്നിവർ നേതൃത്വം നൽകി. സൗണ്ട്സ് സിസ്റ്റം ബിജു സക്കറിയ കളരിയ്ക്കമുറിയിലും ഡിലൻ സക്കറിയയും കൈകാര്യം ചെയ്തപ്പോൾ ബാബു കലീനയും ജെഫിൻ നൈനാനും ഫോട്ടോഗ്രാഫിയിൽ ആഘോഷത്തിന്റെ മനോഹര ചിത്രങ്ങൾ ഒപ്പിയെടുത്തു. ഡാളസിനെ പ്രതിനിധീകരിച്ചു ബിജു പുളിയിലേത്തും കുടുംബവും പങ്കെടുത്തു.

വിഭവസമൃദ്ധമായ 22 ഇനങ്ങളടങ്ങിയ ഓണസദ്യ വിളമ്പലിനു ജോൺ.സി ശാമുവേൽ (കുഞ്ഞു), ജോയ് മണ്ണിൽ, വിനോദ് ചെറിയാൻ, വിജു വർഗീസ്, റിജു ജോൺ, മാത്യൂസ് ചാണ്ടപിള്ള, എബ്രഹാം ജോസഫ് (ജോസ്), ജോസ് മാത്യു, ഷിജു തച്ചനാലിൽ, സി.ജി.ഡാനിയേൽ തുടങ്ങിയവർ നേതൃത്വം നൽകി.

ജിൻസ് മാത്യു കിഴക്കേതിലും ബിനു സക്കറിയയും എംസിമാരായി പ്രവർത്തിച്ചു. വൈസ് പ്രസിഡണ്ട് മാത്യൂസ് ചാണ്ടപ്പിള്ള നന്ദി പറഞ്ഞു.

5th October
World Teachers' Day: Acknowledges the vital role of teachers in shaping education and society.

# കനേഡിയൻ പാർലമെന്റിലെ ഓണാഘോഷത്തിൽ സജീവ സാന്നിധ്യമായി ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി




**– സരൂപ അനിൽ**

ഒട്ടാവ: കനേഡിയൻ പാർലമെന്റിലെ മൂന്നാമത് ഓണാഘോഷത്തിലെ സജീവ സാന്നിധ്യമായി ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി.

ഫൊക്കാന എന്ന സംഘടന എങ്ങനെ അമേരിക്കയിലെയും, കാനഡയിലെയും മലയാളീ സമൂഹത്തിലേക്ക് ഇറങ്ങി പ്രവർത്തിക്കുന്നു എന്ന് കൃത്യമായി വിശദീകരിക്കുന്നതിലൂടെ ഏവരുടെയും ശ്രദ്ധ ആകർഷിച്ചു.

അമേരിക്കയിലും, കാനഡയിലും അനുദിനം വർധിച്ചുവരുന്ന മലയാളീ സമൂഹത്തിന്റെ ഉന്നമനത്തിൽ ഫൊക്കാന ചെലുത്തുന്ന സ്വാധീനം സ്വാഗതാർഹമാണെന്ന് സെപ്റ്റംബർ 18 ബുധനാഴ്ച ഓട്ടവയിലെ സർ ജോൺ എ മക്ഡോണൾഡ് ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ മുഖ്യ അതിഥിയായിരുന്ന, മലയാളി കുടുംബ വേരുള്ള യൂക്കോൺ പ്രീമിയർ രഞ്ജ് പിള്ള അഭിപ്രായപ്പെട്ടു. ഫെഡറൽ മിനിസ്റ്റർ കമൽ ഖേര, കൺസർവേറ്റീവ് പാർട്ടി ഡപ്യൂട്ടി ലീഡർ റ്റിം ഉപാൽ, പാർലമെന്റ് അംഗങ്ങളായ ജസ്രാജ് ഡിലോൺ, ഡാൻ മ്യൂസ്, ഷുവ് മജുംന്താർ, ലാറി ബ്രോക്ക്, ആനാ റോബേർട്ട്സ്, ആര്യ ചന്ദ്ര, ഗാർനറ്റ് ജെനുയിസ്, ടോണി ബാൾഡിനെലി എന്നിവർ ആയിരുന്നു വർണാഭമായ ഓണാഘോഷത്തിൽ പങ്കെടുത്ത മറ്റു പ്രമുഖർ.

മലയാളികളുടെ തനിമയും പാരമ്പര്യവും ഒട്ടും ചോർന്നു പോകാതെ മറ്റുള്ളവരിലേക്ക് എത്തിക്കാൻ പാകത്തിൽ ഈ ഓണാഘോഷം സംഘടിപ്പിച്ചതിനു ഫൊക്കാന പ്രസിഡന്റ് എന്ന നിലയിൽ സജിമോൻ ആന്റണി പരിപാടിയുടെ സംഘാടകരെ അഭിനന്ദിച്ചു. ഓണാഘോഷം ഊഷ്മളമായ രീതിയിൽ ആഘോഷിക്കാൻ അവസരമൊരുക്കിയ, പരിപാടിയുടെ ഹോസ്റ്റ് ആയിരുന്ന പാർലമെന്റ് അംഗം മൈക്കിൾ ബാരാട്ടിനോടുള്ള ഫൊക്കാനയുടെ സ്നേഹാദരം അറിയിക്കാൻ പ്രസിഡന്റ് സജിമോൻ ആന്റണി മറന്നില്ല.

കാനഡയിലെ വിവിധ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗങ്ങളിലുൾപ്പടെയുള്ള പാർലമെന്റ് അംഗങ്ങൾ പങ്കെടുത്ത ചടങ്ങിൽ ഫൊക്കാന മാതൃകാപരമായ പ്രവർത്തനം ആണ് കാഴ്ച്ച വയ്ക്കുന്നത് എന്ന് പല പ്രമുഖരും അഭിപ്രായപ്പെടുകയുണ്ടായി. കാനഡയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സംഘടനകളുടെ പ്രതിനിധികൾ ഉൾപ്പടെ എഴുനൂറോളം ആളുകളാണ് ആഘോഷത്തിൽ പങ്കെടുത്തത്.

ട്രിനിറ്റി ഗ്രൂപ്പ് ആയിരുന്നു ഓണാഘോഷത്തിന്റെ ഗ്രാന്റ് സ്പോൺസർ. ബിജു ജോർജ് ചെയർമാനും, റാം മതിലകത്ത് കൺവീനറും, രേഖാ സുധീഷ് ഇവന്റ് കോഡിനേറ്ററും, സതീഷ് ഗോപാലൻ, ടോമി കോക്കാടൻ എന്നിവർ കോചെയറും, സുധീഷ് പണിക്കർ ഹോസ്പിറ്റാലിറ്റി ഓപ്പറേഷൻസ് കോഡിനേറ്ററും, പ്രവീൺ വർക്കി കമ്മ്യൂണിറ്റി ഔട്ട്റീച്ച് കോർഡിനേറ്ററും ആയ സംഘാടക സമിതി ആണ് ഓണാഘോഷത്തിന് നേതൃത്വം നൽകിയത്. ഫൊക്കാന ട്രസ്റ്റീ ബോർഡ് ചെയർ ജോജി തോമസിന്റെ സാന്നിധ്യവും പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. ബിജു ജോർജ് ചെയർമാനായി പ്രവർത്തിച്ച ഈ ഓണാഘോഷം മലയാളീ തനിമ വിളിച്ചോതുന്നതിനൊപ്പം ബിജു ജോർജിന്റെ നേതൃത്വപാടവം എടുത്തുകാട്ടിയ ഓണാഘോഷം കൂടിയായിരുന്നു.



ഹൂസ്റ്റൺ റാന്നി അസോസിയേഷന്റെ നേതൃത്വത്തിൽ ഹൂസ്റ്റൺ ട്രിനിറ്റി മാർത്തോമാ ദേവാലയ ഹാളിൽ നടന്ന ഓണാഘോഷ പരിപാടിയിൽ നിന്നും




*മെരിലാന്റിലെ പോട്ടോമാക് കമ്മ്യൂണിറ്റി സെന്ററിൽ നടന്ന ശിവഗിരി ഫൗണ്ടേഷൻ ഓഫ് വാഷിംഗ്ടൺ ഓണവും ഗുരുദേവ ജയന്തിയും ആഘോഷത്തിൽ നിന്നും*

# കറ്റാനം ഷാജിക്ക് ഷിക്കാഗോയിൽ സ്വീകരണം



– ഗ്ലാഡ്സൺ വർഗീസ്

ഷിക്കാഗോ: കെ.പി.സി.സി. സെക്രട്ടറിയും, ഓണാട്ടുകര കോക്കനട്ട് കോർപ്പറേഷൻ ചെയർമാനുമായ കറ്റാനം ഷാജിക്ക് ഷിക്കാഗോയിലെ കോൺഗ്രസ് അനുഭാവികളുടെയും, ഓഐസിസിയുടെ നേതൃത്വത്തിലും മൗണ്ട് പ്രൊസ്പക്റ്റസിലുള്ള തിലക് റെസ്റ്റോറന്റിൽ വച്ച് ഒക്ടോബർ 5ന് 12.30ന് സ്വീകരണം നൽകുന്നു. ഈ സമ്മേളനത്തിലേക്ക് ഷിക്കാഗോയിലുള്ള എല്ലാ മലയാളികളേയും ക്ഷണിക്കുന്നതായി ഓഐസിസി നാഷ്ണൽ വൈസ് പ്രസിഡന്റ് ഗ്ലാഡ്സൺ വർഗീസ്, ഓഐസിസി ഷിക്കാഗോയുടെ പ്രസിഡന്റ് ലുയി ഷിക്കാഗോ, ഓഐസിസി മിഡ് വെസ്റ്റ് ചെയർമാൻ ഡോ.സാൽബി പോൾ ചെന്നോത്ത്, ഓഐസിസി ഷിക്കാഗോ ട്രഷറാർ രാജൻ തോമസ്, സെക്രട്ടറി ഡിനു പാലക്കത്തടം എന്നിവരും മറ്റു കമ്മറ്റി അംഗങ്ങളും അറിയിച്ചു.

സെപ്റ്റംബർ 23ന് ന്യൂയോർക്കിൽ എത്തുന്ന കറ്റാനം ഷാജിക്ക് ഓഐസി വൈസ് പ്രസിഡന്റ് ചാരുമൂട് ജോസിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകുന്നു. അതിനുശേഷം ഫിലാഡൽഫിയ, ഫ്ളോറിഡ, ഡാളസ്, ഹൂസ്റ്റൺ എന്നീ സ്ഥലങ്ങളിലും വിവിധ കോൺഗ്രസ് അനുഭാവികളുടെ നേതൃത്വത്തിൽ സ്വീകരണം നൽകും.

# അമേരിക്കയിൽ മാവേലിയുടെ വരവ് വലിയ കൗതുകമായി



– ജീമോൻ റാന്നി

ഹൂസ്റ്റൺ: ലീഗ് സിറ്റി മലയാളി സമാജത്തിന്റെ ഓണാഘോഷം വളരെ വ്യത്യസ്തവും കൗതുകവും ഉണർത്തി അമേരിക്കൻ മലയാളി സമൂഹത്തിൽ വേറിട്ട് നിന്നു. എന്നും വ്യത്യസ്തമായതും കൗതുകമുണർത്തുന്നതുമായ രീതിയിലാണ് ലീഗ് സിറ്റി മലയാളികൾ പരിപാടികൾ സംഘടിപ്പിക്കുന്നത്.

ഡിക്കിൻസൺ ബേയിൽ നിന്നും ജലമാർഗ്ഗം ചെണ്ടമേളവും, താലപ്പൊലിയുമേന്തിയ ബോട്ടുകളുടെയും, വള്ളങ്ങളുടെയും അകമ്പടിയോടെ എത്തിയ മാവേലിയെ വൻജനാവലിയാണ് വരവേറ്റത്. തുടർന്ന് നൂറുകണക്കിന് ആളുകൾ പങ്കെടുത്ത ഘോഷയാത്രയിൽ പഞ്ചാരിമേളത്തിന്റെയും, പുലികളിയുടെയും അകമ്പടിയോടെ താലപ്പൊലിയേന്തിയ മലയാളി മങ്കകളുടെ മധ്യത്തിൽ വിശിഷ്ടാതിഥികളെയും മഹാബലി തമ്പുരാനേയും ഓണ അരങ്ങിലേക്ക് എഴുന്നള്ളിക്കുകയുണ്ടായി. തുടർന്ന് മഹാബലിയും ലീഗ് സിറ്റി മലയാളി സമാജം ഭാരവാഹികളും ഒന്നിച്ചു ചേർന്ന് നിലവിളക്കു കൊളുത്തി.

ആനകളും, കഥകളിയും, കേരളത്തിന്റെ മറ്റു കലാരൂപങ്ങളുമെല്ലാം ഒരുക്കിക്കൊണ്ടുള്ള ഓഡിറ്റോറിയം തന്നെ വളരെ കൗതുകമുണർത്തുന്നതായിരുന്നു.

2024 സെപ്റ്റംബർ 7ന് വാൾട്ടർ ഹാൾ പാർക്കിലെ ഓഡിറ്റോറിയത്തിൽ നടന്ന ഈ ആഘോഷം, സമാജത്തിലെ അംഗങ്ങളും, ഗാൽവസ്റ്റൻ കൗണ്ടി ഒഫീഷ്യൽസും ഒരുപോലെ ആസ്വദിച്ചു. ആദ്യകാല അമേരിക്കൻ മലയാളികളിൽ പലർക്കും ഇത് അവരുടെ ജീവിതത്തിലെ മറക്കാനാവാത്തതും സന്തോഷം നൽകുന്നതുമായ ഒരു അനുഭവമായിരുന്നു എന്നവർ സാക്ഷ്യപ്പെടുത്തി.

എമി ജെയ്സെന്റയും, എലേന ടെൽസെന്റയും നേതൃത്വത്തിൽ അണിയിച്ചൊരുക്കിയ ഓണപ്പൂക്കളം ഏവരുടേയും ശ്രദ്ധ പിടിച്ചുപറ്റി.

ഉച്ചയോടെ നാടൻ വാഴയിലയിൽ വിളമ്പിയ വളരെ രുചികരമായ ഓണസദ്യയും എല്ലാവരും ആസ്വദിച്ചു.

ഈ ഓണാഘോഷം വഴി സമത്വത്തിന്റെയും, സാഹോദര്യത്തിന്റെയും, സ്നേഹത്തിന്റെയും സന്ദേശം പരത്തി സമാജത്തിലെ അംഗങ്ങളുടെ ഇടയിൽ ബന്ധങ്ങൾ ശക്തപ്പെടുത്തുക എന്ന ലക്ഷ്യം സാധിച്ചെടുത്തു.

സംഘാടകരുമായി ബന്ധപ്പെടേണ്ട നമ്പറുകൾ : പ്രസിഡന്റ് ബിനീഷ് ജോസഫ് 409 256 0873, വൈസ് പ്രസിഡന്റ് ലിഷ ടെൽസൺ 973 477 7775, വൈസ് പ്രസിഡന്റ് സോജൻ ജോർജ് 409 256 9840, സെക്രട്ടറി ഡോ.രാജ്കുമാർ മേനോൻ 262 744 0452, ജോയിന്റ് സെക്രട്ടറി സിഞ്ചു ജേക്കബ് 240 426 1845, ജോയിന്റ് സെക്രട്ടറി ബിജോ സെബാസ്റ്റ്യൻ 409 256 6427, ട്രഷറർ രാജൻകുഞ്ഞ് ഗീവർഗ്ഗീസ് 507 822 0051, ജോയിന്റ് ട്രഷറർ മാത്യു പോൾ 409 454 3472.

# വേൾഡ് മലയാളി കൗൺസിൽ നോർത്ത് ടെക്സാസ് പ്രോവിൻസിന്റെ ഓണാഘോഷം




– ലാലി ജോസഫ്

ഡാളസ്: വേൾഡ് മലയാളി കൗൺസിൽ നോർത്ത് ടെക്സാസ് പ്രൊവിൻസ് സെപ്റ്റംബർ 21–ാം തീയതി ശനിയാഴ്ച സെന്റ് ഇഗ്നേഷ്യസ് ചർച്ച് കരോൾട്ടനിൽ നടത്തിയ ഓണാഘോഷം വർണ്ണാർഭമായി. രാവിലെ പത്തു മണിക്ക് ജോവാനയുടെ പ്രാർത്ഥനാഗാനത്തിനു ശേഷം നോർത്ത് ടെക്സാസ് പ്രോവിൻസ് പ്രസിഡന്റ് ആൻസി തലച്ചെല്ലൂർ അതിഥികൾക്കു ഹാർദ്ദവമായ സ്വാഗതം അർപ്പിച്ചു.

മുഖ്യ അതിഥി സണ്ണി വെയിൽ മേയർ സജി ജോർജ്, ഡബ്ല്യു.എം.സി. ഗ്ലോബൽ ചെയർമാൻ ഗോപാലപിള്ള, ഡബ്ല്യു.എം.സി. അമേരിക്ക റീജിയൺ പ്രസിഡന്റ് ജോൺസൺ തലച്ചെല്ലൂർ, വൈസ് ചെയർ പേഴ്സൺ ശാന്ത പിള്ള, നോർത്ത് ടെക്സാസ് പ്രൊവിൻസ് ചെയർമാൻ സുകു വർഗീസ്, പ്രസിഡന്റ് ആൻസി തലച്ചെല്ലൂർ, സെക്രട്ടറി സ്മിതാ ജോസഫ്, ട്രഷറർ സിറിൽ ചെറിയാൻ എന്നിവർ ദീപം കൊളുത്തി തുടക്കം കുറിച്ചു.

ചീഫ് ഗസ്റ്റ് മേയർ സജി ജോർജ് ഓണസന്ദേശം നൽകി. ഗ്ലോബൽ ചെയർമാൻ ഗോപാലപിള്ള ആശംസാ പ്രസംഗത്തിൽ 2024 ആഗസ്റ്റ് 2,3,4 തീയതികളിൽ തിരുവനന്തപുരത്തു വച്ചു നടന്ന ഗ്ലോബൽ കോൺഫ്രൻസിൽ വേൾഡ് മലയാളി കൗൺസിൽ വയനാട്ടിൽ 14 വീട് നിർമ്മിച്ച് കൊടുക്കുവാൻ എടുത്ത തീരുമാനങ്ങൾ അറിയിച്ചു. അമേരിക്കാ റീജിയൺ പ്രസിഡന്റ് ജോൺസൺ തലച്ചെല്ലൂർ ആശംസകൾ അർപ്പിച്ചു. 2026 ൽ അമേരിക്കയിൽ വച്ച് നടത്താൻ പോകുന്ന ഡബ്ല്യൂ.എം.സി. ഗ്ലോബൽ കോൺഫ്രൻസിലേക്ക് എല്ലാ മെമ്പേഴ്സിനെ ക്ഷണിക്കുകയും എല്ലാവരുടേയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്തു.

ശ്രുതി മധുരമായ ഗാനങ്ങൾ, ഫ്യൂഷൻ ബോളിവുഡ് ഡാൻസ്, സെമിക്ലാസിക്കൽ ഡാൻസ്, ഫ്യൂഷൻ തിരുവാതിര, സംഘഗാനം എന്നീ വിവിധ കലാപരിപാടികൾ അരങ്ങേറുകയുണ്ടായി. ശീതൾ സെബിൻ കൊറിയോഗ്രാഫ് ചെയ്ത നർത്തകി സ്ക്കൂൾ ഓഫ് ഡാൻസിലെ വിവിധ പ്രായക്കാരായ കുട്ടികൾ അവതരിപ്പിച്ച ദൃശ്യ സുന്ദരമായ മൂന്ന് ഗ്രൂപ്പ് ഡാൻസും പ്രത്യേകിച്ച് ചന്ദ്രമുഖി മൂവിയിലെ 'സ്വാഗതാഞ്ജലി' കാണികളുടെ പ്രശംസ പിടിച്ചു പറ്റി. എല്ലാ പ്രോഗ്രാമും ഒന്നിനൊന്ന് മികവുറ്റതായിരുന്നു. അമ്പിളി ടോം ടീമും ബോളിവുഡ് ഫ്യൂഷൻ ഡാൻസ് അവതരിപ്പിച്ചു. വൈശാഖ് നായർ പാടിയ സെമി ക്ലാസിക്കൽ സോംങ്ങ്, എമ്മാ റോബിന്റേയും സ്മിതാ ഷാൻ മാത്യുവിന്റെയും ശ്രുതി മധുരമായ മലയാള ഗാനങ്ങൾ കാണികളുടെ കൈയ്യടി നേടി. സിനിമാ നടിയും സീരിയൽ ആർട്ടിസ്റ്റുമായ രാജലക്ഷ്മിയുടെ സെമി ക്ളാസിക്കൽ നൃത്തം ഈ ഓണാഘോഷത്തിന് മാറ്റു കൂട്ടി. വേൾഡ് മലയാളി കൗൺസിൽ മെമ്പേഴ്സ് അവതരിപ്പിച്ച 'അത്തപ്പൂവേ ചിത്തിരപ്പൂവേ' എന്ന ഓണപ്പാട്ട് സദസിന് ആസ്വാദ്യകരമായ ഒന്നായിരുന്നു. സോനാ ഇത്താക്കന്റെയും സരയുവിന്റെയും ബോളിവുഡ് ഡാൻസ് പ്രേക്ഷകർക്ക് ഒരു വേറിട്ട അനുഭവമായിരുന്നു.

താലപ്പൊലിയും ചെണ്ടമേളത്തിന്റെയും അകമ്പടിയോടെ മഹാബലിയെ വേദിയിലേക്ക് സ്വാഗതം ചെയ്തു. അതിനോട് അനുബന്ധിച്ച് റാണി ബിജുവും സംഘവും ഫ്യൂഷൻ തിരുവാതിര അവതരിപ്പിച്ചു. നോർത്ത് ടെക്സാസ് പ്രൊവിൻസ് വൈസ് പ്രസിഡന്റ് ജോസഫ് മാത്യു (സിജോ) വിന്റെ നന്ദി പ്രകാശനത്തിനു ശേഷം വിഭവ സമൃദ്ധമായ ഓണ സദ്യ വിളമ്പി. അരുൺ കുമാർ മഹാബലിയുടെ വേഷമിട്ടു. സ്മിതാ ജോസഫ്, ആൻസി എന്നിവർ ആയിരുന്നു ഈ പരിപാടിയുടെ എം.സി യുടെ ചുമതല വഹിച്ചത്.

# കേരള കൾച്ചറൽ സെന്റർ സഖാവ് സീതാറാം യെച്ചൂരി അനുസ്മരണവും സെമിനാറും നടത്തി

ചിക്കാഗോ: ഇന്ത്യൻ ജനാധിപത്യത്തിന്റെ ആത്മശക്തികളായ മതേതരത്വവും ബഹുസ്വരതയും കാത്തുസൂക്ഷിക്കുവാൻ തന്റെ വിദ്യാർത്ഥികാലം തൊട്ട് ജീവിതാവസാനം വരെ പോരാടിയ ഇന്ത്യയുടെ വിപ്ലവ നായകൻ സീതാറാം യെച്ചൂരിയുടെ ജീവിത പോരാട്ട സമരങ്ങൾ ചിക്കാഗോയിൽ കൾച്ചറൽ സെന്റർ ഓഫ് ചിക്കാഗോ അനുസ്മരിച്ചു.

16ന് വൈകിട്ട് 8ന് ക്നാനായ പാരിഷ് ഹാളിൽ വച്ചു കൂടിയ അനുസ്മരണ സമ്മേളനം കേരള കൾച്ചറൽ സെന്റർ പ്രസിഡന്റ് ബിജോയ് കാപ്പൻ അധ്യക്ഷത വഹിച്ചു. റോയി മുളക്കുന്നം മുഖ്യ അതിഥിയെ പരിചയപ്പെടുത്തി. സിപിഐയുടെ സംസ്ഥാന സെക്രട്ടറി, ചിന്തകനും വാഗ്മിയും ആയ ബിനോയ് വിശ്വം സീതാറാം യെച്ചൂരിയുമായുള്ള അനുഭവങ്ങൾ പങ്കുവെച്ചു.

ഇന്ത്യയുടെ മതേതരത്വവും, മനുഷ്യത്വവും മാനവികതയും ഒക്കെ അട്ടിമറിക്കപ്പെടുന്ന സാഹചര്യങ്ങളിൽ ഒക്കെ സീതാറാം പോരാട്ടമായി മുന്നിൽ നിന്നിട്ടുണ്ട്. അത്തരത്തിൽ കാലഘട്ടത്തിന് ആവശ്യമായ മതേതരത്വ മൂല്യങ്ങളെ ചേർത്തുപിടിച്ചു കൊണ്ട് മറ്റ് മതേതര പാർട്ടികളുമായി കൈകൊടുത്തു മുന്നോട്ടു പോകുവാൻ സീതാറാം യെച്ചൂരി നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധേയമായിരുന്നു. അത്തരം ചിന്തകൾ നമ്മൾ ഉള്ളിലേക്ക് ആവാഹിച്ചു കൊണ്ട് അതുൾക്കൊണ്ടുകൊണ്ട് നമ്മൾ ആയിരിക്കുന്ന ഇടങ്ങളിൽ പ്രവർത്തിക്കുവാൻ ബിനോയി വിശ്വം അനുസ്മരണ പ്രസംഗത്തിൽ ആഹ്വാനം ചെയ്തു.

തന്റെ ഏറ്റവും പ്രിയപ്പെട്ട ഒരു സഖാവിനെയാണ് തനിക്ക് നഷ്ടമായതെന്നും ആ സഖാവിന് അന്ത്യാഭിവാദ്യമർപ്പിച്ചു കൊണ്ടാണ് തന്റെ പ്രസംഗം അവസാനിപ്പിച്ചത്. ചിക്കാഗോയിലെ വിവിധ രാഷ്ട്രീയ കൂട്ടായ്മകളെ പ്രതിനിധീകരിച്ചുകൊണ്ട്, പീറ്റർകുളങ്ങര, രതീദേവി, സാം തോമസ്, ജയ്പു കുളങ്ങര, സതീശൻ നായർ, സണ്ണി വള്ളിക്കുളം എന്നിവർ പ്രസംഗിച്ചു. ബിൻസി തോമസ് സ്വാഗതവും, ലജി പട്ടേരി മഠത്തിൽ നന്ദിയും പ്രകാശിപ്പിച്ച സമ്മേളനത്തിന് കേരള കൾച്ചറൽ സെന്റർ സെക്രട്ടറി ജോൺ പട്ടപ്പതി, സിബി കദളിമറ്റം എന്നിവർ നേതൃത്വം നൽകി.

അനുസ്മരണ സമ്മേളനത്തിനോട് ചേർന്ന് 'നവകേരള സൃഷ്ടിയിൽ പ്രവാസികളുടെ പങ്ക്' എന്ന വിഷയത്തിൽ ബിനോയി വിശ്വം മുഖ്യപ്രഭാഷണം നടത്തി.

വ്യവസായ മേഖലയിൽ ഉൾപ്പെടെ കേരളം മുന്നോട്ടു കുതിക്കുകയാണ്. അതിദരിദ്രരെ കണ്ടെത്തി അത് നിർമാർജനം ചെയ്യാൻ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. സമസ്ത മേഖലയിലെയും ബഹുജനങ്ങളെ ചേർത്തുപിടിച്ചു കൊണ്ട് ഇടതുപക്ഷ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നു- മറുപടി പ്രസംഗത്തിൽ ബിനോയ് വിശ്വം പറഞ്ഞു.

## ഡോ. അർപിത് മാത്യു, ഡോ. ആമി മാത്യു എന്നിവർക്കു സെന്റ് പോൾസ് മാർത്തോമ്മാ ചർച്ചിൽ ഊഷ്മള സ്വീകരണം



**– പി പി ചെറിയാൻ**

ഡാളസ് : മിഷനറി പ്രവർത്തകരും മധുരയിലെ മധിപുര ക്രിസ്ത്യൻ ഹോസ്പിറ്റലിലെ ഡോക്ടർമാരായ ഡോ. അർപിത് മാത്യുവിനും ഡോ. ആമി മാത്യുവിനും ഡാളസ് സെൻറ് പോൾസ് മാർത്തോമ്മാ ചർച്ചിൽ സ്വീകരണം നൽകി

ഡാളസ് സെൻറ് പോൾസ് മാർത്തോമാ ചർച്ച് യുവജന സഖ്യം സെപ്തംബർ 18 ബുധനാഴ്ച വൈകിട്ട് 7 മണിക്കു പള്ളിയിൽ പ്രത്യേക യോഗത്തിൽ റവ. ഷൈജു സി ജോയ് അദ്ധ്യക്ഷത വഹിച്ചു.

മാധിപുര ക്രിസ്ത്യൻ ഹോസ്പിറ്റലിലെ പ്രവർത്തനത്തിന്റെ പ്രചോദനാത്മകമായ സാക്ഷ്യം ഡോ. മാത്യു പങ്കുവെച്ചത് അനേകരുടെ ഹൃദയത്തെ സ്പർശിച്ചു. പതിവ് അപ്ഡേറ്റുകൾക്കായി എം.സി.എച് വാട്ട്സ് ആപ്പ് കമ്മ്യൂണിറ്റിയിലേക്ക് സബ്സ്ക്രൈബ് ചെയ്യുന്നതിലൂടെ നിരവധി പേർ അവരുടെ ദൗത്യവുമായി ബന്ധം നിലനിർത്താൻ താൽപ്പര്യം പ്രകടിപ്പിച്ചു. പ്രാർത്ഥനാ ഗ്രൂപ്പുകളുമായി സബ്സ്ക്രിപ്ഷൻ ലിങ്ക് പങ്കിടുന്നതിനും ചേരാൻ ആഗ്രഹിക്കുന്നവരെ സ്വാഗതം ചെയ്യുന്നതായും ഡോ. മാത്യു പറഞ്ഞു. ഫലപ്രദമായ മിഷനറി മീറ്റിംഗ് സംഘടിപ്പിച്ചതിന് യുവജന സഖ്യത്തിന് ഡോ. അർപിത് മാത്യു, ഡോ.ആമി എന്നിവർ ഹൃദയം നിറഞ്ഞ നന്ദി അറിയിച്ചു.

സി എസ് ഐ കോൺഗ്രിഗേഷൻ ഓഫ് ഡാളസ് വികാരി റവ. രജീവ് സുകു ജേക്കബ്, യു ടി സൗത്ത് വെസ്റ്റേൺ തൊറാസിക് സുർജെൻ ജോണ് മുറാല, എഡിസൺ കെ ജോൺ എന്നിവർ സംസാരിച്ചു.ടെന്നി കൊരുത്ത സ്വാഗതവും മിറിയ റോയ് നന്ദിയും പറഞ്ഞു. റവ. ഷൈജു സി ജോയിയുടെ പ്രാർത്ഥനയ്ക്കും ആശീർവാദത്തിനും ശേഷം യോഗം സമാപിച്ചു.

## ഇമലയാളി കഥാമത്സരം 2024: കഥകൾ ക്ഷണിക്കുന്നു

ന്യൂയോർക്ക്: അമേരിക്കൻ മലയാളികളുടെ സാഹിത്യ സാംസ്കാരിക പ്രസിദ്ധീകരണമായ ഇമലയാളി, ലോക മലയാളികൾക്കായി പ്രതിവർഷം സംഘടിപ്പിക്കാറുള്ള കഥാമത്സരത്തിലേക്ക് കഥകൾ ക്ഷണിക്കുന്നു. ഒന്നാം സമ്മാനം 50,000 രൂപയും രണ്ടാം സമ്മാനം 25000 രൂപയും മൂന്നാം സമ്മാനം 15000 രൂപയുമാണ് സമ്മാനത്തുക. കൂടാതെ ജൂറി പുരസ്കാരങ്ങളും (അംഗീകാരപത്രം മാത്രം) നൽകും.

കഥകൾ ആറു പേജിൽ കവിയരുത്, ഗൂഗിൾ എഴുത്തുപകരണങ്ങളിലെ ഫോണ്ട് ഉപയോഗിക്കുക (യൂണിക്കോട്, എം.എൽ.ടി.ടി കാർത്തിക എന്നിവയുമാകാം), എഴുത്തുകാരനെക്കുറിച്ചുള്ള ലഘുവിവരണവും ഫോട്ടോയും ഉൾപ്പെടുത്തണം. പ്രായ പരിധിയില്ല, മതനിന്ദ പ്രകടിപ്പിക്കുന്നതോ, അശ്ളീല ചുവയുള്ളതോ ആയ കഥകൾ സ്വീകാര്യമല്ല. കഥകൾ മുമ്പ് പ്രസിദ്ധീകരിച്ചിട്ടില്ലെന്ന സ്വന്തം സാക്ഷ്യപത്രവും കഥകൾക്കൊപ്പം അയക്കേണ്ടതുണ്ട്. മത്സരത്തിന് ലഭിക്കുന്ന കഥകൾ കിട്ടുന്ന മുറക്ക് ഇമലയാളി പ്രസിദ്ധീകരിക്കും. ഇതുവഴി വായനക്കാർക്കും അഭിപ്രായം പ്രകടിപ്പിക്കാനാകും . മത്സരം സംബന്ധിച്ച് വിധികർത്താക്കളുടെയും ഇമലയാളിയുടെയും തീരുമാനം അന്തിമമായിരിക്കും.

ഇമലയാളി നിയോഗിക്കുന്ന വിധികർത്താക്കളുടെ ഒരു പാനൽ ഈ കഥകൾ വിലയിരുത്തി സമ്മാനാർഹരായവരെ തിരഞ്ഞെടുക്കും. വിജയികളെ പുതുവർഷപ്പുലരിയിൽ (ജനുവരി 1, 2025) പ്രഖ്യാപിക്കും. കഥകൾ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 31, 2024.

കഥകൾ അയക്കേണ്ട വിലാസം
mag@emalayalee.com.
സുധീർ പണിക്കവീട്ടിലുമായി ടെക്സ്റ്റ് ടോക്കിലൂടെ ബന്ധപ്പെടാം. 718 570 4020

6th October

World Cerebral Palsy Day: Highlights the needs and rights of individuals with cerebral palsy.

World Smile Day: Encourages acts of kindness and spreading smiles to foster happiness.

German-American Day: Celebrates the contributions of German-Americans to U.S. culture and society.

7th October

World Cotton Day: Promotes the cotton industry's role in global economies and the livelihoods dependent on it.

## ടെക് കമ്പനികൾ ഐഎ സാങ്കേതിക വിദ്യയ്ക്ക് പ്രാധാന്യം നൽകണമെന്ന് മോദിയുമായുള്ള കൂടിക്കാഴ്ചയെപ്പറ്റി സുന്ദർ പിച്ചൈ



യുഎസ് സന്ദർശനത്തിനിടെ ആഗോള ടെക് കമ്പനികളുടെ സിഇഒമാരുമായി കൂടിക്കാഴ്ച നടത്തി പ്രധാനമന്ത്രി നരേന്ദ്രമോദി. മോദിയുമായുള്ള കൂടിക്കാഴ്ചയെപ്പറ്റി പ്രതികരിച്ച് ഗൂഗിൾ സിഇഒ സുന്ദർ പിച്ചൈ രംഗത്തെത്തി.

ടെക് കമ്പനികൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (ഐഎ) സാങ്കേതിക വിദ്യയ്ക്ക് പ്രാധാന്യം നൽകണമെന്ന് മോദി പറഞ്ഞു. അതിലൂടെ ഇന്ത്യയിലെ സാധാരണ ജനങ്ങൾക്കും ഗുണം ലഭിക്കുമെന്നും മോദി പറഞ്ഞതായി സുന്ദർ പിച്ചൈ കൂട്ടിച്ചേർത്തു.

മോദിയുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം സാങ്കേതിക വളർച്ചയ്ക്കുള്ള ഗൂഗിളിന്റെ ശ്രമങ്ങളെപ്പറ്റിയും ഇന്ത്യയുടെ കാഴ്ചപ്പാടിനെ കുറിച്ചും സുന്ദർ പിച്ചൈ വിശദീകരിച്ചു.

'ഇത് ഡിജിറ്റൽ ഇന്ത്യയുടെ ദർശനമാണ്. ഇന്ത്യയിൽ ഗൂഗിൾ ഉത്പന്നങ്ങളുടെ ഡിസൈനിംഗും നിർമ്മാണവും തുടരാൻ പ്രധാനമന്ത്രി മോദി ഞങ്ങളെ പ്രോത്സാഹിപ്പിച്ചു. ഇപ്പോൾ ഞങ്ങളുടെ കൈവശം ഇന്ത്യയിൽ നിർമ്മിച്ച പിക്സൽ ഫോണുകൾ ഉണ്ട്. അതിൽ ഞങ്ങൾ അഭിമാനിക്കുന്നു'– സുന്ദർ പിച്ചൈ വ്യക്തമാക്കി.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിനോടുള്ള പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സമീപനത്തെ കുറിച്ചും പിച്ചൈ എടുത്തു പറഞ്ഞു.

'ഇന്ത്യയിലെ ജനങ്ങൾക്ക് ഐഎ എങ്ങനെ പ്രയോജനകരമാക്കാം എന്നതിനെക്കുറിച്ചാണ് അദ്ദേഹം ശരിക്കും ചിന്തിക്കുന്നത്. ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, കൃഷി എന്നിവയിൽ വലിയ മാറ്റം കൊണ്ടുവരാൻ കഴിയുന്ന ആപ്ലിക്കേഷനുകൾ നിർമിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. ഇന്ത്യയുടെ അടിസ്ഥാന സൗകര്യവികസനത്തിനായും നിർമിതബുദ്ധി ഉപയോഗപ്പെടുത്തണമെന്ന് അദ്ദേഹം പറഞ്ഞു'– സുന്ദർ പിച്ചൈ പറഞ്ഞു.

' ഇന്ത്യയുമായി സഹകരിക്കുന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു. ഞങ്ങൾ ഇവിടെ അകയിൽ കാര്യമായ നിക്ഷേപം നടത്തി. പങ്കാളിത്തത്തോടെ ഭാവിയിൽ കൂടുതൽ കാര്യങ്ങൾ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു – സുന്ദർ പിച്ചൈ കൂട്ടിച്ചേർത്തു.

ലോട്ടെ ന്യൂയോർക്ക് പാലസ് ഹോട്ടലിൽ പ്രധാനമന്ത്രിയുടെ യുഎസ് സന്ദർശനത്തിന്റെ രണ്ടാം ദിവസമായ ഞായറാഴ്ചയായിരുന്നു കൂടിക്കാഴ്ച.

## ബിനോയ് വിശ്വത്തിനു പ്രവാസി മിത്രം അവാർഡ് സമ്മാനിച്ചു



ന്യൂ യോർക്ക്: പൊതുരംഗത്തും വ്യക്തിജീവിതത്തിലും മൂല്യങ്ങൾ കാത്തു സൂക്ഷിക്കുന്ന ചുരുക്കം രാഷ്ട്രീയക്കാരിലൊരാളായ സി പി.ഐ. സെക്രട്ടറി ബിനോയ് വിശ്വത്തിനു 'പ്രവാസി മിത്രം' അവാർഡ് നൽകി ആദരിച്ചു.

കേരള കൾച്ചറൽ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ (കെ.സി.എ.എൻ.എ) വർണാഭമായ ഓണാഘോഷച്ചടങ്ങിൽ വച്ച് പ്രവാസി ചാനൽ ചെയർമാൻ വർക്കി എബ്രഹാം അവാർഡ് സമ്മാനിച്ചു.

കെ.സി.എ.എൻ.എ പ്രസിഡന്റ് ഫിലിപ്പ് മഠത്തിൽ അടക്കം ഒട്ടേറെ സംഘടനാ നേതാക്കളും പങ്കെടുത്തു.

പ്രവാസികളുടെ ഉറ്റ സുഹൃത്തു കൂടിയാണ് ബിനോയ് വിശ്വമെന്ന് അദ്ദേഹത്തെ ചടങ്ങിലേക്ക് ക്ഷണിച്ചു കൊണ്ട് ജോർജ് ജോസഫ് (ഇമലയാളി) പറഞ്ഞു. ഫൊക്കാന ഫോമാ സമ്മേളനങ്ങളിലും പ്രസ് ക്ലബിന്റെ സമ്മേളനങ്ങളിലും പലവട്ടം അതിഥിയായി അദ്ദേഹം വന്നിട്ടുണ്ട്. പ്രവാസികളുടെ ആവശ്യങ്ങളും അവരുടെ വ്യക്തിപരമായ പ്രശ്നങ്ങളും പരിഹരിക്കാൻ അദ്ദേഹം എപ്പോഴും മുൻനിരയിൽ തന്നെയുണ്ട്.

കേരളത്തിലെ ഭരണചക്രം തിരിക്കുന്ന പ്രധാനപ്പെട്ട പാർട്ടികളിൽ ഒന്നിന്റെ നേതാവാണെങ്കിലും നമുക്കൊപ്പം സാധാരണക്കാരനായി ഇടപഴകുന്ന നേതാവാണദ്ദേഹം. അദ്ദേഹത്തിന് ഈ അവാർഡ് നൽകുന്നത് എന്തുകൊണ്ടും സാർത്ഥകമാണ്.

അവാർഡിന് നന്ദി പറഞ്ഞ ബിനോയി വിശ്വം പ്രവാസികൾ നൽകുന്ന സ്നേഹത്തിനു നന്ദി പറഞ്ഞു. പ്രവാസി പ്രശ്നങ്ങളിൽ തന്നാൽ കഴിയുന്ന എന്ത് സഹായവും വാഗ്ദാനം ചെയ്യുകയും ചെയ്തു.

അവാർഡ് സ്വീകരിച്ച ബിനോയ് വിശ്വത്തിനും അതിനു വേദി ഒരുക്കിയ കെ.സി.എൻ.എക്കും വർക്കി എബ്രഹാം നന്ദി പറഞ്ഞു. പ്രവാസി ചാനലിന്റെ സാരഥികളായ ജോൺ ടൈറ്റസ്, ബേബി ഊരാളിൽ, ജോയി നേടിയകാലായിൽ, സുനിൽ ട്രൈസ്റ്റാർ എന്നിവരും ചേർന്നാണ് അവാർഡ് രൂപകൽപ്പന ചെയ്തത്.

എൽമോണ്ടിലുള്ള സെൻറ് വിൻസെൻറ് ഡീപോൾ സീറോ മലങ്കര കത്തോലിക്ക കത്തീഡ്രൽ ഹാളിൽ ആയിരുന്നു ചടങ്ങ്.

കഴിഞ്ഞ ഡിസംബറിൽ സിപിഐ സ്റ്റേറ്റ് സെക്രട്ടറിയായി ചുമതലയേറ്റ ബിനോയ് വിശ്വം വി.എസ്. അച്യുതാനന്ദൻ മന്ത്രിസഭയിൽ വനം വകുപ്പ് മന്ത്രിയായിരുന്നു. 2001, 2006 നിയമസഭാതെരഞ്ഞെടുപ്പുകളിൽ കോഴിക്കോട് ജില്ലയിലെ നാദാപുരത്തുനിന്നും നിന്നും രണ്ടുതവണ തുടർച്ചയായി മത്സരിച്ചു വിജയിച്ചു. 2018 മുതൽ 2024 വരെ കേരളത്തിൽ നിന്നുള്ള രാജ്യസഭാംഗമായും പ്രവർത്തിച്ചിട്ടുണ്ട്. എം.എ, എൽ.എൽ.ബി. ബിരുദധാരിയാണ്.

അമേരിക്കയിൽ നിന്നുള്ള 24 മണിക്കൂർ ചാനലായ പ്രവാസി ചാനൽ 13 വർഷം പിന്നിട്ടു. അമേരിക്കൻ മലയാളികൾക്ക് മുൻഗണന നൽകുന്ന ചാനൽ, ലോകമെങ്ങും നിന്നുള്ള വാർത്തകളും വിശേഷങ്ങളും നമ്മുടെ സ്വീകരണമുറിയിൽ എത്തിക്കുന്നു.

## ഫൊക്കാനയുടെ ന്യൂസ് ടീമിൽ അനിൽ കുമാർ ആറന്മുള, പി.ഡി.ജോർജ് നടവയൽ, സന്തോഷ് എബ്രഹാം, സരൂപ അനിൽ

**- ശ്രീകുമാർ ഉണ്ണിത്താൻ**



ന്യൂ യോർക്ക്: ഫൊക്കാനയുടെ ന്യൂസ് ടീം അംഗങ്ങൾ ആയി അനിൽ കുമാർ ആറന്മുള, പി ഡി ജോർജ് നടവയൽ, സന്തോഷ് എബ്രഹാം, സരൂപ അനിൽ എന്നിവരെ നിയമിച്ചതായി പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

ഈ രണ്ടു വർഷക്കാലം ഫൊക്കാനയുടെ പ്രവർത്തനങ്ങൾ എങ്ങനെ ജനങ്ങളിൽ എത്തിക്കാം എന്ന ലക്ഷ്യബോധത്തോടെയും കാഴ്ചപ്പാടോടെ കൂടിയുമാണ് ഈ ടീം രംഗത്തേക്ക് വരുന്നത്. ഫൊക്കാനയുടെ പ്രവർത്തനങ്ങൾ സമൂഹത്തിൽ എത്തിക്കുക എന്ന കർത്തവ്യമാണ് ന്യൂസ് ടീമിന്റേത്. അത് കണ്ടറിഞ്ഞു, മാധ്യമ രംഗത്ത് പരിചയവും കഴിവുമുള്ളവരാണ് ഈ ടീമിന്റെ ഭാഗമായി മുന്നോട്ട് വരുന്നത്.

ഫൊക്കാനക്കു സമൂഹത്തിൽ വളരെ അധികം സ്വാധീനം ചെലുത്തുവാൻ കഴിയുന്ന 22 ഓളം പദ്ധതികളും, അതിന്റെ ഉപപദ്ധതികളും മറ്റ് പ്രോജെക്ടുകളുമായി ഈ രണ്ടു വർഷക്കാലം ഫൊക്കാനയുടെ മുഖമുദ്ര തന്നെ മാറ്റുന്ന പ്രവർത്തനങ്ങൾ ആണ് ഫൊക്കാന കമ്മിറ്റി പ്ലാൻ ചെയ്തു മുന്നോട്ട് കൊണ്ട് പോകുന്നത്. അതുകൊണ്ടു തന്നെ ഫൊക്കാന ന്യൂസ് ടീമിന് വളരെ അധികം പ്രാധാന്യമാണ് ഉള്ളത്. കാലാകാലങ്ങളിൽ സമൂഹത്തിൽ വരുന്ന മാറ്റങ്ങൾ അനുസരിച്ചു ഫൊക്കാനയുടെ പ്രവർത്തനവും വിപുലീകരിക്കേണ്ടുന്നത് അനിവാര്യമാണ്. അത് കണ്ടറിഞ്ഞുള്ള ഒരു പ്രവർത്തനമാണ് ഫൊക്കാനയുടെ ഈ കമ്മിറ്റി മുന്നോട്ട് വെയ്ക്കുന്നത്.

പ്രമുഖ അമേരിക്കൻ മലയാളി മാധ്യമ പ്രവർത്തകനും, എഴുത്തുകാരനുമായ അനിൽ ആറൻമുള ഇന്ത്യാ പ്രസ്ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ വൈസ് പ്രസിഡന്റ് കൂടിയാണ്. വളരെ അധികം സാഹിത്യ സൃഷ്ടികളുടെ രചയിതാവ് കൂടിയാണ് അദ്ദേഹം. അമേരിക്കൻ മലയാളികൾക്കിടയിൽ സർവ്വസമ്മതനും, ഏറെ ജനപ്രീതിയുള്ള സാംസ്കാരിക പ്രവർത്തകനുമായ അനിൽ മികച്ച സംഘാടകനും മലയാളികൾക്കിടയിലെ അറിയപ്പെടുന്ന വ്യക്തിത്വത്തിന്റെ ഉടമയുമാണ്. മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റന്റെ (മാഗ്) പ്രസിഡന്റായും, അനിൽ കുമാർ ആറന്മുള സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കുടുംബസമേതം ഹൂസ്റ്റണിൽ ആണ് താമസം.

2004 ലെ ഫൊക്കാനാ മീഡിയാ എക്സലൻസ് അവാഡ് ജേതാവാണ് ജോർജ് നടവയൽ. 2008ൽ ഫൊക്കാനാ സ്പൊക്സ് പേഴ്സൺ ആയിരുന്നു. മുട്ടത്തു വർക്കി സെന്റിനറി കമ്മറ്റിയുടെ 2014 ലെ ഗ്ളോബൽ ലിറ്ററി അവാർഡ്, ഫോമയുടെ 2012 ലെ ലിറ്ററി അവാർഡ് ഉൾപ്പെടെ വിവിധ പുരസ്കാരങ്ങൾ അലങ്കരിക്കുന്നു. പമ്പാ മലയാളി അസോസിയേഷന്റെ മുൻ ജനറൽ സെക്രട്ടറി, മാപ് മലയാളി അസോസിയേഷന്റെ മുൻ ജോയിന്റ് സെക്രട്ടറി, ഇന്ത്യാ പ്രസ് ക്ലബ് ഫിലഡൽഫിയാ ചാപ്റ്ററിന്റെ മുൻ പ്രസിഡന്റ്, ലാനാ ലിറ്ററി അസോസിയേഷന്റെ മുൻ വൈസ് പ്രസിഡന്റ്, ട്രൈസ്റ്റേറ്റ് കേരളാ ഫോറം മുൻ ചെയർമാൻ, പിയാനോ നേഴ്സസ് അസോസിയേഷന്റെ മുൻ പ്രസിഡന്റ്, ഓർമാ ഇന്റർനാഷണൽ പ്രസിഡന്റ്, മുൻ കേരളാ പി എസ് സി സെക്ഷൻ ഓഫീസർ, ഇന്ത്യൻ എംബസ്സി സ്കൂൾ മുൻ അദ്ധ്യാപകൻ, മുൻ ഗ്രാമീൺ ബാങ്ക് ഉദ്യോഗസ്ഥൻ, ഇന്ത്യൻ എയർഫോഴ്സിൽ മുൻ എഡ്യൂക്കേഷണൽ ഇൻസ്ട്രക്ടർ (യൂടി), മുൻ വയനാട് ലൈബ്രറി ആന്റ് ലിറ്ററി കോഓപ്പറേറ്റിവ് സൊസൈറ്റി ഡയറക്ടർ, മുൻ വയനാട് എഡ്യൂക്കേഷണൽ സൊസൈറ്റി ഡയറക്ടർ എന്നിങ്ങനെ വിവിധ സമൂഹ്യസേവന മുദ്രകൾക്കുടമയാണ്. പെൻസിൽ വേനിയാ കോമൺവെൽത്തിൽ ഉദ്യോഗം.

പ്രമുഖ എഴുത്തുകാരനായ സന്തോഷ് എബ്രഹാം അറിയപ്പെടുന്ന മാധ്യമ പ്രവർത്തകൻ കൂടിയാണ്.വേൾഡ് മലയാളി കൗൺസിൽ പെൻസിൽവേനിയ പ്രൊവിൻസിന്റെ പ്രധാന പ്രവർത്തകൻ ആയിരുന്ന ഇദ്ദേഹം വേൾഡ് മലയാളി കൗൺസിലിന്റെ പിആർഓ ആയും പ്രവർത്തിച്ചിരുന്നു. ഫിലാഡൽഫിയായിലെ പ്രമുഖ മലയാളീ സംഘടനയായ(മലയാളീ അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയായുടെ (മാപ്പിന്റെ) പ്രധാന പ്രവർത്തകൻ കൂടിയ ഇദ്ദേഹം ഓവർസീസ് കോൺഗ്രസിന്റെ ഭാരവാഹികൂടിയാണ്. സാമൂഹ്യസംഘടനകളിൽ എന്നത് പോലെ മതസംഘടനകളിലും ഉജ്ജ്വല പ്രവർത്തനം കാഴ്ചവെയ്ക്കുന്ന വ്യക്തികൂടിയാണ്. കുടുംബസമേതം ഫിലാഡൽഫിയായിൽ ആണ് താമസം

അറിയപ്പെടുന്ന നർത്തകി എഴുത്തുകാരി. അവതാരിക, സംഘടനാ പ്രവർത്തക, മതസാംസ്കാരിക പ്രവർത്തക, കമ്പ്യൂട്ടർ പ്രൊഫഷണൽ തുടങ്ങി നിരവധി മേഖലകളിൽ തനതായ വ്യക്തി മുദ്ര പതിപ്പിച്ച ബഹുമുഖപ്രതിഭയാണ് വാഷിങ്ടൺ ഡിസിക്കാരുടെ അഭിമാനമായ സരൂപ അനിൽ. നോർത്ത് അമേരിക്കയിലെ വിവിധ സാമൂഹ്യ സന്നദ്ധ സംഘടനകളിൽ സജീവ സാനിധ്യം ആയ സ്വരൂപ മന്ത്രയുടെ ഭാഗമായ സുവനീറിന്റെ ചീഫ് എഡിറ്റർ ആയും പ്രവർത്തിച്ചിട്ടുണ്ട്. ഇന്ത്യയിലും, അമേരിക്കയിലും അറിയപ്പെടുന്ന നർ

## കേരള അസോസിയേഷൻ ഓഫ് ഡാലസ് എഡ്യൂക്കേഷൻ ക്യാഷ് അവാർഡുകൾ വിതരണം



**- പി പി ചെറിയാൻ**

ഡാളസ്: കേരള അസോസിയേഷൻ ഓഫ് ഡാലസ് എഡ്യൂക്കേഷൻ ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു. കേരള അസോസിയേഷൻ ഓഫ് ഡാലസിന്റെയും ഇന്ത്യ കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെന്ററിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നടന്ന ഓണാഘോഷത്തിൽ അവാർഡ് വിതരണം നടത്തി.

14 ശനിയാഴ്ച ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമാ ചർച്ച് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ അസോസിയേഷൻ പ്രസിഡന്റ് പ്രദീപ് നാഗനൂലിൽ അദ്ധ്യക്ഷത വഹിച്ചു. കേരളത്തിൽ നിന്നും എത്തിച്ചേർന്ന സിപിഐ ജനറൽ സെക്രട്ടറി ബിനോയ് വിശ്വം (കേരള)മുഖ്യാതിഥിയായിരിന്നു.

അവാർഡിനർഹമായ വിദ്യാർഥികൾക്കു മുഖ്യാതിഥിയും, ഇന്ത്യ കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെന്റർ പ്രസിഡന്റ് ഷിജു എബ്രഹാം ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു.

അഞ്ചാം ക്ലാസ് ഒന്നാം സമ്മാനം ഗൗതം ഉണ്ണിത്താൻ, രണ്ടാം സമ്മാനം ജെസ്വിൻ ജെ ജോയ്എട്ടാം ക്ലാസ് ഒന്നാം സമ്മാനം ഗൗരി വിനീഷ്, രണ്ടാം സമ്മാനം എയ്ഡൻ ജോർജ്, 12-ാം ക്ലാസ് ഒന്നാം സമ്മാനം ജോനാഥൻ ജോസ് രണ്ടാം സമ്മാനം അലക്സി തോമസ് എന്നിവരാണ് അർഹരായവർ. സണ്ണി ജേക്കബ്, ഐപ്പ് സ്കറിയ, രമണികുമാർ, ജോസഫ് ചാണ്ടി, ഇർവിംഗ് ഡി.എഫ്.ഡബ്ല്യു. ഇന്ത്യൻ ലയൺസ് ക്ലബ്ബ്, ജോർജ് ജോസഫ് വിലങ്ങോലിൽ എന്നിവരാണ് അവാർഡുകൾ സ്പോൺസർ ചെയ്തിരുന്നത്.

എഡ്യൂക്കേഷൻ ഡയറക്ടർ ഡിംപിൾ ജോസഫ് സ്വാഗതവും, അസോസിയേഷൻ സെക്രട്ടറി മൻജിത് കൈനിക്കര നന്ദിയും പറഞ്ഞു.

ആർട്ട് ഡയറക്ടർ സുബി ഫിലിപ്പ്, ജോബി വർഗീസ്, പ്രമീള അജയ്, ദേവാനന്ദ അനൂപ് എന്നിവർ പരിപാടികൾ നിയന്ത്രിച്ചു. ഇന്ത്യ കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെന്റർ സെക്രട്ടറി സൈമൺ ജേക്കബ്, ജെയ്സി ജോർജ്, വിനോദ് ജോർജ്, ബേബി കൊടുവത്തു, ദീപക് നായർ, ദീപു രവീന്ദ്രൻ, സാബു മാത്യു, ഫ്രാൻസിസ് തോട്ടത്തിൽ, ഹരിദാസ് തങ്കപ്പൻ, അനശ്വരൻ മാംമ്പിള്ളി, രാജൻ ഐസക്, ദീപു രവീന്ദ്രൻ, സബു മുക്കാൽ ഡി, സിജു വി ജോർജ് എന്നിവർ നേതൃത്വം നൽകി.

## പി.സി മാത്യു ഫോർ ഗാർലാൻഡ് മേയർ 2025 തിരഞ്ഞെടുപ്പ് പ്രചാരണം പാസ്റ്റർ ഷാജി കെ. ഡാനിയേൽ നിർവഹിച്ചു



ഡാളസ്: 2025ൽ നടക്കുന്ന മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ ഒഴിവുവരുന്ന മേയർ സ്ഥാനത്തേക്ക് ഗാർലണ്ടിൽ മത്സരിക്കുന്ന പി.സി. മാത്യുവിന്റെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഉദ്ഘാടനം സമർപ്പണത്തോടെയുള്ള പ്രാർത്ഥനയോടെ സീനിയർ പാസ്റ്ററും അഗപ്പേ ഹോംഹെൽത്ത് പ്രസിഡന്റും കൂടിയായ പാസ്റ്റർ ഷാജി ജി കെ. ഡാനിയേൽ നിർവഹിച്ചു. പി.സി. മാത്യു അഗപ്പേ ചർച്ചിന്റെ സന്തത സഹചാരിയും സപ്പോർട്ടറുമാണെന്നും എല്ലാ പിന്തുണയും നൽകി വിജയിപ്പിക്കണമെന്നും ആമുഖ പ്രസംഗത്തിൽ പറഞ്ഞു. മുനിസിപ്പൽ ഇലക്ഷൻ രാഷ്ട്രീയത്തിന് അതീതം ആണെന്നും അദ്ദേഹം എടുത്തു പറയുകയുണ്ടായി.

സ്പാനിഷ് ചർച്ച് പാസ്റ്റർ ഹോസെ, സീനിയർ പാസ്റ്റർ കോശി, യൂത്ത് പാസ്റ്റർ ജെഫ്റി എന്നിവരും പങ്കെടുത്ത യോഗത്തിൽ പി.സി.മാത്യു താൻ ഗാർലാൻഡിനുവേണ്ടി വിഭാവനം ചെയ്യാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ ചുരുക്കത്തിൽ പറഞ്ഞു.

പൗരന്മാരുടെ സുരക്ഷാ, സാമ്പത്തിക വളർച്ച, സിറ്റിയുടെ ജിയോഗ്രഫിക്കൽ ഇൻഫ്രാസ്ട്രക്ച്ചർ പുനരുദ്ധീകരണം എന്നിവക്ക് പ്രാധാന്യം നല്കുന്നതോടപ്പം വളർന്നു വരുന്ന ജനസംഖ്യക്ക് ആനുപാതികമായി വേണ്ട സഹായങ്ങൾ നൽകുക, നോൺ പ്രോഫിറ്റ് ഓർഗനൈസേഷനുകളുടെ കൂട്ടത്തിൽ പെടുത്തുവാൻ കഴിയുന്ന സംഘടനകൾക്കും റിലീജിയസ് സ്ഥാപനങ്ങൾക്കും ആവശ്യടിസ്ഥാനത്തിൽ മുൻഗണന നൽകുക മുതലായവ തന്റെ ലക്ഷ്യങ്ങളിൽ പെടുന്നു എന്ന് പി.സി. മാത്യു പറഞ്ഞു.

ഗാർലാണ്ടിലെ മാത്രമല്ല ഡാലസിലെയും അമേരിക്കയിലെ തന്നെ മലയാളികൾക്കു അഭിമാനമായി ആദ്യമായി 2021 ൽ താൻ സിറ്റി കൗൺസിലിൽ മത്സരിക്കുവാൻ കാട്ടിയ പ്രചോദനത്തിന്റെ പിന്നിൽ മലയാളികൾ തന്നെ ആയിരുന്നു എന്ന് പി.സി. പറഞ്ഞു. കഴിഞ്ഞ നാലുവർഷം ഗാർലണ്ടിൽ നിരന്തരമായി പ്രവർത്തിച്ചു വരുന്നതിനാൽ താൻ വളരെ ആത്മവിശ്വസത്തോടെ ആണ് തിരഞ്ഞെടുപ്പിനെ നേരിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

ഡാളസ്, ന്യൂ ടെസ്റ്റ്മെന്റ് ചർച്ചിൽ 2005 മുതൽ അംഗമായിട്ടുള്ള പി. സി. മാത്യുവിന് പാസ്റ്റർ കാർലാൻഡ് റൈറ്റിന്റെയും പ്രാർത്ഥനയും അനുഗ്രഹവും ഉണ്ടെന്നു പി. സി. മാത്യു പറഞ്ഞു. ഒപ്പം എല്ലാവരുടെയും പിന്തുണയും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നതായും പി. സി. മാത്യു പറഞ്ഞു.

## ന്യൂയോർക്ക് സംസ്ഥാനം ഈസ്റ്റേൺ എക്വിൻ എൻസെഫലൈറ്റിസ് ആദ്യ മനുഷ്യ കേസ് റിപ്പോർട്ട് ചെയ്യപ്പെട്ടു

**– പി പി ചെറിയാൻ**

ന്യൂയോർക്ക്: സംസ്ഥാനം ഏകദേശം ഒരു ദശാബ്ദത്തിനിടയിലെ ഈസ്റ്റേൺ എകിൻ എൻസെഫലൈറ്റിസ് എന്ന ആദ്യത്തെ കേസ് വെള്ളിയാഴ്ച റിപ്പോർട്ട് ചെയ്തു.

അൾസ്റ്റർ കൗണ്ടിയിൽ കൊതുകു പരത്തുന്ന അപൂർവ വൈറസ് കണ്ടെത്തിയതായി ന്യൂയോർക്ക് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് അറിയിച്ചു. വ്യക്തിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.

അൾസ്റ്റർ കൗണ്ടി ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് നിലവിൽ കേസ് അന്വേഷിക്കുകയാണ്, 2015 ന് ശേഷം ന്യൂയോർക്ക് സ്റ്റേറ്റിൽ സ്ഥിരീകരിച്ച ആദ്യത്തെ കേസാണിതെന്ന് ആരോഗ്യ ഉദ്യോഗസ്ഥർ പറഞ്ഞു.ഇ ൗസ്റ്റേൺ എകിൻ എൻസെഫലൈറ്റിസ് വാക്സിൻ ഇല്ലാത്ത ഗുരുതരമായതും മാരകവുമായ കൊതുക് പരത്തുന്ന രോഗമാണ്,ന്യൂയോർക്ക് സ്റ്റേറ്റ് ഹെൽത്ത് കമ്മീഷണർ ഡോ. ജെയിംസ് മക്ഡൊണാൾഡ് പ്രസ്താവനയിൽ പറഞ്ഞു.

ഇഇഇ ബാധിച്ചവരിൽ ഭൂരിഭാഗവും രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നില്ല. യു.എസ്. സെന്റർസ് ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷന്റെ അഭിപ്രായത്തിൽ, രോഗലക്ഷണങ്ങളിൽ പനി, തലവേദന, ഛർദ്ദി, വയറിളക്കം, അപസ്മാരം, പെരുമാറ്റ വ്യതിയാനങ്ങൾ, മയക്കം എന്നിവ ഉൾപ്പെടാം. സിഡിസിയുടെ കണക്കനുസരിച്ച്, ഗുരുതരമായ കേസുകൾ വികസിപ്പിക്കുന്നവരിൽ ഏകദേശം മൂന്നിലൊന്ന് ആളുകളും മരിക്കുന്നു.

## പിതാവിനെ ആക്രമിച്ച കരടിയെ വെടിവെച്ചു കൊന്ന് 12 വയസ്സുകാരൻ അച്ഛന്റെ ജീവൻ രക്ഷിച്ചു

**– പി പി ചെറിയാൻ**

വിസ്കോൺസിൻ: സെപ്തംബർ ആദ്യവാരം വേട്ടയാടുന്നതിനിടയിൽ ഒരു കരടിയുടെ ആക്രമണത്തിന് ശേഷം തനിക്ക് ജീവിച്ചിരിക്കാൻ ഭാഗ്യമുണ്ടായിയെന്നു ഒരു വിസ്കോൺസിൻ പിതാവ് പറയുന്നു. 43 കാരനായ റയാൻ ബെയർമാനും 12 വയസ്സുള്ള മകൻ ഓവനും ഈ ആഴ്ച മിനിയാപൊളിസ് സ്റ്റാർ ട്രിബ്യൂണിൽ മരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ പങ്കുവെച്ചു.

തന്റെ ചെറിയ മകൻ ഇല്ലായിരുന്നെങ്കിൽ ഒരുപക്ഷേ താൻ അതിജീവിക്കില്ലായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കരടിയെ വെടിവെച്ച് കൊല്ലാൻ ഓവൻ തന്റെ വേട്ടയാടൽ റൈഫിൾ ഉപയോഗിച്ചതായി ബെയർമാൻ പറഞ്ഞു. കരടിയുടെ ശരീരത്തിലൂടെ ബുള്ളറ്റ് പോകുന്നത് തനിക്ക് അനുഭവപ്പെട്ടു,ബെയർമാൻ പറഞ്ഞു.

ബെയർമാന്റെ മുഖത്ത് വലിയ മുറിവുകളും നെറ്റിയിലും വലതു കൈയിലും കാലിലും മറ്റ് മുറിവുകളും കുത്തുകളും ഉണ്ടായതായി സ്റ്റാർ ട്രിബ്യൂൺ റിപ്പോർട്ട് ചെയ്തു.

അടുത്തുള്ള ആശുപത്രിയിൽ എത്താൻ അയൽക്കാർ ബെയർമാനെ സഹായിച്ചു.

വിസ്കോൺസിൻ ഡിപ്പാർട്ട്മെന്റ് ഓഫ് നാച്ചുറൽ റിസോഴ്സസ് സ്റ്റാർ ട്രിബ്യൂണിനോട് ബീയർമാൻസിന്റെ കഥ സ്ഥിരീകരിക്കുകയും പിതാവും മകനും വേട്ടയാടിയതു നിയമപരമാണെന്ന് പറഞ്ഞു.

## അഡ്വ. വർഗ്ഗീസ് മാമ്മന് ഫ്ലോറിഡയിൽ ഊഷ്മള സ്വീകരണം



അമേരിക്കയിലെ ഫ്ലോറിഡയിൽ എത്തിയ യുഡിഎഫ് പത്തനംതിട്ട ജില്ല പ്രസിഡൻറും കേരളാ കോൺഗ്രസ് ജില്ലാ പ്രസിഡന്റുമായ അഡ്വ. വർഗ്ഗീസ് മാമ്മന് ഫ്ലോറിഡയിൽ ഒ.ഐ.സിസിയുടേയും യുഡിഎഫിന്റെയും ആഭിമുഖ്യത്തിൽ ഊഷ്മള സ്വീകരണം നൽകി.

സ്വീകരണത്തിന് മുമ്പ് ഗാന്ധി സ്ക്വയറിൽ ഗാന്ധി പ്രതിമയ്ക്ക് മുമ്പിൽ അഡ്വ.വർഗ്ഗീസ് മാമ്മൻ പുഷ്പാർച്ചന നടത്തി. സ്വീകരണ സമ്മേളനത്തിൽ ഫൊക്കാന മുൻ പ്രസിഡന്റും ഒ.ഐ.സിസി ഫ്ലോറിഡ പ്രസിഡൻറുമായ ജോർജി വർഗ്ഗീസ് അധ്യക്ഷത വഹിച്ചു.

ഫോമ മുൻ പ്രസിഡന്റ് ജോൺ ടൈറ്റസ്,ഫൊക്കാന മുൻ ചെയർമാൻ ഡോ.മാമ്മൻ സി ജേക്കബ്, ഡോ.സാജൻ കുര്യൻ, ഒ.ഐ.സിസി സെക്രട്ടറി ജോർജ് മാലിയിൽ, പ്രസ്സ് ക്ലബ് നോർത്ത് അമേരിക്കൻ പ്രസിഡന്റ് സുനിൽ തൈമറ്റം, പ്രവാസി കേരളാ കോൺഗ്രസ് ഫ്ലോറിഡ പ്രസിഡന്റ് ജോജി വഴുത്തല തുടങ്ങിയവർ പ്രസംഗിച്ചു. യുഡി എഫിന്റെയും കേരളാ കോൺഗ്രസിന്റെയും പ്രവർത്തനങ്ങൾക്ക് പ്രവാസി മലയാളികൾ നൽകുന്ന പിൻതുണയ്ക്ക് അഡ്വ. വർഗ്ഗീസ് മാമ്മൻ മറുപടി പ്രസംഗത്തിൽ നന്ദി രേഖപ്പെടുത്തി.

## കേരള അസോസിയേഷൻ ഓഫ് ഗ്രേറ്റർ വാഷിംഗ്ടൺ ഓണാഘോഷം നടത്തി



**– റോണി തോമസ്**

വാഷിംഗ്ടൺ ഡിസി : കേരള അസോസിയേഷൻ ഓഫ് ഗ്രേറ്റർ വാഷിംഗ്ടൺ (കെ എ ജി ഡബ്ല്യൂ) ഉത്രാടനാളിൽ വിപുലമായി ഓണം ആഘോഷിച്ചു. ഇരുപതിലധികം വിഭവങ്ങൾ തൂശനിലയിൽ വിളമ്പി ആയിരത്തിലധികം ആളുകൾക്ക് നൽകിയ ഓണസദ്യ പ്രത്യേക പ്രശംസ പിടിച്ചു പറ്റി. സദ്യക്ക് ശേഷം ഇരുനൂറിലധികം കലാകാരന്മാർ അണിനിരന്ന ഓണാഘോഷപരിപാടികൾക്ക് പ്രസിഡന്റ് സുഷമ പ്രവീണിന്റെ സ്വാഗതത്തോടു തുടക്കമായി. നവരസ എന്നു പേരിട്ട ഈ കലാവിരുന്ന് വാഷിംഗ്ടൺ ഡിസി പ്രദേശത്തെ മലയാളികൾക്ക് ഒരു നവ്യാനുഭവം ആയി മാറി. ശൃംഗാരം, ഹാസ്യം, കരുണ, രൗദ്രം, വീര്യം, ഭയാനകം, ബീഭൽസം, അത്ഭുതം, ശാന്തം എന്നീ നവരസങ്ങൾ വിവിധ കലാരൂപങ്ങളിലൂടെ അവതരിപ്പിച്ച കലാകാരന്മാർ കലാസ്നേഹികൾക്ക് ഒരു നല്ല കലാവിരുന്ന് ഒരുക്കി. ഓണപരിപാടിയുടെ മുഖ്യ പ്രഭാഷകയായിരുന്ന വുമൺ എന്റർപ്രണർ ആംപ്കസ് ഗ്രൂപ്പ് സി.ഇ.ഒ. അഞ്ജലി ആൻ രാമകുമാരനെ ആദരിച്ചു. ആംപക്സ് ഗ്രൂപ്പിന്റെ പ്രസിഡന്റ് സലിൽ ശങ്കരൻ ആയിരുന്നു കലാപരിപാടികളുടെ പ്ലാറ്റിനം സ്പോൺസർ. വിർജീനിയ സ്റ്റേറ്റ് ഡെലിഗേറ്റ് കണ്ണൻ ശ്രീനിവാസൻ, വിർജീനിയ സ്റ്റേറ്റ് ക്യാൻഡിഡേറ്റ് പൂജ ഖന്ന എന്നിവർ ഓണാംശംസകൾ നേർന്നു.

എന്റർടൈൻമെന്റ് ടീം ചെയർ റീന ഫിലിപ്പ്, സുനന്ദ ഗോപകുമാർ, ശ്രീജിത്ത് നായർ, ശാലിനി നമ്പ്യാർ, കുട്ടി മേനോൻ, അരുൺ ജോസക്കറിയ എന്നിവർ പ്രോഗാമുകൾക്ക് നേതൃത്വം നൽകി. ഷഫീൽ അഹമ്മദ്, പെൻ സ് ജേക്കബ്, മനോജ് വെള്ളനൂർ എന്നിവരുടെ മേൽനോട്ടത്തിലാണ് ഓണ സദ്യ എകോപിപ്പിച്ചത്.

കെ എ ജി ഡബ്ള്യു യൂത്ത് കേരളത്തിലെ എല്ലാ ജില്ലകളെയും കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊണ്ട ബൂത്ത് വേറിട്ട കാഴ്ചയായി. അമേരിക്കയിൽ ജനിച്ചു വളർന്ന കുട്ടികൾ തന്നെ ഇതിനു മുൻകൈ എടുത്തതിനെ പ്രസിഡന്റ് സുഷമ അഭിനന്ദിക്കുകയും അവർക്കു പ്രത്യേകം നന്ദി പറയുകയും ചെയ്തു. ഓണാഘോഷത്തിൽ പങ്കെടുത്ത വാഷിങ്ടൺ ഡിസി ഏരിയയിലെ എല്ലാവർക്കും സെക്രട്ടറി ആശ ഹരിദാസ് നന്ദിയും ഓണാശംസയും നേർന്നു.

## എഡ്മിന്റൻ നമഹായുടെ ഓണാഘോഷം നടന്നു



**– ജോസഫ് ജോൺ കാൽഗറി**

എഡ്മിന്റൻ : ആൽബർട്ടയിലെ പ്രമുഖ ഹൈന്ദവ സംഘടനയായ നോർത്തേൺ ആൽബർട്ട മലയാളി ഹിന്ദു അസോസിയേഷന്റെ (നമഹ) അഭിമുഖ്യത്തിൽ വിവിധ പരിപാടികളോടുകൂടി പതിനാലാമത് ഓണാഘോഷം സംഘടിപ്പിച്ചു. എഡ്മണ്ടനിലെ ബൽവിൽ കമ്യൂണിറ്റി ഹാളിൽ 15 നായിരുന്നു പരിപാടികൾ നടന്നത്.

മനോഹരമായ പൂക്കളങ്ങൾ ഒരുക്കി ആരവങ്ങളും ആർപ്പുവിളികളുമായി ശിങ്കാരിമേളത്തിന്റെയും മറ്റു വാദ്യഘോഷങ്ങളുടെയും അകമ്പടിയോടുകൂടിയാണ് നമഹ കുടുംബങ്ങൾ മാവേലി തമ്പുരാനെ വരവേറ്റത്.

ആഘോഷപരിപാടികളുടെ ഔപചാരിക ഉദ്ഘാടനം ബീമൗണ്ട് ഹിന്ദു സൊസൈറ്റി പ്രസിഡൻറ് യഷ്പാൽ ശർമ്മയും നമഹ സ്പോൺസർമാരായ ജിജോ ജോർജ്, അഡ്വക്കേറ്റ് ജയകൃഷ്ണൻ, നമഹ പ്രസിഡന്റ് രവി മങ്ങാട്, ജോയിന്റ് സെക്രട്ടറി പ്രജീഷ് നാരായണൻ, മാതൃസമിതി കോഡിനേറ്റർ ജ്യോത്സ്ന സിദ്ധാർത്ഥ് എന്നിവർ ദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. നമഹ പ്രസിഡന്റ് രവി മങ്ങാട്ട് അധ്യക്ഷത വഹിച്ചു. കൾച്ചറൽ പ്രോഗ്രാം കോർഡിനേറ്റർ റിമ പ്രകാശ് സ്വാഗതം പറഞ്ഞു.

കുട്ടികളുടെയും മുതിർന്നവരുടേയും വ്യത്യസ്തമായ വിനോദകായികപരിപാടികൾ ആവേശം പകരുന്നതായിരുന്നു. നമഹ കുടുംബങ്ങൾ ഒരുമിച്ച് തയ്യാറാക്കിയ ഇരുപത്തിനാല് വിഭവങ്ങളടങ്ങിയ വിഭവ സമൃദ്ധമായ ഓണ സദ്യയായിരുന്നു ഓണാഘോഷത്തിന്റെ മറ്റൊരു സവിശേഷത.

ഓണാഘോഷങ്ങളുടെ ഭാഗമായി ടാലന്റ് മ്യൂസിക് സ്കൂൾ ശിവമനോഹരി ഡാൻസ് അക്കാദമി, നമഹ മാതൃസമിതി, നമഹ ബാലഗോകുലം എന്നിവർ ചേർന്ന് അവതരിപ്പിച്ച നയനമനോഹരമായ സ്റ്റേജ് പ്രോഗ്രാമുകൾ ഓണാഘോഷത്തിന്റെ മാറ്റുകൂട്ടി. അവതാരകയായി എത്തിയ നീതു ഡാക്സ് പ്രോഗ്രാം കോഡിനേറ്റർ റിമ പ്രകാശ് എന്നിവർ മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്.

പരിപാടികൾക്ക് ശേഷം പങ്കെടുത്ത മുഴുവൻ ആളുകൾക്കും വൈസ് പ്രസിഡന്റ് സിദ്ധാർത്ഥ് ബാലൻ നന്ദി പറഞ്ഞു.

## യുഎസ് പാസ്പോർട്ടുകൾ ഇനി പൂർണമായും ഇന്റർനെറ്റ് വഴി പുതുക്കാം

**- പിപിഎം**

അമേരിക്കൻ പാസ്പോർട്ടുകൾ പൂർണമായും ഇന്റർനെറ്റിൽ പുതുക്കാൻ കഴിയുന്ന പുതിയ സംവിധാനം നിലവിൽ വന്നതായി സ്റ്റേറ്റ് ഡിപ്പാർട്മെന്റ് അറിയിച്ചു. ഇനി കടലാസ് പണികൾ ആവശ്യമില്ല.

ഫെഡറൽ ഗവൺമെന്റ് സേവനങ്ങൾ കൂടുതൽ ആധുനികമാക്കാനുള്ള പ്രസിഡന്റ് ജോ ബൈഡന്റെ താല്പര്യം അനുസരിച്ചാണ് ഈ പരിഷ്കാരമെന്നു സ്റ്റേറ്റ് ഡിപ്പാർട്മെന്റ് പറഞ്ഞു.

കൂടുതൽ ജീവനക്കാരെ നിയോഗിക്കുകയും സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുകയും ചെയ്തതോടെ കാലതാമസം ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്.

സേവനം ലഭ്യമാകുന്ന ലിങ്ക്: Travel.State.Gov/renewonline.

## പുതിയ കോവിഡ് വേരിയന്റ് യു.എസിലെ പകുതി സംസ്ഥാനങ്ങളിലും വ്യാപിച്ചതായി ആരോഗ്യ വൃത്തങ്ങൾ

**- പി പി ചെറിയാൻ**

വാഷിംഗ്ടൺ: യുഎസിലെ കുറഞ്ഞത് 25 സംസ്ഥാനങ്ങളെങ്കിലും 100ലധികം കേസുകളിൽ നിന്ന് ജിസൈഡ് എന്ന ആഗോള വൈറസ് വ്യാപിച്ചതായി ആരോഗ്യ വൃത്തങ്ങൾ. ഡാറ്റാബേസിൽ നിന്ന് ലഭിച്ച പ്രാഥമിക ഡാറ്റ അനുസരിച്ച് സ്ട്രെയിനിന്റെ സ്വഭാവ മ്യൂട്ടേഷനുകളുള്ള ഒരു കേസെങ്കിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ന്യൂജേഴ്സിയിലെ ലാബുകൾ ഏറ്റവും കൂടുതൽ എക്സ് ഇ സി അണുബാധകളും, കാലിഫോർണിയയിൽ കുറഞ്ഞത് 15ഉം വിർജീനിയയിലും മാത്രം ഇതുവരെ 10 കേസുകളെങ്കിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നെവാർക്ക് ലിബർട്ടി ഇന്റർനാഷണൽ എയർപോർട്ടിൽ കസ്റ്റംസ് ക്ലിയർ ചെയ്യുന്ന യാത്രക്കാരുടെ സിഡിസിയുടെ ടെസ്റ്റിംഗ് പ്രോഗ്രാമിലൂടെ ശേഖരിച്ച സാമ്പിളുകളിൽ നിന്നാണ് ന്യൂജേഴ്സിയിലെ കണ്ടെത്തലുകൾ കൂടുതലായി വരുന്നതായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ മോളിക്യുലാർ ഡയഗ്നോസ്റ്റിക്സ് ലാബ് മേധാവി കാർല ഫിങ്കിൽസ്റ്റീൻ ഒരു ഇമെയിലിൽ പറഞ്ഞു.

അവരുടെ സാമ്പിളുകളിൽ ഭൂരിഭാഗവും വിർജീനിയയുടെ തെക്കുപടിഞ്ഞാറൻ ഭാഗത്തുള്ള ആശുപത്രികളിൽ നിന്നാണ് വരുന്നതെന്ന് ഫിൻകീൽസ്റ്റീൻ പറഞ്ഞു. എന്നിരുന്നാലും അവ കൃത്യമായി പരിശോധിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല.

വിദഗ്ധരെ ആശങ്കാകുലരാക്കിയ, മുമ്പത്തെ, കൂടുതൽ മ്യൂട്ടേറ്റഡ് സ്ട്രെയിനുകളിൽ നിന്ന് വ്യത്യസ്തമായി, ആരോഗ്യ ഉദ്യോഗസ്ഥർ ഇതുവരെ ഈ വേരിയന്റിനെക്കുറിച്ച് ആശങ്ക പങ്കുവച്ചിട്ടില്ല. കോവിഡ്19 ട്രെൻഡുകൾ ഉയർന്നതാണ്. എന്നാൽ കഴിഞ്ഞ മാസം ഉയർന്നുവന്നതിന് ശേഷം എക്സ്.ഇ.സി ഇപ്പോൾ വ്യാപന തോത് മന്ദഗതിയിലായതിനാലാണ്. ശൈത്യകാലത്ത് വൈറസ് വീണ്ടും ഉയരുമെന്നും ജനുവരി പകുതിയോടെ അത് ഉയർന്നേക്കുമെന്നും സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ മോഡലർമാർ കണക്കാക്കുന്നു.

## ഫൊക്കാനയുടെ ന്യൂസ് ടീമിൽ അനിൽ കുമാർ ആറന്മുള, പി.ഡി.ജോർജ് നടവയൽ, സന്തോഷ് എബ്രഹാം, സരൂപ അനിൽ

ത്തകി കൂടിയായ സ്വരൂപ വിവിധ വേദികളിൽ ക്ലാസിക്കൽ നൃത്തത്തിൽ പ്രസിദ്ധയാണ്. പല ചാനലുകളിൽ അവതാരികയായും പ്രവർത്തിച്ചിട്ടുള്ള സ്വരൂപ കുടുംബസമ്മേതം വാഷിങ്ങ്ടൺ ഡി സിയിൽ ആണ് താമസം.

ഫൊക്കാനയുടെ ന്യൂസ് ടീം അംഗങ്ങൾ ആയ അനിൽ കുമാർ ആറന്മുള, പി ഡി ജോർജ് നടവയൽ, സന്തോഷ് എബ്രഹാം, സ്വരൂപ അനിൽ എന്നിവരെ പ്രസിഡന്റ് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചക്കപ്പൻ, എക്സി. പ്രസിഡന്റ് പ്രവീൺ തോമസ്, വൈസ് പ്രസിഡന്റ് വിപിൻ രാജു, ജോയിന്റ് സെക്രട്ടറി മനോജ് ഇടമന, ജോയിന്റ് ട്രഷറർ ജോൺ കല്ലോലിക്കൽ, അഡിഷണൽ ജോയിന്റ് സെക്രട്ടറി അപ്പുകുട്ടൻ പിള്ള, അഡിഷണൽ ജോയിന്റ് ട്രഷറർ മില്ലി ഫിലിപ്പ്, വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ള, ട്രസ്റ്റീ ബോർഡ് ചെയർ ജോജി തോമസ് എന്നിവർ അഭിനന്ദിച്ചു.

8th October

Indian Air Force Day: Honors the establishment and achievements of the Indian Air Force.

9th October

World Post Day: Celebrates the role of postal services in connecting people globally.

Indian Foreign Service Day: Recognizes the contributions of the Indian Foreign Service in diplomacy and international relations.

10th October

World Mental Health Day: Focuses on raising awareness and supporting mental health issues.

National Post Day: Celebrates the significance of postal services in everyday life.

## കണ്ണൂർ ധർമ്മശാല ഗവർണമെന്റ് എഞ്ചിനിയറിംഗ് കോളേജ് പൂർവ്വവിദ്യാർത്ഥി സമ്മേളനം നടന്നു



**- മാർട്ടിൻ വിലങ്ങോലിൽ**

ഡാളസ്: കണ്ണൂർ, ധർമശാല ഗവർണമെന്റ് എഞ്ചിനിയറിംഗ് കോളേജ് 1996-2000 ബാച്ച്, ഡാലസിൽ പൂർവ്വവിദ്യാർത്ഥി സംഗമം നടന്നു. അമേരിക്കയിലേക്ക് കുടിയേറിയ 24 പൂർവ വിദ്യാർത്ഥികളും അവരുടെ കുടുബാംഗങ്ങളൊപ്പം 24 വർഷങ്ങൾക്ക് ശേഷം വീണ്ടും ഒന്നുചേർന്നപ്പോൾ ഏവർക്കും ഹൃദയഹാരിയായ അനുഭവമായി മാറി.

ഡാളസിലെ റോക്വാൾ മാരിയറ്റ് ഹോട്ടൽ ഓഡിറ്റോറിയത്തിലായിരുന്നു ധർമശാല ടു ഡാളസ്എന്ന ടാഗ് ലൈനിൽ പൂർവ്വവിദ്യാർത്ഥികൂട്ടായ്മ അരങ്ങേറിയത്.

തിരുവനന്തപുരം കോളേജ് ഓഫ് എൻജിനിയറിംഗ് 1976 ബാച്ച് സിവിൽ എൻജിനിയറിംഗ് ബിരുദധാരിയായ ഹേമലത സോമസുന്ദരം വിളക്ക് തെളിയിച്ച് പരിപാടികൾക്ക് തുടക്കം കുറിച്ചു.

ഇന്ത്യയിലും വിദേശത്തുമുള്ള ഈ ബാച്ചിലെ മറ്റു പൂർവ്വവിദ്യാർഥികളുടെ വീഡിയോ ആശംസാസന്ദേശങ്ങളും സംഗമത്തിനു മധുരമേകി. പ്രശസ്ത പിന്നണി ഗായിക കെ എസ് ചിത്രയുടെ ആശംസകൾ ഇരട്ടി മധുരമായി.

കോളേജ് ജീവിതത്തിലെ ഫോട്ടോയും വീഡിയോകളും വേദിയിൽ പ്രദർശിപ്പിച്ചതോടെ ഏവരും തങ്ങളുടെ കാലലയത്തിന്റെ ഗൃഹാതുര ഓർമകളിലേക്ക് തിരികെ നടന്നു. വർഷങ്ങൾക്കിപ്പുറവും എല്ലാവരുടെയും മനസ്സിൽ കലാലയ ഓർമകളുടെ മാധുര്യം നിറം കെടാതെ നിലനിൽക്കുന്നതിന്റെ നേർക്കാഴ്ച്ചയായി പിന്നീട് അരങ്ങേറിയ കലാപരിപാടികൾ.

ഓണാഘോഷത്തിനൊരുക്കമായി നടത്തിയ തിരുവാതിരയോടെ കലാപരിപാടികൾക്ക് തുടക്കം കുറിച്ചു. നർമത്തിൽ പൊതിഞ്ഞ് ക്യാംപസ് ജീവിതത്തിലെ ഓർമകളെ കോർത്തിണക്കിയുള്ള അവതാരകരുടെ കഥാവതരണ ശൈലി എല്ലാവരിലും പൊട്ടിച്ചിരി ഉയർത്തി. 2000 ബാച്ചുകളിലെ പൂർവ്വവിദ്യാർഥി സുഹൃത്തുക്കൾ ഒരുമിച്ച ഫ്ളാഷ് മോബും, മെക്കാനിക്കൽ ബാച്ചിന്റെ ഇൻസ്റ്റന്റ് മോബും സംഗമം കൂടുതൽ ആവേശകരമാക്കി.

വിവിധ പരിപാടികൾക്കൊപ്പം കുട്ടികൾക്കായി പ്രത്യേക മാജിക്ക് ഷോ സംഘടിപ്പിച്ചു. പങ്കെടുത്ത കുടുബാംഗങ്ങൾക്കായി കാരിക്കേച്ചർ സ്കെച്ചിങ്ങും ഒരുക്കിയിരുന്നു.

6 വയസു മുതൽ 19 വയസു വരെയുള്ള പുതുതലമുറയും പൂർണ്ണ പങ്കാളിത്തവുമായി മുന്നിട്ടിറങ്ങിയപ്പോൾ സൗഹൃദകൂട്ടായ്മക്കപ്പുറം ഒരു കുടുംബസംഗമവേദി കൂടിയായി കണ്ണൂർ ഗവർണമെന്റ് എഞ്ചിനിയറിംഗ് കോളേജിന്റെ പ്രവാസി പൂർവ്വവിദ്യാർത്ഥി സംഗമം.

ജീവിതത്തിന്റെ തിരക്കുകൾ മറന്നു സൗഹൃദത്തിന്റെ വസന്തകാലം വീണ്ടെടുക്കാൻ സംഘടിപ്പിച്ച സൗഹൃദസംഗമം ഓർത്തുവെയ്ക്കാൻ സുഖമുള്ള ഒട്ടേറെ ഓർമ്മകൾ സമ്മാനിച്ചതായി പങ്കെടുത്തവർ സാക്ഷ്യപ്പെടുത്തി.

റോബിൻസ് മാത്യു, പ്രവീൻ സോമസുന്ദരം, ശ്രീജുമോൻ പുരയിൽ, സുധാർ ലോഹിതാക്ഷൻ, ഷൈജു കൊഴുക്കുന്നോൻ, അനുപ ഉണ്ണി എന്നിവരാണ് കോർഡിനേറ്റർമാരായി സമ്മേളനത്തിന് നേതൃത്വം നൽകിയത്. ശ്രീറാം വൃന്ദ, ജിഷ പദ്മനാഭൻ, നവീൻ കൊച്ചോത്ത്, സിന്ധു നായർ എന്നിവർ കലാപരിപാടികൾക്ക് നേതൃത്വം നൽകി.

## സെന്റ് ജൂഡ് ഇടവകയിൽ വർണ്ണാഭമായ ഓണാഘോഷം



**- റോണി തോമസ്**

വാഷിങ്ടൺ ഡി സി: നോർത്തേൺ വിർജീനിയ സെന്റ് ജൂഡ് സീറോ മലബാർ ചർച്ചിന്റെ ആഭിമുഖ്യത്തിൽ വർണശബളമായ പരിപാടികളോടെ ഓണം ആഘോഷിച്ചു.

സ്ത്രീപുരുഷന്മാരും കുട്ടികളും ഉൾപ്പടെ എല്ലാവരും പാരമ്പര്യ കേരളീയ വേഷമണിഞ്ഞാണ് ദേവാലയത്തിൽ എത്തിയത്. വികുർ ബാനക്ക് ശേഷം നടന്ന വിഭവ സമൃദ്ധമായ ഓണ സദ്യയിൽ നാനൂറിൽ അധികം പേർ പങ്കെടുത്തു.

സ്ത്രീകളുടെ മെഗാ തിരുവാതിരകളി, പുരുഷന്മാരുടെ ചെണ്ടമേളം, യുവാക്കളുടെയും കുട്ടികളുടെയും വിവിധ പരിപാടികൾ എന്നിവയെല്ലം ഓണാഘോഷത്തിന് കൊഴുപ്പേകി.

ഇടവക വികാരി ഫാ. നിക്കോളാസ് തലക്കോട്ടൂർ ഓണാഘോഷം ഉദ്ഘാടനം ചെയ്തു. ട്രസ്റ്റിമാരായ ജെയ്സൺ പോൾ, ജോബിൻ മാളിയേക്കൽ, മേരി ജെയിംസ്, സാറാ റൈഞ്ച് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## എഡ്മന്റണിലെ അസറ്റ് കുട്ടികൾക്ക് നാടക കളരി ഒരുക്കുന്നു

**– ജോസഫ് ജോൺ കാൽഗറി**

എഡ്മന്റൻ: കുട്ടികളുടെ അഭിനയ മിടുക്ക്, ക്രിയത്മകശേഷി, ടീം വർക്, ആശയവിനിമയം എന്നിങ്ങനെയുള്ള കഴിവുകൾ പരിപോഷിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്ന എഡ്മന്റണിലെ അസോസിയേഷൻ ഫോർ സോഷ്യൽ സർവീസസ്, എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിങ് കുട്ടികളുടെ നാടക കേന്ദ്രം ആരംഭിക്കുന്നു. പ്ലേഹൗസ് എന്ന് പേരിട്ടിരിക്കുന്ന കുട്ടികളുടെ നാടകവേദിയുടെ ആദ്യ പ്രൊഡക്ഷൻ 2025 ഫെബ്രുവരി 9ന് എഡ്മന്റണിലെ പ്രശസ്തമായ ഗേറ്റ് വേ തീയേറ്ററിൽ വെച്ച് അരങ്ങേറും.

ഈവർഷം ഒക്ടോബർ അവസാനം നാടകത്തിനുള്ള പരിശീലനം ആരംഭിക്കും. എഡ്മന്റൻ സൗത്തിലെ മിൽഹെർസ്റ്റ് കമ്മ്യൂണിറ്റി ഹാളാണ് മുഖ്യ പരിശീലന വേദി. കുട്ടികളുടെ അവധി ദിനങ്ങളിലാണ് രണ്ട് മണിക്കൂർ പരിശീലനം നടത്തുന്നത്. 8 മുതൽ 15 വയസ് വരെയുള്ള ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കുമാണ് നാടകത്തിൽ പങ്കെടുക്കാനാകുക. ഒക്ടോബർ അഞ്ചിന് നടത്തുന്ന റിക്രൂട്ട്മെന്റ് പാർട്ടിയിൽ മാതാപിതാക്കൾക്കും, കുട്ടികൾക്കും ഉള്ള ഓറിയെന്റേഷൻ നടക്കും. ആൽബെർട്ടയിലെ പ്രശസ്തമായ കമ്പനി ഫാമിലി തീയറ്റർ ഗ്രൂപ്പ് ആണ് നാടകത്തിന്റെ പരിശീലനവും, സംവിധാനവും നിർവ്വഹിക്കുന്നത്.

നാടകപരിശീലനവും, അവതരണവും പൂർണമായും സൗജന്യമാണ്.

കൂടുതൽ വിവരങ്ങൾക്ക്: സാം 780 907 0593, ബൈജു 587 710 4620.

## പുലികളി മുതൽ മുടിയേറ്റ് വരെ; അമേരിക്കയിലെ ഏറ്റവും വലിയ ഓണം ആഘോഷിച്ച് കേരള ഹിന്ദു സൊസൈറ്റി

**– സുരേഷ് കരുണാകരൻ**

ഹൂസ്റ്റൻ : 8 ഞായറാഴ്ച ഹൂസ്റ്റൻ മലയാളികൾക്ക് മറക്കാനാവാത്ത ഓർമ്മകൾ സമ്മാനിച്ച് കേരള ഹിന്ദു സൊസൈറ്റിയും ഗുരുവായൂരപ്പൻ ക്ഷേത്രവും. ഓണാഘോഷങ്ങൾ എന്നും മറുനാടൻ മലയാളികൾക്ക് ഒരാവേശമാണ്. സമൂഹത്തിലെ വിവിധ തലങ്ങളിൽ നിന്നും മലയാളികൾ സ്റ്റാഫോർഡ് ജി.എസ്.എച്. ഹാളിൽ ഒത്തുകൂടി.

ആഘോഷ പരിപാടികൾക്ക് ആരംഭം കുറിച്ചുകൊണ്ട് ചെണ്ടമേളത്തിന്റെയും, പുലികളിയുടെയും താലപ്പൊലിയുടെയും അകമ്പടിയോടെ മഹാബലി തമ്പുരാനെ വേദിയിലേക്ക് ആനയിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ കേരള ഹിന്ദു സൊസൈറ്റിയുടെ പ്രസിഡന്റ് സുനിൽ നായർ ദീപം കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു. ജഡ്ജ് സുരേന്ദ്രൻ പട്ടേൽ, അമിത് മിസ്രാ (വൈസ് പ്രസിഡന്റ് എച്എസ്എസ്), അരുൺ കങ്കാണി (നാഷണൽ പ്രസിഡന്റ് സേവ ഇന്റർനാഷണൽ), അച്ലേഷ് അമർ (ടെക്സസ് റീജിയണൽ കോഓർഡിനേറ്റർ വി.എച്.പി), ലക്ഷ്മി നരസിംഹ പ്രസിഡന്റ് ശാരഥംഭ ടെംപിൾ), കനു പട്ടേൽ (സ്വാമിനാരായണ് ടെംപിൾ ), അരുൺ വർമ (സീതാറാം ഫൗണ്ടേഷൻ എന്നിവർ സന്നിഹിതരായിരുന്നു.

തനതു കലാരൂപങ്ങൾ അണിനിരന്ന ആഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ചുകൊണ്ട് നടന്ന തിരുവാതിരകളിയും, മാർഗംകളിയും, ഒപ്പനയും, കൊച്ചു കുട്ടികളെ അണിനിരത്തി അണിയിച്ചൊരുക്കിയ പഞ്ചഭൂതങ്ങൾ എന്ന പ്രോഗ്രാമും, കളരിപ്പയറ്റും കണ്ണിനും കരളിനും കുളിരേകി. ഗുരുവായൂരപ്പൻ ക്ഷേത്രത്തിലെ മേളക്കാർ ചേർന്ന് മേളം അവതരിപ്പിച്ചു. കേരളത്തിൽ നിലനിന്നു വരുന്ന വിവിധ കലാരൂപങ്ങൾക്ക് പ്രചുര പ്രചാരം നൽകുന്നതിനും അതിനുള്ള വേദികളും അവസരങ്ങളും ഉണ്ടാക്കുന്നതിനുമുള്ള കേരള ഹിന്ദു സൊസൈറ്റിയുടെ പ്രതിബദ്ധത പ്രകടമാക്കുന്നതായിരുന്നു കേരള ക്ഷേത്രകലകൾ എന്ന പ്രോഗ്രാം. കേരളത്തിൽ നിലനിൽക്കുന്ന വിവിധ കലാരൂപങ്ങൾ കോർത്തിണക്കി അവയെ പുതു തലമുറയ്ക്ക് പരിചയപ്പെടുത്തിയത് അതിന്റെ ഉത്തമ ഉദാഹരണമായിരുന്നു.

ഇരുന്നൂറിൽ പരം സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ ബോർഡ് മെമ്പറും കുക്കിംഗ് കമ്മിറ്റി ചെയറുമായ രാജേഷ് നായരും, കൃഷ്ണ ശർമ്മയും, ശ്രീ ഗുരുവായൂരപ്പന്റെ സന്നിധിയിൽ വച്ചു തയ്യാറാക്കിയ ഓണസദ്യ വിഭവസമൃദ്ധമായിരുന്നു.

അജിത് നായർ, അഞ്ചു മണിക്കൂർ ഇടവേളകളില്ലാതെ അവതരിപ്പിച്ച കലാ പരിപാടികൾക്ക് നേതൃത്വം കൊടുത്ത കൃഷ്ണൻ ഗിരിജ എന്നിവരെ അനുമോദിച്ചു. കേരള ഹിന്ദു സൊസൈറ്റി ഏർപ്പെടുത്തിയ വിവിധ സ്കോർഷിപ്പുകളുടെ വിതരണവും നടന്നു. സന്നദ്ധപ്രവർത്തകർ അത്തപ്പൂക്കളം ഒരുക്കി.

ഓണാഘോഷപരിപാടികൾക്ക് നേതൃത്വം കൊടുത്തുകൊണ്ട് പ്രസിഡന്റ് സുനിൽ നായർ, സെക്രട്ടറി അജിത് പിള്ള, ട്രഷറർ ശ്രീകല നായർ, വൈസ് പ്രസിഡന്റ് സുബിൻ ബാലകൃഷ്ണൻ, മറ്റു ബോർഡ് മെമ്പർമാരായ വിനോദ്, സുരേഷ് കരുണാകരൻ, രാജി പിള്ള, രാജി തമ്പി, സിന്ധു മനോജ്, സുരേഷ് കണ്ണോളിൽ എന്നിവരും ട്രസ്റ്റി ചെയർ രമാ പിള്ള, ഹരി ശിവരാമൻ, രൂപേഷ് അരവിന്ദാക്ഷൻ എന്നിവരും പങ്കെടുത്തു.

## ഫാമിലി ആന്റ് യൂത്ത് കോൺഫറൻസ് ആലോചനായോഗം സെൻറ് ബസേലിയോസ് ഗ്രീഗോറിയോസ് ഇടവകയിൽ



**– ഉമ്മൻ കാപ്പിൽ**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി / യൂത്ത് കോൺഫറൻസ് 2025 ന്റെ ഒരുക്കങ്ങൾക്ക് ആവേശകരമായ തുടക്കമായി. ന്യൂജേഴ്സി നോർത്ത് പ്ലെയിൻ ഫീൽഡ് സെന്റ് ബസേലിയോസ് ഗ്രീഗോറിയോസ് ഇടവകയിൽ സെപ്റ്റംബർ 15 ഞായറാഴ്ച നടന്ന കോൺഫറൻസിന്റെ ആദ്യത്തെ ആലോചനാ യോഗത്തിൽ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്ത സഖറിയ മാർ നിക്കളാവോസ് അദ്ധ്യക്ഷനായിരുന്നു.

ഭദ്രാസന സെക്രട്ടറി ഫാ.ഡോ. വർഗീസ് എം. ഡാനിയൽ, ഫാമിലി കോൺഫറൻസിന്റെ മുൻ ഭാരവാഹികൾ, ഭദ്രാസനത്തിലെ വൈദികർ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, മലങ്കര സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, ഭദ്രാസന അസംബ്ലി അംഗങ്ങൾ, മലങ്കര അസോസിയേഷൻ അംഗങ്ങൾ, ആത്മീയ സംഘടനാ ഭാരവാഹികൾ തുടങ്ങി യോഗത്തിൽ സന്നിഹിതരായിരുന്നവരെ ഇടവക വികാരി ഫാ. വിജയ് തോമസ് സ്വാഗതം ചെയ്തു.

2024ലെ കോൺഫറൻസിന്റെ റിപ്പോർട്ട് ചെറിയാൻ പെരുമാൾ (സെക്രട്ടറി) അവതരിപ്പിച്ചു. മികച്ച പ്രാസംഗികർ, ആകർഷണീയമായ വിഷയങ്ങൾ, ആത്മീയ അന്തരീക്ഷം, ജനപങ്കാളിത്തം, പ്ലാനിങ് എന്നിവയാൽ മികച്ച നിലവാരം പുലർത്തിയ കോൺഫറൻസ് സംഘടിപ്പിച്ചതിന് 2024ലെ ഭാരവാഹികളെ മെത്രാപ്പോലീത്ത അഭിനന്ദിച്ചു. 2024ലെ കോൺഫറൻസിന്റെ വരവ് ചെലവ് കണക്കുകൾ ട്രസ്റ്റി മാത്യു ജോഷ്വ അവതരിപ്പിച്ചു.

കോൺഫറൻസ് കോർഡിനേറ്റർ ഫാ. അബു പീറ്റർ 2025ലെ മുഖ്യഭാരവാഹികളെ പരിചയപ്പെടുത്തി. ജെയ്സൺ തോമസ്, സെക്രട്ടറി (സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച്, ബ്രോങ്ക്സ്, ന്യൂ യോർക്ക്), ഡോ.ഷെറിൻ ഏബ്രഹാം, ജോയിന്റ് സെക്രട്ടറി (സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച്, എൽമോണ്ട്, ന്യൂയോർക്ക്), ജോൺ താമരവേലിൽ, ട്രഷറർ (സെന്റ് മേരീസ് മലങ്കര ഓർത്തഡോക്സ് ചർച്ച്, ജാക്സൺ ഹൈറ്റ്സ്, ന്യൂയോർക്ക് ), ലിസ് പോത്തൻ, അസിസ്റ്റന്റ് ട്രഷറർ (സെന്റ് തോമസ് ഇൻഡ്യൻ ഓർത്തഡോക്സ് ചർച്ച്, ഫിലഡൽഫിയ), ജെയ്സി ജോൺ, സുവനീർ എഡിറ്റർ (സെന്റ് തോമസ് മലങ്കര ഓർത്തഡോക്സ് ചർച്ച്, ഫിലഡൽഫിയ), ഫിലിപ്പ് തങ്കച്ചൻ, ഫൈനാൻസ് കോർഡിനേറ്റർ (സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ച്, മൌണ്ട് ഒലിവ്, ന്യൂ ജേഴ്സി) എന്നിവരാണ് കോൺഫറൻസ് കമ്മിറ്റിയിലെ കോർ ടീം അംഗങ്ങൾ.

കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിന് വരുന്ന ആഴ്ചകളിൽ വിവിധ കമ്മിറ്റികൾ രൂപപ്പെടുത്തുന്നതാണെന്ന് ഫാ. അബു പീറ്റർ അറിയിച്ചു.

അടുത്ത വർഷത്തെ കോൺഫറൻസിനായി സ്ഥലം കണ്ടെത്തുന്നതിന്റെ പുരോഗതിയെക്കുറിച്ച് കോൺഫറൻസ് സെക്രട്ടറി ജെയ്സൺ തോമസ് ഹ്രസ്വ വിവരണം നൽകി. യുവജനങ്ങളുടെ ആത്മിക പരിപോഷണത്തോടൊപ്പം പ്രൊഫഷണൽ കരിയറിനു സഹായകരമാവുന്ന ആകർഷണീയമായ പരിപാടികളും ആസൂത്രണം ചെയ്യുമെന്ന് ജെയ്സൺ തോമസ് അറിയിച്ചു.

യുവജനങ്ങൾക്കും മുതിർന്നവർക്കും അവരുടെ അഭിരുചികൾക്ക് അനുയോജ്യമായ രീതിയിൽ ഫലപ്രദമായ ഒരു കോൺഫറൻസ് നടത്തുവാൻ ഏവരും ഒരുമിച്ചു പ്രവർത്തിക്കണമെന്ന് മാർ നിക്കളാവോസ് ഉദ്ബോധിപ്പിച്ചു.

ഡോ. ഷെറിൻ എബ്രഹാം, ലിസ് പോത്തൻ എന്നിവർ മീറ്റിംഗിൽ പങ്കെടുത്ത എല്ലാവരോടുമുള്ള നിസ്സീമമായ കടപ്പാട് അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്, ഫാ. അബു പീറ്റർ, കോൺഫറൻസ് കോർഡിനേറ്റർ (ഫോൺ : 914 806 4595), ജെയ്സൺ തോമസ്, കോൺഫറൻസ് സെക്രട്ടറി (ഫോൺ: 917 612 8832)



*കേരള ഹിന്ദു സൊസൈറ്റിയും ഗുരുവായൂരപ്പൻ ക്ഷേത്രവും സംയുക്തമായി നടത്തിയ ഓണാഘോഷത്തിൽ നിന്നും*

11th October

International Day of the Girl Child: Highlights the challenges and opportunities for girls around the world and promotes gender equality.

12th October

Dussehra: A major Hindu festival celebrating the victory of good over evil.

World Arthritis Day: Raises awareness about arthritis and the impact of the condition.

World Sight Day: Focuses on eye health and efforts to prevent blindness.

# അമേരിക്കൻ റാപ്പർ സീൻ കോംബ്സ് മാൻഹട്ടനിൽ അറസ്റ്റിൽ

– പി പി ചെറിയാൻ

ന്യൂയോർക്: ഒരു അമേരിക്കൻ റാപ്പറും റെക്കോർഡ് പ്രൊഡ്യൂസറും റെക്കോർഡ് എക്സിക്യൂട്ടീവുമായ സീൻ കോംബ്സ് ഗ്രാൻഡ് ജൂറി കുറ്റപത്രത്തിന് ശേഷം മാൻഹട്ടനിൽ അറസ്റ്റിലായി.

2023ൽ തന്റെ മുൻ കാമുകി കാസി, ലൈംഗിക കടത്തും വർഷങ്ങളോളം ദുരുപയോഗം ചെയ്തു വെന്നാരോപിച്ച് നൽകിയ കേസ് മുതൽ സംഗീത മുതലാളി കൂടുതൽ നിരീക്ഷണത്തിലായിരുന്നു. ഹോംലാൻഡ് സെക്യൂരിറ്റി ഇൻവെസ്റ്റിഗേഷനാണ് ന്യൂയോർക്കിലെ പാർക്ക് ഹയാറ്റിൽ വെച്ച് കോംബ്സിനെ കസ്റ്റഡിയിലെടുത്തത്, ഇത് സാധാരണയായി ലൈംഗിക കടത്ത് അന്വേഷണങ്ങൾ കൈകാര്യം ചെയ്യുന്നു.

കോംബ്സ് നേരിടുന്ന ആരോപണങ്ങൾ എന്താണെന്ന് വ്യക്തമല്ല.

കോംബ്സിന്റെ അഭിഭാഷകൻ മാർക്ക് അഗ്നിഫിലോ റാപ്പ് മുഗളിനെതിരെ 'അന്യായമായ പ്രോസിക്യൂഷൻ' തുടരാനുള്ള അധികാരികളുടെ തീരുമാനത്തിൽ നിരാശ പ്രകടിപ്പിച്ച് ഒരു പ്രസ്താവന ഇറക്കി.

കോംബ്സ് ഒരു മ്യൂസിക് ഐക്കൺ, സ്വയം നിർമ്മിച്ച സംരംഭകൻ, സ്നേഹമുള്ള കുടുംബം, തെളിയിക്കപ്പെട്ട മനുഷ്യസ്നേഹി, കഴിഞ്ഞ 30 വർഷമായി ഒരു സാമ്രാജ്യം കെട്ടിപ്പടുക്കാനും മക്കളെ ആരാധിക്കാനും കറുത്ത സമൂഹത്തെ ഉന്നമിപ്പിക്കാനും ചെലവഴിച്ചു. അവൻ ഒരു അപൂർണ്ണ വ്യക്തിയാണ്, പക്ഷേ അവൻ ഒരു കുറ്റവാളിയല്ല, അഗ്നിഫിലോ പറഞ്ഞു.

അദ്ദേഹത്തിന്റെ ക്രെഡിറ്റ് മിസ്റ്റർ കോംബ്സ് ഈ അന്വേഷണവുമായി സഹകരിച്ചു. എല്ലാ വസ്തുതകളും ലഭിക്കുന്നതുവരെ ദയവായി നിങ്ങളുടെ വിധി കരുതിവെക്കുക.മാർച്ചിൽ, ലോസ് ഏഞ്ചൽസിലും മിയാമിയിലും കോംബ്സിന്റെ സ്വത്തുക്കളിൽ ഫെഡറൽ അധികാരികൾ റെയ്ഡ് നടത്തിയിരുന്നു.

# മുതിർന്നവർ പക്ഷാഘാതം മൂലം മരിക്കുന്നുണ്ടെന്ന് സിഡിസി പുതിയ റിപ്പോർട്ട്

– പി പി ചെറിയാൻ

ന്യൂയോർക്: സമീപകാലത്തു, 45നും 64നും ഇടയിൽ പ്രായമുള്ള കൂടുതൽ മുതിർന്നവർ പക്ഷാഘാതം മൂലം മരിക്കുന്നുണ്ടെന്ന് സെന്റേഴ്സ് ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷന്റെ (സിഡിസി) പുതിയ റിപ്പോർട്ട് പറയുന്നു.

തലച്ചോറിലേക്കുള്ള രക്തപ്രവാഹം തടസ്സപ്പെടുമ്പോഴോ തലച്ചോറിൽ പെട്ടെന്ന് രക്തസ്രാവമുണ്ടാകുമ്പോഴോ സ്ട്രോക്ക് സംഭവിക്കുന്നു. വേഗത്തിൽ ചികിത്സിച്ചില്ലെങ്കിൽ, അത് നീണ്ടുനിൽക്കുന്ന മസ്തിഷ്ക ക്ഷതം, ദീർഘകാല വൈകല്യം അല്ലെങ്കിൽ മരണം എന്നിവയിലേക്ക് നയിച്ചേക്കാം.

2002 മുതൽ 2012 വരെ കുറഞ്ഞതിനുശേഷം, മധ്യവയസ്കരായ മുതിർന്നവരുടെ സ്ട്രോക്ക് മരണനിരക്ക് 2012നും 2019നും ഇടയിൽ 7% വർദ്ധിച്ചു, 2021 ആയപ്പോഴേക്കും 12% അധികമായി വർദ്ധിച്ചു. 2022ഓടെ പുരുഷന്മാരിൽ സ്ട്രോക്ക് മരണനിരക്ക് ചെറുതായി (2%) കുറഞ്ഞു, സ്ത്രീകൾക്ക് 'കാര്യമായി മാറിയില്ല'.

സ്ട്രോക്ക് മരണങ്ങളുടെ വർദ്ധനവിന് സാധ്യമായ കാരണങ്ങൾ സിഡിസി റിപ്പോർട്ട് പര്യവേക്ഷണം ചെയ്തിട്ടില്ല.

പ്രധാന കാരണം സ്ട്രോക്ക് റിസ്ക് ഘടകങ്ങളുടെ വർദ്ധനവ് പ്രത്യേകിച്ച് ഉയർന്ന രക്തസമ്മർദ്ദം, പ്രമേഹം, പൊണ്ണത്തടി, ഹൈപ്പർലിപിഡീമിയ (ഉയർന്ന കൊളസ്ട്രോൾ) എന്നിവ മധ്യവയസ്കരിൽ വർദ്ധിച്ചിട്ടുണ്ട്. അതുപോലെ തന്നെ മോശം ജീവിതശൈലി ശീലങ്ങളായ മദ്യപാനം, അനാരോഗ്യകരമായ ഭക്ഷണക്രമം, ശാരീരിക നിഷ്ക്രിയത്വം എന്നിവയെല്ലാം സ്ട്രോക്കിനുള്ള സാധാരണ അപകട ഘടകങ്ങളാണെന്ന് വിദഗ്ധർ പറയുന്നു.

ഈ അപകട ഘടകങ്ങൾ കാലക്രമേണ രക്തപ്രവാഹത്തിന് കാരണമാകുന്നു, ഇത് പ്രായമായ രോഗികളിൽ സ്ട്രോക്കിനുള്ള ഒരു സാധാരണ കാരണമാണ്. ചെറുപ്പക്കാരായ രോഗികളുടെ ജനസംഖ്യയിൽ സ്ട്രോക്കിലേക്ക് നയിക്കുന്ന ഇതേ അപകട ഘടകങ്ങളിൽ വർദ്ധനവ് തങ്ങൾ കണ്ടതായി നോർത്ത് വെസ്റ്റേൺ മെഡിസിനിലെ വാസ്കുലർ ന്യൂറോളജിസ്റ്റും അതിന്റെ കോംപ്രിഹെൻസീവ് സ്ട്രോക്ക് സെന്ററിന്റെ മെഡിക്കൽ ഡയറക്ടറുമായ ഡോ. ഫാൻ കാപ്രിയോ യാഹൂ ലൈഫിനോട് പറയുന്നു.

അപകടസാധ്യത ഘടകങ്ങളുടെ വർദ്ധനവ്, കാപ്രിയോ വിശദീകരിക്കുന്നു, കൂടുതൽ വലിയ സ്ട്രോക്കുകളിലേക്ക് നയിച്ചേക്കാം. ഇത് ഉയർന്ന മരണനിരക്കിലേക്കും രോഗാവസ്ഥയിലേക്കും നയിച്ചേക്കാം.

ഉയർന്ന രക്തസമ്മർദ്ദമാണ് വർദ്ധനവിന് പിന്നിലെ ഏറ്റവും ശ്രദ്ധേയമായ അപകട ഘടകങ്ങളിലൊന്ന്.

ജോൺസ് ഹോപ്കിൻസ് മെഡിസിനിലെ ബ്രെയിൻ റെസ്ക്യൂ യൂണിറ്റിന്റെ മെഡിക്കൽ ഡയറക്ടർ ഡോ. മോന ബഹൂത്ത്, ഉയർന്ന രക്തസമ്മർദ്ദം വളരെ അപകടകരമാക്കാൻ കഴിയുന്നത് അത് 'തികച്ചും നിശബ്ദത' ആണെന്ന് കൂട്ടിച്ചേർക്കുന്നു.

# ഫോമാ ഭരണ സമിതിയുടെ പ്രവർത്തന ഉദ്ഘാടനവും അധികാര കൈമാറ്റവും 26ന് ഹുസ്റ്റണിൽ



– അജു വാരിക്കാട്

ഹുസ്റ്റൺ: ബേബി മണക്കുന്നേൽ നയിക്കുന്ന ഫോമാ 2024-26 വർഷത്തെ പുതിയ ഭരണ സമിതിയുടെ പ്രവർത്തന ഉദ്ഘാടനവും അധികാര കൈമാറ്റവും ജനറൽ ബോഡിയും ഒക്ടോബർ 26ന് ഹുസ്റ്റണിൽ നടത്തും. സെപ്റ്റംബർ ഒമ്പതാം തീയതി വൈകുന്നേരം നേർക്കാഴ്ച മീഡിയ ഔട്ട്ലെറ്റ് ഓഡിറ്റോറിയത്തിൽ വച്ച് കൂടിയ ഫോമ സതേൺ റീജിയൻ യോഗത്തിൽ വച്ചാണ് ഈ തീരുമാനമെടുത്തത്.

വിപുലമായ പരിപാടികളോടെയാണ് ഉദ്ഘാടനം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നത്.

സ്റ്റാഫോർഡിലുള്ള ഇമ്മാനുവേൽ മാർത്തോമാ സെന്ററിൽ വെച്ച് നടത്തപ്പെടുന്ന ഈ പരിപാടിയിലേക്കു ഫോമയുടെ ഡെലിഗേറ്റ്മാരെ എല്ലാവരെയും സ്വാഗതം ചെയ്യുന്നു എന്ന് കമ്മറ്റി അംഗങ്ങൾ യോഗശേഷം പറഞ്ഞു.

സതേൺ റീജിയൻ ചെയർമാൻ മാത്യു വർഗീസി (രാജേഷ്)ന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫോമാ പ്രസിഡൻറ് ബേബി മണക്കുന്നേൽ സന്നിഹിതനായിരുന്നു. മുൻ റീജണൽ വൈസ് പ്രസിഡൻറ് മാത്യൂസ് മുണ്ടക്കൽ, നാഷണൽ കമ്മിറ്റി മെമ്പർമാരായ ജിജു കുളങ്ങര, രാജൻ യോഹന്നാൻ, ഫോമ ഫൗണ്ടിങ് പ്രസിഡൻറ് ശശിധരൻ നായർ, ഫോമ മുൻ ട്രഷറർ എം.ജി.മാത്യു തുടങ്ങിയവർ സംസാരിച്ചു.

പ്രവർത്തനോദ്ഘാടന നടത്തിപ്പിനായി വിവിധ കമ്മിറ്റികളും രൂപീകരിക്കയുണ്ടായി. പരിപാടിയുടെ കൺവീനറായി മാത്യൂസ് മുണ്ടക്കലിനേയും കോഡിനേറ്ററായി സുബിൻ കുമാരനെയും യോഗം തെരഞ്ഞെടുത്തു. ട്രഷററായി ജോയ് എം സാമുവൽ, പിആർഒ ആയി അജു വാരിക്കാട് മീഡിയ കോഡിനേറ്ററായി സൈമൺ വാളാച്ചേരിൽ, ട്രാൻസ്പോർട്ടേഷൻ ഇൻചാർജ് ആയി തോമസ് ജോർജ്, തോമസ് ഓലിയാൻകുന്നേൽ, രാജൻ യോഹന്നാൻ എന്നിവരെയും തെരഞ്ഞെടുത്തു. റിസപ്ഷൻ കമ്മിറ്റിയുടെ ചുമതല എസ് കെ ചെറിയാനെയും, എംജി മാത്യുവിനെയും ഫുഡ് കമ്മിറ്റിയുടെ കൺവീനർ ആയി ബാബു മുല്ലശ്ശേരിയെയും തിരഞ്ഞെടുത്തു. പ്രോഗ്രാം കമ്മിറ്റിയിലേക്ക് സണ്ണി കാരിക്കൽ ഉൾപ്പെടുന്ന വിപുലമായ ടീമിനെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

# ആത്മീയതയുടെ പ്രഭ അനുഭവിക്കാൻ കഴിഞ്ഞതായി ബ്ലെസി



– പി പി ചെറിയാൻ

ഡാലസ്: കഴിഞ്ഞ രണ്ടാഴ്ചയായി അമേരിക്കയിലെ വിവിധ സ്ഥലങ്ങളിൽ സഞ്ചരിക്കുന്നത്തിലൂടെ ദൈവത്തിൽ ആശ്രയിച്ച് ജീവിക്കുന്ന ആത്മീയതയുടെ പ്രഭ അനുഭവിക്കാൻ കഴിഞ്ഞതായി കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാര ജേതാവായ സംവിധായകൻ ബ്ലെസി. ഡാലസ് സെൻറ് പോൾസ് മാർത്തോമാ ചർച്ച് സീനിയർ സിറ്റിസൺ സംഘടിപ്പിച്ച പ്രത്യേക സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

മുതിർന്നവർക്കൊപ്പം ആയിരിക്കുന്നു എന്നത് സന്തോഷമുള്ള കാര്യമാണെന്നും വർഷങ്ങൾക്കു ശേഷമാണ് ഇങ്ങനെ ഒരു കൂട്ടായ്മയിൽ ഇത്രയധികം ആൾക്കാരെ കാണാൻ കഴിഞ്ഞതെന്നും ബ്ലെസി പറഞ്ഞു. ബ്ലെസി തയ്യാറാക്കിയഡോക്യുമെന്ററി ഫിലിം 100 ഇയേഴ്സ് ഓഫ് ക്രിസോസ്റ്റം ലോകത്തിലെ ഏറ്റവും ദൈർഘ്യമേറിയ ഡോക്യുമെന്ററി എന്ന ഗിന്നസ് വേൾഡ് റെക്കോർഡ് നേടിയിരുന്നു. 48 മണിക്കൂറും 10 മിനിറ്റുമാണ് ഡോക്യുമെന്ററിയുടെ ദൈർഘ്യം.

സ്നേഹത്തെക്കുറിച്ച് കൂടുതലായി വായിക്കുന്നത് പുതിയ നിയമത്തിൽനിന്നാണ്. ക്രിസ്തു ജനിച്ചില്ലായിരുന്നെങ്കിൽ മലാക്കിയിൽ ഈ വേദപുസ്തകം അവസാനിക്കുമായിരുന്നു. പുതിയ നിയമം എന്നു പറയുന്ന വേദ വചനങ്ങൾ ഉണ്ടാകില്ല എന്നുള്ളത് ഞെട്ടലോടെ കൂടിയാണ് നാം മനസ്സിലാക്കേണ്ടത്. അതു തന്നെയാണ് ക്രിസ്തു ജനിച്ചുവെന്നതിനുള്ള ഏറ്റവും വലിയ ഉറപ്പും വിശ്വാസവും എന്നും അദ്ദേഹം പറഞ്ഞു. എല്ലാവർക്കും കൂടുതൽ ഉണർവോടെ കൂടുതൽ ശോഭിക്കുവാൻ ഈ കൂട്ടായ്മ കൂടുതൽ ശക്തമാകട്ടെ എന്ന് ബ്ലെസി ആശംസിച്ചു.

വികാരി റവ. ഷൈജു സി ജോയ് അധ്യക്ഷത വഹിച്ച യോഗത്തിൽ സി എസ് ഐ കോൺഗ്രിഗേഷൻ ഓഫ് ഡാലസ് വികാരി റവ. രജീവ് സുകു ജേക്കബ്, നോർത്ത് അമേരിക്ക ഭദ്രാസന കൗൺസിൽ അംഗം ഷാജി എസ് രാമപുരം തുടങ്ങിയവർ പങ്കെടുത്തു.

# പി.സി. മാത്യു ഗാർലാൻഡ് മേയർ സ്ഥാനത്തേക്ക് മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ മത്സരിക്കും

– പുത്തെൻപുരക്കൽ മാത്യു



ഡാളസ്: 2025ൽ നടക്കുന്ന മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ ഒഴിവുവരുന്ന മേയർ സ്ഥാനത്തേക്ക് മത്സരിക്കുമെന്ന് ഗാർലാൻഡ് ഡിസ്ട്രിക്ട് 3 സീനിയർ സിറ്റിസൺ കമ്മിഷണർ പി. സി. മാത്യു അറിയിച്ചു. 2021ൽ ഗാർലാൻഡ് ഡിസ്ട്രിക്ട് 3ൽ റൺ ഓഫ് ക്യാൻഡിഡേറ്റ് ആയിരുന്ന പി.സി. (മത്സരിച്ച നാലു പേരിൽ രണ്ടാമൻ) 2023ൽ വീണ്ടും മത്സരിക്കുകയും കൂടുതൽ വോട്ടുകൾ സമ്പാദിക്കുകയും ചെയ്തു. പിന്നീട് ഇപ്പോഴത്തെ കൗൺസിൽ മെമ്പറുമായി ഒന്നിച്ചു ഗാർലണ്ടിൽ വിവിധ മേഖലകളിൽ പ്രവർത്തിച്ചു വരുന്നു. ഡിസ്ട്രിക്ട് 3 കൗൺസിൽ മെമ്പർ വീണ്ടും മത്സരിക്കുമെന്നറിയിച്ചതിനാലാണ് ഒഴിവു വരുന്ന മേയർ സ്ഥാനത്തേക്ക് മത്സരിക്കുന്നതെന്നു പി. സി. മാത്യു പറഞ്ഞു.

മൂന്നു തവണ മത്സരിക്കുകയും ഗാർലാൻഡ് ജനങ്ങളുടെ ഇടയിൽ വിവിധ മേഖലകളിൽ പ്രവർത്തിച്ചു അംഗീകാരം നേടുകയും ചെയ്ത പി. സി. മേയറുമായും മറ്റു കൗൺസിൽ മെമ്പറുമാരുമായും നല്ല സുഹൃത് ബന്ധം പുലർത്തുന്നു. പല മലയാളം പരിപാടികളിലേക്ക് മേയറുൾപ്പെടയുള്ള സിറ്റി വിശിഷ്ടാതിഥികളെ ഇന്ത്യൻ പരിപാടികളിൽ ക്ഷണിക്കുവാനും പി.സി.മാത്യു ക്രിയാത്മകമായിട്ടുണ്ട്.

ഇർവിങ് എമറാൾഡ് വാലി ഹോം ഔനേഴ്സ് അസോസിയേഷൻ പ്രസിഡന്റായി രണ്ടു തവണ സേവനം അനുഷ്ഠിച്ചു. ഇപ്പോൾ ഗാർലണ്ടിൽ ഷോഷ്സ് ഓഫ് വെല്ലിങ്ടൺ കമ്മ്യൂണിറ്റിയുടെ ബോർഡ് മെമ്പർ ആയി രണ്ടാമതും തെരഞ്ഞെടുക്കപ്പെടുകയും ഏക സ്വരത്തോടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. കൂടാതെ റസ്റ്റിക് ഓക്സ് കമ്മ്യൂണിറ്റിയിൽ വൈസ് പ്രസിഡന്റായും സേവനം ചെയ്യുന്നു. റസ്റ്റിക് ഓക്സിൽ ഒരു വലിയ കുളം ഭംഗിയാക്കി എടുക്കുന്നതിനായി ഒരുലക്ഷത്തിൽപരം ഡോളർ ഗ്രാന്റായി സിറ്റിയിൽ നിന്നും മറ്റു ബോർഡ് അംഗങ്ങളുടെ സഹകരണത്തോടെ നേടിയെടുത്തു.

കൂടാതെ ഡാളസിലെ സാമൂഹ്യ രംഗത്ത് 2005 മുതൽ സജീവ സാന്നിധ്യമായ പി.സി.മാത്യു മലയാളി/ ഇന്ത്യൻ നെറ്റവർക്ക് സംഘടനയുടെ അമേരിക്ക റീജിയൻ പ്രസിഡന്റായും ഗ്ലോബൽ വൈസ് പ്രസിഡന്റായും ഒക്കെ പ്രവർത്തിച്ചു മലയാളികളുടെ മനം കവർന്ന നേതാവാണ്. ഒരു ഓണം പോലും മറക്കാതെ ഓണാഘോഷങ്ങൾ സംഘടിപ്പിക്കുകയും ഓരോ പരിപാടിയിലും കർഷകരെയോ, വിദ്യാർത്ഥികളെയോ, കഴിവുള്ള കുട്ടികളെയോ, നിർധനരെയോ സഹായിക്കുവാൻ കൂട്ടായ ശ്രമത്തിലൂടെ അഹോരാത്രം പി.സി. പ്രവർത്തിച്ചിട്ടുണ്ട്. തന്റെ സേവനങ്ങളെ മാനിച്ചു വർഷങ്ങൾക്കു മുമ്പ് തന്നെ ഏഷ്യാനെറ്റ് യു.സ്.എ. ഡാലസിൽ പ്ലാക് നൽകി ആദരിച്ചിട്ടുണ്ട്. ഗാർലാൻഡ് എൻവയോൺമെന്റൽ ബോർഡിൽ സേവനം അനുഷ്ഠിച്ചതിനു മേയർ സ്കോട്ട് ലെമേ അപ്പ്രീസിയേഷൻ അവാർഡ് നൽകി ആദരിച്ചിട്ടുണ്ട്.

വിദ്യാർത്ഥി ആയിരുന്നപ്പോൾ കേരള യൂണിവേഴ്സിറ്റി യൂണിയനിൽ മൂന്നു പ്രാവശ്യം കൗണ്സിലറായി തിരഞ്ഞെടുക്കപ്പെട്ട പി.സി. മാത്യു, മഹാത്മാ യൂണിവേഴ്സിറ്റി സെനറ്റ് അംഗമായും ബഹറിനിൽ വച്ച് ഇന്ത്യൻ സ്കൂൾ ബോർഡ് മെമ്പറായും സേവനം അനുഷ്ഠിച്ചു. ഗ്ലോബൽ ഇന്ത്യൻ കൗൺസിൽ എന്ന ഇന്ത്യക്കാരുടെ നെറ്റവർക്ക് സംഘടക്ക് രൂപം കൊടുക്കുകയും അതിലൂടെ പല ചാരിറ്റി പ്രവർത്തങ്ങളും കാഴ്ച വെക്കുകയും ചെയ്തു വരുന്നു. അതിൽ അടുത്ത കാലത്തു അട്ടപ്പാടിയിൽ 8 ആടുകൾ നഷ്ടപ്പെട്ട തുളസിയുടെ കുടുംബത്തിന് ആടുകൾ കൂടാതെ ആടുകൾക്ക് കൂടും നൽകുകയുണ്ടായി.

ടെക്സസ് കൺസെർവറ്റിവ് ഡാളസ് റീജിയൻ ചെയർമാനുമായി ചുമതല ഏറ്റെടുത്ത പി.സി.മാത്യു ആത്മവിശ്വസം കൈവിടാതെ പ്രവർത്തിക്കുമെന്നറിയിച്ചു. ഡാളസിലെ എല്ലാ സുഹൃത്തുക്കളുടെയും സഹായം താൻ അഭ്യർത്ഥിക്കുന്നതായും പി.സി.മാത്യു അറിയിച്ചു.

# ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിനർഹനായ ഡോ. എം വി പിള്ളയെ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സാസ് അഭിനന്ദിച്ചു



– പി പി ചെറിയാൻ

ഡാളസ്: അമേരിക്കയിലെ മലയാളി ഡോക്ടർമാരുടെ സംഘടനയായ എകെഎംജിയുടെ (അസോസി2േയഷൻ ഓഫ് കേരള മെഡിക്കൽ ഗ്രാജുവേറ്റ്) ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിനർഹമായ ഡോ.എം .വി.പിള്ളയെ ഇന്ത്യ പ്രസ് ക്ലബ് നോർത്ത് ടെക്സാസ് എക്സിക്യൂട്ടീവ് കമ്മിറ്റി അഭിനന്ദിച്ചു. അമേരിക്കയിലെ സാമൂഹ്യ സാംസ്കാരിക മാധ്യമ രംഗത്ത് സജീവ സാന്നിധ്യവും ലോക പ്രശസ്തനുമായ മലയാളി ഡോ .എം. വി.പിള്ളയെ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സാസിസിന്റെ ഹോണററി മെമ്പർഷിപ് നൽകി ആദരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നു പ്രസിഡന്റ് സണ്ണി മാളിയേക്കൽ അറിയിച്ചു.

സാൻ ഡിയാഗോയിൽ നടന്ന 45-ാം വാർഷിക സമ്മേളനത്തിൽ സംഘടനയുടെ പ്രസിഡന്റ് ഡോ. സിന്ധുപിള്ളയാണ് ഡോ.എം .വി.പിള്ളക്കു പുരസക്കാരം കൈമാറിയത്. ഇതൊരു അവാർഡനെന്നതിലുപരി ഗുരുദക്ഷിണ അർപ്പിക്കലാണെന്ന് ഡോ. സിന്ധു പറഞ്ഞു. അമേരിക്കയിലെ പ്രമുഖ കാൻസർ രോഗ വിദഗ്ദ്ധനും തോമസ് ജഫർസൺ യൂണിവേഴ്സിറ്റി ഓങ്കോളജി ക്ലിനിക്കൽ പ്രൊഫസറുമായ ഡോ.എം.വി. പിള്ള ലോകാരോഗ്യ സംഘടനാ കാൻസർ കെയർ കൺസൾട്ടന്റാണ്.

ഇന്റർ നാഷണൽ ഫോർ കാൻസർ ട്രീറ്റ്മെന്റ് ആൻഡ് റിസേർച്ച് പ്രസിഡന്റ്, ഗ്ലോബൽ വൈവസ് നെറ്റ് വർക്കിന്റെ മുതിർന്ന ഉപദേഷ്ടാവ്, കേരളത്തിൽ സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ തലവൻ, ലോകാരോഗ്യ സംഘടനയുടെ ഗ്ലോബൽ ബ്രസ്റ്റ് കാൻസർ ഇൻഷ്യേറ്റീവ് കൺസൾട്ടന്റ്, ചെങ്ങന്നൂർ കെ.എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉപദേശക സമിതി ചെയർമാൻ, തിരുവനന്തപുരം ആർ .സി.സി ഗവേണിംഗ് കൗൺസിൽ അംഗം തുടങ്ങി അനുഷ്ഠിക്കാത്ത പദവികൾ ചുരുക്കമാണെന്നു ഇന്ത്യ പ്രസ് ക്ലബ് നോർത്ത് ടെക്സാസ് സെക്രട്ടറി ബിജിലി ജോർജ് പറഞ്ഞു.

ആതുര സേവന രംഗത്തും, സാഹിത്യ രംഗത്തും ഒരു പോലെ പ്രശോഭിക്കുന്ന ഡോ. എം.വി. പിള്ളയെ തേടി നിരവധി പുരസ്കാരങ്ങളും എത്തിയിട്ടുണ്ട്. നാലു പതിറ്റാണ്ട് പിന്നിട്ട പ്രവാസജീവിതത്തിനിടയിലും കേരളത്തിന്റെ സംസ്കാരത്തെയും ഭാഷയെയും നെഞ്ചോട് ചേർക്കുന്ന അദ്ദേഹം, സ്വതസിദ്ധമായ നർമ്മം കൊണ്ട് രോഗികൾക്കും ഉറ്റവർക്കും പകരുന്ന സാന്ത്വനം ചികിത്സാവൈദഗ്ധ്യം പോലെ തന്നെ പേരുകേട്ടതാണെന്ന് ഇന്ത്യ പ്രസ് ക്ലബ് നോർത്ത് ടെക്സാസ് അഡ്വൈസറി ബോർഡ് ചെയർമാൻ ബെന്നി ജോൺ പറഞ്ഞു.

# സജിമോൻ ആന്റണി രാഹുൽ ഗാന്ധിയെ സന്ദർശിച്ചു; ഫൊക്കാനാ കേരള കൺവൻഷനിലേക്ക് ക്ഷണിച്ചു



– പി ഡി ജോർജ് നടവയൽ

വാഷിങ്ടൺ ഡി സി: ഫൊക്കാനാ പ്രസിഡന്റ് സജിമോൻ ആന്റണി, ഇന്ത്യൻ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയെ സന്ദർശിച്ചു. ഫൊക്കാനാ കേരള കൺവൻഷനിലേക്ക് ക്ഷണിക്കുകയും ചെയ്തു.

മറ്റു തടസ്സങ്ങളില്ലെങ്കിൽ, പങ്കെടുക്കുന്നത് പരിഗണിക്കാം എന്നു രാഹുൽ അറിയിച്ചു. തുടർകാര്യങ്ങൾക്ക് രാഹുലിന്റെ സെക്രട്ടറിയി ബന്ധപ്പെടാൻ രാഹുൽ നിർദേശിച്ചതായും സജിമോൻ ആന്റണി പറഞ്ഞു.

സെപ്റ്റംബർ 9ന്, വെർജീനിയാ ഹയറ്റ് റീജൻസി ഹോട്ടലിൽ വച്ചായിരുന്നു കൂടിക്കാഴ്ച. ഫൊക്കാനാ വൈസ് പ്രസിഡന്റ് വിപിൻ രാജും, ലീല മാരേട്ടും ഒപ്പമുണ്ടായിരുന്നു. 2025 ആഗസ്റ്റ് ആദ്യ ആഴ്ച്ചയിലാണ് ഫൊക്കാനാ കേരളാ കൺവൻഷൻ നടത്തുവാൻ ലക്ഷ്യമിടുന്നത്.

കേരളാ കൺവെൻഷനിൽ അമേരിക്കയിലും കാനഡയിലും നിന്നുമായി 200ഓളം കുടുംബങ്ങൾ പങ്കെടുക്കുന്ന രണ്ടു ദിവസത്തെ വിപുലമായ സംമ്മളനം ആണ് പ്ലാൻ ചെയ്യുന്നത്.

# മതബോധന ദിനം ആഘോഷിച്ച് ബെൻസൻവിൽ ഇടവക

– ലിൻസ് താന്നിച്ചുവട്ടിൽ

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവകയിലെ വിശ്വാസപരിശീലന സ്കൂളിന്റെ നേതൃത്വത്തിൽ മതബോധന ദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. ഭക്ഷണ പായ്ക്കറ്റ് വിതരണം ചെയ്തു. വിശ്വാസപരിശീലകരെ എല്ലാവരെയും അന്നേദിവസം പ്രത്യേകമായി സമർപ്പിച്ച് കൃതജ്ഞതാ ബലിയും വിൻസന്റ് ഡി പോൾ സൊ സൈറ്റിയുടെ നേതൃത്വത്തിൽ വിശ്വാസ പരിശീലകർക്കും വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരുന്ന കുഞ്ഞുങ്ങൾക്കും സ്നേഹവിരുന്നും മതബോധന ദിനാഘോഷത്തിന്റെ ഭാഗമായി ക്രമീകരിച്ചു.

## മിഷൻസ് ഇന്ത്യ ഇന്റർനാഷണൽ വാർഷിക റിട്രീറ്റ് 4 മുതൽ പാലസ്റ്റൈനിൽ




**- സജി പുല്ലാട്**

ഹൂസ്റ്റൺ: ആഗോള സുവിശേഷീകരണത്തിന്റെ ഭാഗമായി നടത്തിവരുന്ന മിഷൻസ് ഇന്ത്യ ഇൻറർനാഷണലിന്റെ ഹൂസ്റ്റൺ ഡാളസ് സംയുക്ത വാർഷിക റിട്രീറ്റ് ഒക്ടോബർ 4 മുതൽ 6 വരെ ടെക്സാസിലെ പാലസ്റ്റൈൻ ലേക്ക് വ്യൂ കോൺഫറൻസ് സെൻററിൽ നടക്കും.

റിട്രീറ്റിന്റെ വിവിധ യോഗങ്ങളിൽ മിഷൻസ് ഇന്ത്യ പ്രസിഡണ്ടും, സ്ഥാപകനും, വേദപണ്ഡിതനും, സുപ്രസിദ്ധ കൺവെൻഷൻ പ്രസംഗകനുമായ ജോർജ് ചെറിയാൻ, പത്നി സൂസൻ ജോർജ്, യൂത്ത് ഫോർ മിഷൻസിന്റെ നേതൃത്വം വഹിക്കുന്ന മകൻ ചെറി ജോർജ് എന്നിവർ വചന ശുശ്രൂഷ നിർവഹിക്കും.

മിഷ്യൻസ് ഇന്ത്യ യൂത്ത് ക്വയർ ഗാന ശുശ്രൂഷയ്ക്ക് നേതൃത്വം വഹിക്കും.

അനുഗ്രഹീതമായ ഈ യോഗങ്ങളിലേക്ക് സഭാ വ്യത്യാസമെന്യേ എല്ലാ വിശ്വാസികളെയും സ്വാഗതം ചെയ്യുന്നതായി രജിസ്ട്രേഷൻ കമ്മറ്റി ഭാരവാഹികൾ സംയുക്തമായി അറിയിച്ചു.

രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും:
റവ.പി.വി.ജോൺ ഡാളസ് 214 642 9108,
പി.ഐ.വർഗീസ് ഹൂസ്റ്റൺ 832 439 5559,
ജോൺ കുരുവിള ഹൂസ്റ്റൺ 281 615 7603

## ഡാളസിൽ ഒന്നിലധികം വാഹനങ്ങൾ കൂട്ടിയിടിച്ച് 4 പേർ മരിച്ചു

**- പി പി ചെറിയാൻ**

ഡാളസ് അന്തർസംസ്ഥാന പാതയിൽ എതിരെ വരുന്ന ട്രാഫിക്കിലേക്ക് ഒരു വാഹനം കടന്നുകയറി മറ്റ് രണ്ട് വാഹനങ്ങളുമായി കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ നാല് പേർ മരിച്ചതായി പോലീസ് അറിയിച്ചു.

ഉച്ചയ്ക്ക് ഒരു മണിയോടെയാണ് വാഹനാപകടം ഉണ്ടായത്. ശനിയാഴ്ച തെക്കുകിഴക്കൻ ഡാളസിലെ അന്തർസംസ്ഥാന 45ൽ പോലീസ് വക്താവ് മൈക്കൽ ഡെന്നിസ് പ്രസ്താവനയിൽ പറഞ്ഞു.

പ്രാഥമിക അന്വേഷണത്തിൽ, ഒരു വാഹനം ഐ45ൽ വടക്കോട്ട് പോകുകയായിരുന്നുവെന്നും , അത് രണ്ടാമത്തെ വാഹനത്തെ ഇടിച്ചപ്പോൾ മീഡിയൻ കടന്ന് തെക്കോട്ട് ട്രാഫിക്കിലേക്ക് കടന്നു, അവിടെ മറ്റു രണ്ട് വാഹനങ്ങൾ കൂടി ഇടിച്ചു.

വടക്കോട്ടുള്ള വാഹനത്തിലുണ്ടായിരുന്ന മൂന്ന് പേർ സംഭവസ്ഥലത്തും തെക്കോട്ട് പോകുന്ന വാഹനങ്ങളിലൊന്നിലെ നാലാമൻ ആശുപത്രിയിലും മരിച്ചതായി ഡെന്നിസ് പറഞ്ഞു. മറ്റ് രണ്ട് പേരെ അജ്ഞാതാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായി ഡെന്നിസ് പറഞ്ഞു.

അപകടത്തിന്റെ കാരണം അന്വേഷണത്തിലാണ്, മരിച്ചവരുടെയും പരിക്കേറ്റവരുടെയും പേരുകൾ ഉടനടി പുറത്തുവിട്ടിട്ടില്ല.

13th October

UN International Day for Natural Disaster Reduction: Promotes strategies for reducing the impact of natural disasters.

World Egg Day: Celebrates the nutritional benefits of eggs and their role in global diets.

14th October

World Standard Day: Highlights the importance of international standards in facilitating global trade and communication.

15th October

World Students' Day: Honors students and their contributions to society, remembering the legacy of Dr. APJ Abdul Kalam.

International Day of Rural Women: Celebrates the contributions of rural women and addresses their challenges.

World White Cane Day: Raises awareness about the white cane as a tool for independence for blind and visually impaired individuals.

## എഡ്മിന്റണിൽ ആദ്യമായി മെഗാ തിരുവാതിരയൊരുക്കി നേർമ്മയുടെ ഓണാഘോഷം



**- ജോസഫ് ജോൺ കാൽഗറി**

എഡ്മിന്റൻ: എന്നും പുതുമ നിറഞ്ഞ പരിപാടികൾ മലയാളികൾക്കിടയിലേക്കു എത്തിക്കാൻ എഡ്മൺടോൺ മലയാളി കൂട്ടായ്മയായ നേർമയ്ക്കു സാധിച്ചിട്ടുണ്ട്. എഡ്മൺടോണിലെ ബാൽവിൻ കമ്യൂണിറ്റി ഹാളിൽ നടന്ന നേർമ്മയുടെ ഈ വർഷത്തെ ഓണാഘോഷത്തിന് മാറ്റുരയ്ക്കാൻ നേർമ്മയുടെ അംഗങ്ങളായ നാല്പതോളം സ്ത്രീകൾ അണിനിരന്ന മെഗാ തിരുവാതിര ശ്രദ്ധേയമായി. ആൽബെർട്ടയുടെ ചരിത്രത്തിൽ തന്നെ ആദ്യമായാണ് ഒരു മെഗാ തിരുവാതിര നടത്തപ്പെടുന്നത്. മെഗാ തിരുവാതിര കൂടാതെ കുട്ടികളുടെയും മുതിർന്നവരുടെയും രസകരങ്ങളായ കലാ പരിപാടികളോടൊപ്പം ടാലന്റ് ഓൺലൈൻ മ്യൂസിക് സ്കൂൾ വിദ്യാർഥികൾ അവതരിപ്പിച്ച ലൈവ് ഓർഗസ്ട്രയും ഉണ്ടായിരുന്നു. ഓണാഘോഷ പരിപാടികൾക്ക് പകിട്ടു കൂട്ടുവാൻ ചെണ്ടമേളത്തിന്റെ അകമ്പടിയോടു കൂടി പുത്തൻ പാവാടയും ബ്ലൗസും ഉടുത്തു കുഞ്ഞു കുട്ടികളും കേരള സാരികളണിഞ്ഞു സ്ത്രീകളും മാവേലിമന്നനെ വരവേറ്റു. സ്വാദിഷ്ടമായ ഓണസദ്യയ്ക്ക് ശേഷം പരിപാടികൾ അവതരിപ്പിച്ച കുട്ടികൾക്ക് ഉള്ള സമ്മാന ദാനവും പായസ മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്കായി ഉള്ള സമ്മാന ദാനവും നടത്തപ്പെട്ടു.

## സെന്റ് പോൾസ് പിക്നിക് ആനന്ദത്തിന്റെയും കളി തമാശയുടെയും ഉത്സവമാക്കി മാറ്റി



**- എബി മക്കപ്പുഴ**

ഡാളസ്: ഡാളസ് സെന്റ് പോൾസ് ഇടവക ഒരുക്കിയ പിക്നിക് തികച്ചും ആത്മീയ ചൈതന്യത്തോടു കൂടി തന്നെ ഉത്സവമാക്കി മാറ്റി. ഇടവക വികാരി ഷൈജു സി.ജോയ് നേതൃത്വം നൽകിയ പിക്നിക് 160ൽ പരം അംഗങ്ങൾ പങ്കെടുത്തു വൻ വിജയമാക്കിയതിൽ ഇടവക ട്രസ്റ്റി എബി തോമസ്, വിനോദ് ചെറിയാൻ എന്നിവർ നന്ദിയും സ്നേഹവും അറിയിച്ചു. പിക്നിക്കിന്റെ കൺവീനേഴ്സ് ആയി പ്രവർത്തിച്ച ജെഫ് തോമസ് ബിനു തരകൻ, ജിജോഷ് എന്നിവരുടെ പ്രവർത്തന വൈഭവം സെക്രട്ടറി അജു മാത്യുവിന്റെ അഭാവം പിക്നിക് പരിപാടികൾക്ക് തടസ്സമായില്ല. കൂടാതെ വൈസ് പ്രസിഡണ്ട് കുര്യൻ ഈശോ ഓൾ റൗണ്ട് മേൽ നോട്ടം നടത്തിയതും പിക്നിക്കിന്റെ വിജയത്തിന് ഒരു താങ്ങായി മാറി.

സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഒരു കൂട്ടായ്മ ഈ ഒരു പിക്നിക്കിൽ പ്രകടമായിരുന്നു. 7 മണിക്കൂറിന്റെ പ്രോഗ്രാം പങ്കെടുത്തവരുടെ മനസ്സുകളെ വളരെയധികം സന്തോഷിപ്പിക്കുന്ന മറക്കാനാവാത്ത അനുഭവങ്ങളയിരുന്നു. വിവിധ പരിപാടികളുമായി വയസ്സിന്റെ അതിർവരമ്പുകൾ ഇടാതെ നടത്തിയ കലാ പരിപാടികൾ ഡാളസിലെ മറ്റു ചർച്ചുകൾക്കും സംഘടനകളും മാതൃകയായി. വിനോദത്തിനു മാറ്റ് കൂട്ടിയ സുന്ദരിക്ക് ഒരു പൊട്ടു തൊടുന്ന കണ്ണ് കെട്ടിയുള്ള പരിപാടി രണ്ടു മണിക്കൂറുകളോളം നീണ്ടു നിന്നു. പ്രായഭേദമെന്യേ കസേരകളി, പിഞ്ചു കുഞ്ഞുങ്ങളുടെയും കുട്ടികളുടെയും മിഠായി പറക്കൽ, ദമ്പതിമാരോടുള്ള കുസൃതി ചോദ്യ മത്സരം, വടം വലി എന്നീ പരിപാടികൾ പിക്നിക് പങ്കാളികളുടെ മറക്കാനാവാത്ത അനുഭവങ്ങളാക്കി മാറ്റി. വിൻസെന്റ് ജോണിക്കുട്ടി കേറ്ററിംഗിന് വേണ്ട നേതൃത്വം നൽകി.

കപ്പയും എല്ലുകറിയും ഈ പിക്നിക്കിലെ വെറൈറ്റി ഫുഡ് ആയിരുന്നു. ഇടവക ട്രസ്റ്റി എബി തോമസ് പങ്കെടുത്ത ഏവർക്കും സംഘാടകർക്കും നന്ദി രേഖപ്പെടുത്തി. ഇടവക വികാരി റവ.ഷൈജു സി.ജോയിയുടെ ആശിർവാദത്തോട് കൂടി പോഗ്രാം പര്യവസാനിച്ചു.

# സിഇഒയുമായുള്ള ബന്ധത്തിന്റെ പേരിൽ ഇന്ത്യൻ അമേരിക്കൻ അഭിഭാഷകയെ പുറത്താക്കി

**– പി പി ചെറിയാൻ**

അറ്റ്ലാന്റ്: ഇന്ത്യൻ അമേരിക്കൻ അഭിഭാഷകയും നോർഫോക്ക് സതേൺ കോർപ്പറേഷനിലെ ചീഫ് ലീഗൽ ഓഫീസറുമായ നബാനിത ചാറ്റർജി നാഗിനെ സിഇഒ അലൻ ഷായുമായുള്ള അനുചിതമായ ജോലിസ്ഥല ബന്ധത്തെക്കുറിച്ചുള്ള അന്വേഷണത്തെത്തുടർന്ന് പുറത്താക്കി.

അവരുടെ ഉഭയസമ്മതത്തോടെയുള്ള ബന്ധം കമ്പനിയുടെ നയങ്ങളും ധാർമ്മിക നിയമങ്ങളും ലംഘിച്ചുവെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ഷായേയും പുറത്താക്കി.

ഒരു പ്രസ്താവനയിൽ, നോർഫോക്ക് സതേൺ കോർപ്പറേഷൻ ഈ ബന്ധം ഉഭയകക്ഷി സമ്മതത്തോടെയാണെങ്കിലും അത് കോർപ്പറേറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചതായി വ്യക്തമാക്കി. കമ്പനിയുടെ ചീഫ് ലീഗൽ ഓഫീസറുമായി സമ്മതത്തോടെയുള്ള ബന്ധത്തിൽ ഏർപ്പെട്ടുകൊണ്ട് ഷാ കമ്പനി നയങ്ങൾ ലംഘിച്ചുവെന്ന് കണ്ടെത്തിയ അന്വേഷണത്തിൽ നിന്നുള്ള പ്രാഥമിക കണ്ടെത്തലുകളുമായി ബന്ധപ്പെട്ടാണ് ഈ നീക്കം.

2020ൽ നോർഫോക്ക് സതേണിൽ ജനറൽ കൗൺസലായി ചേർന്ന നാഗ്, 2022ൽ ചീഫ് ലീഗൽ ഓഫീസറായി സ്ഥാനക്കയറ്റം നേടുകയും പിന്നീട് 2023ൽ കോർപ്പറേറ്റ് കാര്യങ്ങളുടെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റായി നിയമിക്കുകയും ചെയ്തു. റെയിൽവേ കമ്പനിയിൽ ചേരുന്നതിന് മുമ്പ് അവർ ഗോൾഡ്മാൻ സാച്ചിൽ ജോലി ചെയ്തിരുന്നു.

അറ്റ്ലാന്റ ബിസിനസ് ക്രോണിക്കിൾ 2024 കോർപ്പറേറ്റ് കൗൺസൽ അവാർഡ് ഹോണറിയായി അവർ അംഗീകരിക്കപ്പെട്ടു. ഒരു സുപ്രധാന കോർപ്പറേറ്റ് പ്രതിസന്ധിയിലൂടെ നോർഫോക്ക് സതേണിന്റെ ലീഗൽ ടീമിനെ നയിക്കുകയും കമ്പനിയെ കൂടുതൽ ശക്തമായി ഉയർത്താൻ സഹായിക്കുകയും ചെയ്യുന്ന ജനറൽ കൗൺസലെന്ന നിലയിൽ അവരുടെ അസാധാരണ നേതൃത്വത്തിനായി അവരെ തിരഞ്ഞെടുത്തു.

ജോർജ് ടൗൺ യൂണിവേഴ്സിറ്റിയിൽ നിന്ന് ഗവൺമെന്റിലും ഇംഗ്ലീഷിലും ബിരുദം നേടിയ നാഗ് ന്യൂയോർക്ക് യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ലോയിൽ നിന്ന് ജൂറിസ് ഡോക്ടറേ നേടി.

# വിൻഡോസ് കേർണലിൽ നിന്ന് സുരക്ഷാ സോഫ്റ്റ്‌വെയർ മാറ്റാൻ മൈക്രോസോഫ്റ്റ് പദ്ധതിയിടുന്നു

**– പി. പി ചെറിയാൻ**

റെഡ്മണ്ട്: ക്രൗഡ്സട്രൈക്ക് സംഭവം വിൻഡോസ് സുരക്ഷയെക്കുറിച്ചുള്ള ആശങ്കകൾ വീണ്ടും ഉയർത്തിക്കാട്ടി. ടെക്സാസ് കമ്പനിയുടെ മോശം അപ്ഡേറ്റ് രീതികൾ മൈക്രോസോഫ്റ്റിനെ പ്രതികൂലമായി ബാധിച്ചു, എന്നാൽ ഭാവിയിലെ ആഗോള സംഭവങ്ങൾ തടയുന്നതിന് വിൻഡോസ് എങ്ങനെ മെച്ചപ്പെടുത്താം എന്ന് റെഡ്മണ്ടിനെ പ്രേരിപ്പിച്ചു.

ക്രൗഡ്സട്രൈക്ക് അതിന്റെ ഫാൽക്കൺ സെൻസർ സുരക്ഷാ സോഫ്റ്റ്വെയറിനായി ഒരു തെറ്റായ അപ്ഡേറ്റ് പുറത്തിറക്കി, ഇത് മുഴുവൻ വിൻഡോസ് ഇക്കോസിസ്റ്റത്തിനും വ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കി. ദശലക്ഷക്കണക്കിന് പിസികളെ ഓൺലൈനിലേക്ക് തിരികെ കൊണ്ടുവരാൻ സഹായിച്ചതിന് ശേഷം, ഓപ്പറേറ്റിംഗ് സിസ്റ്റത്തെ കൂടുതൽ പ്രതിരോധശേഷിയുള്ളതാക്കാൻ ലക്ഷ്യമിട്ടുള്ള കാര്യമായ മാറ്റങ്ങളിലൂടെ വിൻഡോസ് സുരക്ഷ വർദ്ധിപ്പിക്കുമെന്ന് മൈക്രോസോഫ്റ്റ് വാഗ്ദാനം ചെയ്തു.

സെപ്തംബർ 10ന്, കമ്പനി ഒരു കമ്മ്യൂണിറ്റി മീറ്റിംഗ് നടത്തി, അവിടെ വിൻഡോസ് പ്ലാറ്റ്ഫോം ശക്തിപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ഓൺലൈനിൽ പങ്കിട്ടു.

വിൻഡോസ് എൻഡ്പോയിന്റ് സെക്യൂരിറ്റി ഇക്കോസിസ്റ്റം ഉച്ചകോടി യുഎസിലെയും യൂറോപ്പിലെയും എൻഡ്പോയിന്റ് സെക്യൂരിറ്റി വെണ്ടർമാരെയും സർക്കാർ ഉദ്യോഗസ്ഥരെയും ഒരുമിച്ച് കൊണ്ടുവന്നതായി മൈക്രോസോഫ്റ്റ് പറഞ്ഞു. ഔപചാരികമായ തീരുമാനങ്ങളൊന്നും എടുത്തില്ലെങ്കിലും, കൂടുതൽ വികസനം ആവശ്യമായ നിരവധി പ്രധാന കാര്യങ്ങളിൽ യോഗം സമവായത്തിന് കാരണമായി.

Global Handwashing Day: Promotes hand hygiene as a key to health and disease prevention.

Pregnancy and Infant Loss Remembrance Day: Offers support and remembrance for families who have experienced pregnancy loss or infant death.

16th October

World Food Day: Focuses on global food security and efforts to end hunger.

World Anaesthesia Day: Recognizes the role of anaesthesia in surgery and patient care.

World Spine Day: Raises awareness about spinal health and disorders.

Boss's Day: Acknowledges and appreciates the role of bosses in the workplace.

# കേരള അസോസിയേഷൻ ഓഫ് ഡാലസിന്റെ ഓണാഘോഷം വിവിധ പരിപാടികളോടെ നടന്നു



**– പി പി ചെറിയാൻ**

ഡാലസ്: കേരള അസോസിയേഷൻ ഓഫ് ഡാലസിന്റെ ഈ വർഷത്തെ ഓണാഘോഷം കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ചു ആളുകളുടെ പങ്കാളിത്തം കൊണ്ടും മേന്മയാർന്ന കലാപരിപാടികളെ കൊണ്ടും തികച്ചും വ്യത്യസ്തത പുലർത്തി. ചടുലമായ പൂക്കളം, സ്വാദിഷ്ടമായ ഓണസദ്യ, ആഹ്ലാദകരമായ പ്രകടനങ്ങൾ, മെഗാ തിരുവാതിര എന്നിവയും,പരിപാടിയുടെ എല്ലാ വശങ്ങളും സന്തോഷവും ചിരിയും പങ്കിട്ട സംസ്കാരത്തിന്റെ ഊഷ്മളതയും നിറഞ്ഞതായിരുന്നു. എല്ലാ സന്നദ്ധപ്രവർത്തകരുടെയും പങ്കാളികളുടെയും സമർപ്പണം ഈ ആഘോഷത്തെ എല്ലാവർക്കും മറക്കാനാവാത്ത അനുഭവമാക്കി മാറ്റി.

മുത്തുകുടകളുടെയും ചെണ്ടമേളത്തിറെയും താലപ്പൊലിയുടെയും പുലികളികളുടെയും അകമ്പടിയോടെ മാവേലിത്തമ്പുരാനെ ആനയിച്ച് മുഖ്യാതിഥിയും അസോസിയേഷൻ ഭാരവാഹികളും ആഘോഷത്തിൽ സംബന്ധിച്ച എല്ലാവരും ചേർന്ന് പ്രദക്ഷിണമായി വിശാലമായ മനോഹരമായി അലങ്കരിച്ചിരുന്ന ഓഡിറ്റോറിയത്തിലേക്ക് പ്രവേശിച്ചു. ഇന്ത്യൻ അമേരിക്കൻ ദേശീയ ഗാനാലാപനത്തിനു ശേഷം അസോസിയേഷൻ അംഗങ്ങൾ, വളണ്ടിയർമാർ എന്നിവർ ചേർന്ന് അവതരിപ്പിച്ച മെഗാ തിരുവാതിര ഓഡിറ്റോറിയത്തിൽ നിറഞ്ഞു നിന്ന സദസ്സ് ഹർഷാരവത്തോടെയാണ് സ്വീകരിച്ചത്.

ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമാ ചർച്ച് ഓഡിറ്റോറിയത്തിൽ അസോസിയേഷൻ പ്രസിഡൻറ് പ്രദീപ് നാഗനൂലിൽ അദ്ധ്യക്ഷത വഹിച്ചു. കേരളത്തിൽ നിന്നും എത്തിച്ചേർന്ന സിപിഐ ജനറൽ സെക്രട്ടറി ബിനോയ് വിശ്വം (കേരള) മുഖ്യാതിഥിയായിരിന്നു.

തുടർന്ന് മുഖ്യാതിഥിയും പ്രസിഡൻറ് പ്രദീപ് നാഗനൂലിലും സെക്രട്ടറി മൻജിത് കൈനിക്കരയും കമ്മറ്റി അംഗങ്ങളും കേരളത്തനിമയിൽ ഐശ്വര്യത്തിന്റെയും സമ്പുഷ്ടിയുടെയും പ്രതീകമായി നിറപറയും പൂക്കതിരും സാക്ഷിനിർത്തി ചേർന്ന് നിലവിളക്ക് കൊളുത്തിയതോടെ ഓണ ഘോഷത്തിനു തുടക്കമായി

ഡാളസ് ബോട്ട് ക്ലബ് നെഹ്റു ട്രോഫി വള്ളം കളി മാത്സരം, ഗ്രൂപ്പ് ഡാൻസ്(സംസ്കൃതി അക്കാദമി ഓഫ് പെർഫോമിംഗ് ആർട്സ്), ഗ്രൂപ്പ് ഡാൻസ്റിഥം ഓഫ് ഡാളസ്, സംഘഗാനം ഓണ കിനാവുകൾ ടീം,10. ഗ്രൂപ്പ് ഡാൻസ് നർത്തന ഡാൻസ് ഗാർലൻഡ്, ഗ്രൂപ്പ് ഡാൻസ്നദന ഡാൻസ് അക്കാദമി, തിരുവോണ ചുവട് കൊറിയോഗ്രാഫി ജോബി വർഗീസ് ഗ്രാസിം എം.ആർ.ഇന്ത്യ, ഗ്രൂപ്പ് ഡാൻസ് മല്ലൂസ് ബോയ്സ്, അക്കാദമിക് അവാർഡ് വിതരണം, ഓണസദ്യ, കളിസിബി തലക്കുളം. സോളോബഷീർ തവനൂർ, ഗ്രൂപ്പ് ഡാൻസ്സെമി ക്ലാസിക്കൽ ഡാൻസ്(നർത്തന നൃത്തം), ഗ്രൂപ്പ് ഡാൻസ് ബീറ്റ് ബ്രേക്കറുകൾ.

സെക്രട്ടറി മൻജിത് കൈനിക്കര നന്ദി അറിയിച്ചു.

ആർട്ട് ഡയറക്ടർ സുബി ഫിലിപ്പ്, ജോബി വർഗീസ്, പ്രമീള അജയ്, ദേവേന്ദ്ര അനൂപ് എന്നിവർ പരുപാടികൾ നിയന്ത്രിച്ചു ജെയ്സി ജോർജ്, വിനോദ് ജോർജ്, ബേബി കൊടുവത്തു, ദീപക് നായർ, ദീപുരവീന്ദ്രൻ, സാബു മാത്യു, ഫ്രാൻസിസ് തോട്ടത്തിൽ, ഹരിദാസ് തങ്കപ്പൻ, അനശ്വരൻ മാംമ്പിള്ളി, രാജൻ ഐസക് എന്നിവർ പരിപാടികളുടെ വിജയത്തിനായി പ്രവർത്തിച്ചു. 2000ത്തിലധികം പേർ ഓണസദ്യയിൽ പങ്കെടുത്തു.

# മിഡ് വെസ്റ്റ് മലയാളി അസോസിയേഷൻ ഓണാഘോഷം നടി ആൻ അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു



ചിക്കാഗോ: മിഡ് വെസ്റ്റ് മലയാളി അസോസിയേഷന്റെ ഈ വർഷത്തെ ഓണാഘോഷം നടി ആൻ അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. മോർട്ടൻ ഗ്രാവ് സെന്റ് മേരിസ് ഓഡിറ്റോറിയത്തിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ അസോസിയേഷൻ പ്രസിഡന്റ് റോയി നെടുംചിറ അദ്ധ്യക്ഷത വഹിച്ചു ഫ. സിജു മുടക്കോടിൽ ഓണ സന്ദേശം നല്കി.

വർണ്ണശബളമായ ഘോഷയാത്രയോടു ആഘോഷങ്ങക്ക് തുടക്കം കുറിച്ചു. ചിക്കാഗോയിലുള്ള വിവിധ സംഘടനാ നേതാക്കൾ ആഘോഷങ്ങളിൽ പങ്കെടുത്തു. അത്തപ്പൂക്കളം, ചെണ്ടമേളം, ഓണസദ്യ, മാവേലിയുടെ എഴുന്നള്ളത്ത് എന്നിവ ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. വയനാടിന് ഒരു കൈത്താങ്ങ് പദ്ധതിയുടെ ഉദ്ഘാടനം മിഡ് വെസ്റ്റ് ട്രഷറർ സാബു തറത്തട്ടേലിൽ നിന്നു നടി ആൻ അഗസ്റ്റിൻ, ഫ.സിജു മുടക്കോടിൽ എന്നിവർ ചെക്ക് സ്വീകരച്ചു കൊണ്ട് ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിന് വൈസ് പ്രസിഡന്റ് പോൾ സൻകുളംങ്ങര സ്വാഗതം പറഞ്ഞു.

ശ്രുതി മഹേഷ് പ്രത്ഥനാഗീതം ആലപിച്ചു. സെക്രട്ടറി മഹേഷ് കൃഷ്ണൻ എം.സി. ആയിരുന്നു. മുൻ പ്രസിഡന്റ് സ്റ്റീഫൻ കിഴക്കേക്കുറ്റ്, എൻ.എസ്.എസ്. ഷിക്കാഗോ പ്രസിഡന്റ് അരവിന്ദ് പിള്ള, കെ.സി.എസ്. പ്രസിഡന്റ് ജയിൻ മാക്കിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. ട്രഷറർ സാബു തറത്തട്ടേൽ നന്ദി പറഞ്ഞു. തുടർന്ന് കലാപരിപാടികൾക്ക് തുടക്കം കുറിച്ചു. ടീം മാജിക്ക് സ്മിനി പാട്ടത്തിൽ, ശ്രുതി ആൻഡ് ശ്രേയാ മഹേഷ്, സെറഫിൻ ബിനോയി, ഓംകാരം ഷിക്കാഗോ, മണവാളൻ ഷിക്കാഗോ ടീം എന്നിവരുടെ കലാസദ്യയും നടത്തപ്പെട്ടു.